II അടിയന്തിരപ്രമേയം

പാചക വാതകത്തിന്റേയും മണ്ണെണ്ണയുടേയും വില വർദ്ധനവ്

മി. സ്പീക്കർ : കേന്ദ്ര സർക്കാർ പാചക വാതകത്തിന്റേയും മണ്ണെണ്ണയുടേയും വില കുത്തനെ വർദ്ധിപ്പിച്ചതിനെതുടർന്ന് ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം ചട്ടം 50 പ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ജി. കാർത്തികേയൻ, ശ്രീ. പി. പി. തങ്കച്ചൻ, ശ്രീ. സി. ടി. അഹമ്മദ് അലി, ശ്രീ. ജോണി നെല്ലൂർ, ശ്രീ. സി. എഫ്. തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. (ബഹളം...) ഈ വിഷയം ഉന്നയിക്കുന്നതിന് മറ്റു ചില അംഗങ്ങളും ഇവിടെ നോട്ടീസ് നൽകിയിട്ടുള്ളത് വസ്തുതയാണ്. ശ്രീ. എ. കണാരനാണ് എനിക്ക് ആദ്യമായി നോട്ടീസ് നൽകിയത്. അതിനുശേഷം ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. സി. പി. ബാലൻ വൈദ്യർ, ശ്രീ. പി. രാജു അങ്ങനെ പല അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): ആർക്കെങ്കിലും ഇതിന്റെ ഗുരുതരാവസ്ഥ ബോദ്ധ്യമായില്ലെങ്കിൽ വീണ്ടും ചർച്ച നടത്താം. എല്ലാവർക്കും ബോദ്ധ്യമായി എന്നാണ് ഞാൻ വിശ്വസിക്കുന്നത്. കേരളത്തിന് 32,348 കിലോ ലിറ്റർ മണ്ണെണ്ണയാണുള്ളത്. അത് പോരായെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നതാണ്. ഇന്നലത്തെ പ്രഖ്യാപനമനുസരിച്ച് 2 രൂപ 90 പൈസ ഉണ്ടായിരുന്നത് 5 രൂപ 80 പൈസയാക്കി. ആ 5 രൂപ 80 പൈസ ഡിസ്റ്റൻസ് കണക്കാക്കുമ്പോൾ ആറ് രൂപയാകും. ഈ മണ്ണെണ്ണയിൽ ആറായിരം കിലോ ലിറ്റർ ഫിഷറീസിന് കൊടുക്കുന്നുണ്ട്. ബാക്കി ഭൂരിപക്ഷവും മണ്ണെണ്ണ വിളക്ക് കത്തിക്കുന്നതിനാണ്. ആ മണ്ണെണ്ണ വിളക്ക് കത്തിക്കുന്ന ആരും സമ്പന്നൻമാർ ആണെന്ന് കരുതുന്നില്ല. ഇലക്ട്രിക് ലൈൻ ഉണ്ടെങ്കിൽ പോലും അതിൽ നിന്നും കറണ്ട് പിടിച്ച് ലൈറ്റ് കത്തിക്കാതെ മണ്ണെണ്ണ വിളക്ക് കത്തിക്കുന്നു. അവർക്കു വേണ്ടിയാണ് 32348 കിലോ ലിറ്റർ കൂടുതൽ കൊടുക്കുന്നത്. ഭാരതമൊട്ടുക്ക് എടുത്താൽ മഹാഭൂരിപക്ഷവും അവർക്കാണ് കൊടുക്കുന്നത്. അത് ഇരട്ടി വിലയാക്കിയിരിക്കുകയാണ്. അതുപോലെ ഗ്യാസിന്റെ വില 51 രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്. 169.70 രൂപയായിരുന്നത് 220 രൂപയാക്കി. അത് ടാക്സും എല്ലാംകൂടി 230 രൂപയാകും. ശ്രീമതി മേനകാഗാന്ധി തന്നെ ഇതിന്റെ ഭവിഷത്തുകളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഗ്യാസിന് ഇങ്ങനെ വിലകൂട്ടുകയാണെങ്കിൽ മരങ്ങളൊന്നും കാണുകയില്ലെന്ന്. ശരിയായിരിക്കാം. ഇന്ന് ഭാരതത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യം അടിയറ വച്ചിട്ട് വല്ലവരും പറയുന്നതു കേട്ട് സബ്സിഡികളെല്ലാം എടുത്ത് കളഞ്ഞ് സകലതിനും വില കൂട്ടുകയെന്നുള്ളത് പുതിയ സംസ്ക്കാരമായി വന്നുകൊണ്ടിരിക്കുകയാണ്. ഞാൻ ഇത് പറയുന്നതിനു കാരണം, ഒരാഴ്ച മുമ്പ് ഫിനാൻഷ്യൽ എക്സ്പ്രസിൽ ഉണ്ടായിരുന്നു, 'ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് പറയുന്നതെല്ലാം കേട്ട് വിവരക്കേട് നടപ്പിലാക്കരുതെന്ന്.' അതുകൊണ്ട് ഇത് പ്രതിഷേധാർഹമാണ്. ഘടക കക്ഷികളുടെ ശക്തമായ പ്രതിക്ഷേധമുണ്ടായിട്ടും ബി.ജെ.പി. അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

അജണ്ടയുമായി മുന്നോട്ടു നീങ്ങുകയാണ്. അതുകൊണ്ട് ഇത് ശക്തിയായി പ്രതിഷേധിക്കേണ്ടതാണ്. ഇത് തുടക്കമാണെന്നാണ് ഞാൻ വിചാരിക്കുന്നത്. ഡീസലിന്റെ വില നാല് മാസം കഴിഞ്ഞിട്ട് കൂട്ടുമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ ഉദ്ദേശം ഗവൺമെന്റ് സബ്സിഡൈസ് ചെയ്യുകയെന്നുള്ളത് മുഴുവനായി അവസാനിപ്പിച്ചിട്ട് എല്ലാം കമ്പോളത്തിൽ തീരുമാനിക്കപ്പെടട്ടെ എന്നുള്ള നയം നടപ്പിലാക്കുകയാണ്. അതുകൊണ്ട് നമ്മൾ ഏകകണ്ഠമായി നിൽക്കുന്നത് വെറും മണ്ണെണ്ണ വില കൂട്ടിയതിനല്ല. ഇനി ഡീസലിന്റെ വില കൂട്ടാൻ പോകുന്നു. കേന്ദ്ര മന്ത്രിയുടെ പ്രസ്താവന നിങ്ങൾ വായിച്ചു കാണും. ഡീസലിൽ മായം ചേർക്കാൻ ഇടയുള്ളതുകൊണ്ട് മണ്ണെണ്ണ വില ഡീസൽ വിലയ്ക്ക് തുല്യമാക്കണമെന്നും ഡീസൽ വിലയ്ക്കും കമ്പോള വിലയേക്കാൾ കൂടുതലായതുകൊണ്ട്..... (ബഹളം)..... സർ, ടി.എം. ജേക്കബിന് റൂൾസ് ഓഫ് പ്രൊസീഡുവറിനെക്കുറിച്ച് ഒരു വാദപ്രതിവാദമായി ഇതിനെ മാറ്റണമെന്നുണ്ട്. ഇവിടെ റൂൾസ് ഓഫ് പ്രൊസീഡുവറിന്റെ ചർച്ചയല്ല ആവശ്യം. നിങ്ങൾക്ക് പ്രതിഷേധമുണ്ടെങ്കിൽ ഏതു മാർഗ്ഗവും ഉപയോഗിച്ച് ശക്തിയായി പ്രതിഷേധം പ്രകടിപ്പിക്കാം. ചർച്ചയിൽ ആരൊക്കെ പ്രസംഗിക്കണമെന്നുള്ളതിൽ എനിക്ക് വിരോധമില്ല. നടപടി ക്രമമനുസരിച്ചാണെങ്കിൽ പന്ത്രണ്ടരമണിക്ക് ഇത് വേണമോ വേണ്ടയോ എന്നുള്ള ചർച്ച, രണ്ടര മണിയാകുമ്പോൾ അതിന് വോട്ടു ചെയ്യണം. അതിനുശേഷമാണ് ചർച്ച വരുന്നത്. അത്രയും നീട്ടിക്കൊണ്ടു പോകണോ ?

മി. സ്പീക്കർ : ചർച്ച എന്നു പറഞ്ഞാൽ അത് വേറെയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഞാൻ ഇത് ഒരു ഗൗരവമുള്ള വിഷമായിട്ടാണ് കാണുന്നത്. കേരളത്തിലെ ഏറ്റവും പാവം പിടിച്ചവന്റെ മണ്ണെണ്ണയുടെ തോത് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് നമ്മൾ തീരുമാനമെടുക്കുമ്പോൾ ഏതു മാർഗ്ഗമുപയോഗിച്ചാലും വേണ്ടില്ല സാങ്കേതികത്വം ഉപയോഗിച്ച് മൂന്നു ദിവസം മാറ്റിവച്ച് ചർച്ച ചെയ്യുന്നതിനേക്കാൾ നല്ലത് ഇന്നു തന്നെ ഏതെങ്കിലും രീതിയിൽ ഒരു തീരുമാനമെടുക്കുന്നതാണ്. ഏതായാലും ഇത് ഒരു ചെറിയ കാര്യമായി കാണരുത്. കേരളത്തിലെ റേഷൻ സമ്പ്രദായത്തിന്, മണ്ണെണ്ണ വിതരണത്തിന്, ഡീസലിന്റെ കാര്യത്തിന് സകലതിനും ആഗോള വിലയുമായി ബന്ധപ്പെടുത്താനുള്ള നടപടിക്രമങ്ങളുടെ അതിവേഗത്തിലുള്ള പരിശ്രമമാണ്. ഇത് ചർച്ച ചെയ്യേണ്ടതാണ്. അതുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം എങ്ങനെയായാലും സംസ്ഥാന ഗവൺമെന്റിന് ഇതിനോട് ശക്തിയായ പ്രതിഷേധമുണ്ട്. ഈ സാമ്പത്തിക സ്വാതന്ത്ര്യം ഇൻഡ്യൻ സ്വാതന്ത്ര്യത്തെ അടിസ്ഥാനപ്പെടുത്തുകയാണെങ്കിൽ, സ്വാതന്ത്ര്യത്തിന്റെ അർത്ഥം സാമ്പത്തിക സ്വാതന്ത്ര്യമാണെങ്കിൽ അത് ഇല്ലാതാക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ചട്ട പ്രകാരം അടിയന്തിര സ്വഭാവമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനാണ് റൂൾ 50 അനുസരിച്ച് അങ്ങേയ്ക്ക് നോട്ടീസ് തന്നത്. അതുകൊണ്ട് മന്ത്രി പറഞ്ഞ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. അതിന്റെയടിസ്ഥാനത്തിൽ അടിയന്തിര സ്വഭാവമുള്ള, ഈ

LIBRARY ARCHIVES Kerala Legislative Assembly

നാടിനെ തകർക്കുന്ന വിഷയത്തെക്കുറിച്ചു ചർച്ച ചെയ്യേണ്ടതാണ്. വളരെ വിവാദപൂർണ്ണമായ. ലോകത്തിൽ ഏറ്റവും ശക്തനായ പ്രസിഡന്റ് ക്ലിന്റന്റെ സന്ദർശനത്തിനിടയിൽ രണ്ട് ദുരന്തങ്ങൾ ഇവിടെ നടന്നു. ഒന്ന് ഈ സഭ മുഴുവനും ഇന്നലെ ഒരുമിച്ച് ദു:ഖം രേഖപ്പെടുത്തിയ 35 സിക്ക് സ്നേഹിതരുടെ അറും കൊല. മതഭ്രാന്തന്മാർ ആ സിക്ക് സ്നേഹിതരെ കൊന്നൊടുക്കി. രണ്ടാമത്തെ ദുരന്തം സാധാരണയിൽ നിന്നും വ്യത്യസ്തമായത്. അടിയന്തിര നോട്ടീസിന് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണ് ഞാൻ എന്റെ സംസാരം ആരംഭിക്കുന്നത്. അതിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ട്. അഭിപ്രായ വ്യത്യാസങ്ങൾ ഉള്ളതുകൊണ്ടാണോ നെൽസൺ മണ്ഡേലയെ വിട്ടയച്ചത് ? നിങ്ങൾ ചർച്ച ചെയ്തു തീരുമാനം എടുത്തു. അഭിപ്രായ വ്യത്യാസം ഉള്ളതുകൊണ്ടാണോ റേഷൻ സബ്സിഡിയുമായ് ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്തത്? അഭിപ്രായ വ്യത്യാസം ഉള്ളതുകൊണ്ടാണോ 35 പേരെ കൊന്നൊടുക്കിയ സംഭവത്തെക്കുറിച്ച് ശ്രീ. പി. രാഘവൻ സബ്മിഷൻ ഉന്നയിച്ചതിനെ നമ്മൾ അംഗീകരിച്ചത്. അടിയന്തിര സ്വഭാവമുള്ളതും നമുക്കെല്ലാം യോജിപ്പുള്ളതുമായ ചില കാര്യങ്ങൾ സഭാതലത്തിൽ ചർച്ച ചെയ്യേണ്ടി വരും. ഈ സഭയുടെ, ഈ സംസ്ഥാനത്തിലെ മൂന്നു കോടി ജനങ്ങളുടെ വികാര വിചാരങ്ങളും നമ്മുടെ ശക്തമായ പ്രതിഷേധവും രാജ്യത്തെ തകർത്തുകൊണ്ടിരിക്കുന്ന ബി.ജെ.പി. സർക്കാരിനെ അറിയിക്കുന്നതിനു വേണ്ടി ഈ സഭ കൂടുമ്പോൾ ഈ സഭയുടെ വികാരം നമ്മൾ ബോദ്ധ്യപ്പെടുത്തണം. അതിനുവേണ്ടിയാണ് ഈ ചർച്ച. ഇത് കേരളീയ സമൂഹത്തെ എങ്ങനെ ബാധിക്കുമെന്നുള്ളതാണ്. ഇപ്പോൾ തന്നെ പാചകവാതകത്തിന്റെ വില 169 രൂപാ 60 പൈസയാണ്. 51 രൂപ കൂട്ടുകയാണ്. കേരളത്തിലാണ് ഏറ്റവുമധികം കൂടുന്നത്. മണ്ണെണ്ണയുടെ കാര്യം നേരെ ഇരട്ടിയാകുന്നു. ഇവിടെ പറയുകയുണ്ടായി. 1996-ൽ മറ്റൊരു ഗവൺമെന്റുള്ളപ്പോൾ 33 രൂപാ വർദ്ധിപ്പിച്ചിരുന്നു. മന്ത്രി ഒരു കാര്യം പറഞ്ഞു. ഓയിൽ പൂൾ അക്കൗണ്ടിലെ കമ്മി കുറയ്ക്കാൻ എന്ന്. ഓയിൽപൂൾ അക്കൗണ്ടിലെ കമ്മി കുറയ്ക്കാൻ നമ്മുടെ നാട്ടിലെ സാധാരണക്കാരനെ ഫൈൻ ചെയ്യുക എന്നുള്ളതാണോ ? ഈ രാജ്യത്ത് എന്തെങ്കിലും തീരുമാനം എടുത്താൽ അത് കൂടുതൽ ബാധിക്കുന്നത് കേരളത്തെയാണ്. ഒന്നാമത്തെ കാര്യം നമ്മൾ ഉപഭോക്തൃ സംസ്ഥാനമാണ്. രണ്ടാമത് ഫ്ളാഗ് എന്റിൽ കിടക്കുന്ന ഒരു സംസ്ഥാനമാണ്. സംഭരണ ശാലയിൽ നിന്നും റേഷനാകട്ടെ, അല്ലെങ്കിൽ പാചക വാതകമാകട്ടെ കൊടുത്താൽ നികുതികളും മറ്റ് സംവിധാനങ്ങളും മാത്രമല്ല യാത്രക്കൂലിയുടെ നിരക്കുംകൂടി കൂട്ടിയിട്ടാണ് നാം റീട്ടെയിൽ പ്രൈസ് ഫിക്സ് ചെയ്യുന്നത്. അങ്ങനെ വരുമ്പോൾ ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് കേരളത്തിലാണ്. വേറൊരു കാര്യം കൂടിയുണ്ട്. ഇവിടെ ഒരു ബഡ്ജറ്റ് അവതരിപ്പിച്ചിട്ട് എത്ര നാളായി, ഒരു ബഡ്ജറ്റ് അവതരിപ്പിച്ചിട്ട് നമ്മുടെ നാട്ടിലെ ജനങ്ങളുടെ മേൽ വലിയ സാമ്പത്തിക ഭാരം ഈ ഗവൺമെന്റ് അടിച്ചേൽപിച്ചിട്ട് ദിവസങ്ങൾ മാത്രമേ ആയുള്ളൂ. ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം ആഴ്ചകൾക്കുള്ളിൽ തന്നെയുള്ള തീരുമാനം പുറംവാതിലിലൂടെയാണ്. വേറെ ഒരു ഭാഷയിൽ പറഞ്ഞാൽ ഇത് ആണുങ്ങൾക്ക് ചേർന്ന ഒരു തീരുമാനമല്ല. ഇത്

LIBRARY ARCHIVES Kerala Legislative Assembly

പുറം വാതിലിലൂടെയുള്ള അടിച്ചേൽപ്പിക്കലാണ്. ബി.ജെ.പി. ഗവൺമെന്റ് റേഷൻ കാര്യത്തിലും ഇതുതന്നെയാണ് ചെയ്തത്. ഈ സംസ്ഥാനത്തുനിന്ന് ഏത് പാർട്ടിയിൽപ്പെട്ട മന്ത്രിയാണെങ്കിലും കേന്ദ്രത്തിൽ ഒരു മന്ത്രിയാണുള്ളത്. ഒരു മന്ത്രിയുള്ളത് ആ നാടിന് അഭിമാനകരമാകണം, ഗുണകരമാകണം, ഏത് പാർട്ടിയാണെങ്കിലും. ഇവിടെ ശ്രീ. രാജഗോപാൽ എന്നുപറയുന്ന മന്ത്രി ഈ സംസ്ഥാനത്തുനിന്ന് ഒരു ബാദ്ധ്യതയാണെന്ന് ഞാൻ പറയുന്നില്ല, അത് ഒരു ശരിയായ പദപ്രയോഗമായിരിക്കില്ല. പക്ഷെ ഇന്നലെയും അദ്ദേഹം കോഴിക്കോട്ടോ, തൃശ്ശൂരോ ഒക്കെ പൊട്ടിത്തെറിച്ചിരിക്കുന്നു. ഈ സംസ്ഥാനത്ത് ബി.ജെ.പി.ക്കാരെ ആരും ജയിപ്പിക്കാത്തതിന്റെ ഒരു പക, ഇങ്ങനെ ഒരു സംസ്ഥാനത്തിലെ ജനങ്ങളോട് ശത്രുതാ മനോഭാവത്തിൽ സംസാരിക്കുന്ന ഒരു മന്ത്രിയെ ഞാൻ കണ്ടിട്ടില്ല. ജനങ്ങൾക്കെതിരെ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്ന ഒരു ഗവൺമെന്റ് അവരുടെ സന്ദേശവുമായി ഡൽഹിയിൽ പണിയില്ലാത്തതുകൊണ്ട് ഒരു മാസത്തിൽ 28 ദിവസം കേരളത്തിലുള്ള ഒരു കേന്ദ്രമന്ത്രി ഇവിടെ കേരളത്തിനെ എന്തിനാണ് ബുദ്ധിമുട്ടിക്കുന്നത് ? ഇത് ശരിയല്ല. വേറൊരു കാര്യം, 2002-ൽ പെട്രോളിയം ഉൽപന്നങ്ങൾക്കു കൊടുക്കുന്ന എല്ലാ സബ്സിഡികളും പൂർണ്ണമായി നിരോധിക്കണം എന്ന ഒരു തീരുമാനം യു.എഫ്. ഗവൺമെന്റ് മുമ്പ് എടുത്തിരുന്നു. കോമൺ മിനിമം പ്രോഗ്രാം അനുസരിച്ചുള്ള യു.എഫ്. ഗവൺമെന്റിന്റെ സ്റ്റിയിറിംഗ് കമ്മിറ്റിയിൽ സി.പി.ഐ.(എം.) ഉം. സി.പി.ഐ. യും ഉണ്ടായിരുന്നു എന്നുള്ളത് ഞാൻ ഇപ്പോൾ ഓർമ്മിപ്പിക്കുന്നു എന്നുമാത്രം. ഇന്നലെ ഇത്തരം തീരുമാനം പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്രമന്ത്രി പറഞ്ഞത് പ്രധാനമായിട്ടും അന്നത്തെ ഗവൺമെന്റ് എടുത്ത തീരുമാനം നടപ്പിൽ വരുത്തുന്നതിനു വേണ്ടിയുള്ള ഘട്ടം ഘട്ടമായിട്ടുള്ള ഒരു നടപടി എന്നാണ്. ഞാൻ ഒന്നു പറഞ്ഞു എന്നുമാത്രമേയുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം പറഞ്ഞു. ഇവിടെ ഇപ്പോൾ മരങ്ങൾ ഉണ്ടോ, മരങ്ങൾ ഇല്ല. മണ്ണെണ്ണ വിളക്കിന്റെ കാര്യമിവിടെ പറഞ്ഞു, മണ്ണെണ്ണ ഉപയോഗിക്കുന്ന കാര്യം പറഞ്ഞു. ഇവിടെ പാചകവാതകത്തിന്റെ കാര്യം പറയുമ്പോൾ വിറകില്ല, അങ്ങ് വരുന്ന നാട്ടിൻപുറമായ വനപ്രദേശത്തുപോലും വനങ്ങൾ ഇല്ല. വിറകില്ല, ഉള്ള വിറകിന് തീ വില. എന്നുമാത്രമല്ല, കേരളത്തിലെ പുതിയ ജീവിത സമ്പ്രദായമനുസരിച്ച് വിറക് ഉപയോഗിച്ച് തീ കത്തിക്കാനുള്ള അടുപ്പുകളുള്ള വീടുകളുടെ എണ്ണവും കുറഞ്ഞുവരുന്നു. നാട്ടിൻ പുറങ്ങളിൽ പോലും ഫ്ളാറ്റ് സമ്പ്രദായം. പ്രത്യേകമായ അടുക്കളയും വിറകിടാനുള്ള സ്ഥലവുമുള്ള വീടുവയ്ക്കുന്ന രീതി മാറിയിരിക്കുന്നു. ചെറിയ, ചെറിയ വീടുകൾ, വിറക് ഉപയോഗിക്കാൻ സാദ്ധ്യമല്ല. പിന്നെ മണ്ണെണ്ണ വിളക്ക്, മണ്ണെണ്ണ വിളക്കിന്റെ പ്രകാശത്തിലാണ് കേരളം പോലെയുള്ള സംസ്ഥാനങ്ങളിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അർദ്ധരാത്രികളിൽ ഉണർന്നതും, വളർന്നതും, ജനങ്ങളെ ബോധവൽക്കരിച്ചതുമൊക്കെ. ഇവിടെ പറഞ്ഞു ഇലക്ട്രിസിറ്റി ഉള്ള സ്ഥലങ്ങളിൽ പോലും കാശ് കൂടുതലായി വരുന്നതുകൊണ്ട് ചില ആളുകൾ മണ്ണെണ്ണ ഉപയോഗിക്കുന്നു എന്ന് ഞാൻ സമ്മതിക്കുന്നു. ഇങ്ങനെ വരുമ്പോൾ മണ്ണെണ്ണ മാത്രമല്ല, ഈ പാചകവാതകത്തിന്റെ വിലവർദ്ധനവ് ഉണ്ട്. കേരളത്തിൽ പാചകവാതകം ഉപയോഗിക്കുന്നത് സമ്പന്നരാണോ ? അല്ല, ഒന്നാമത് വിറക്

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കാനുള്ള സംവിധാനം ഇല്ലാത്തതുകൊണ്ടും കേരളത്തിൽ പാചകവാതകത്തിന് വിറകിനേക്കാളും ലാഭമായതുകൊണ്ടുമാണ്. വിറകിന് തീ വിലയാണ്, പത്ത്, പതിനഞ്ച് രൂപയുടെ വിറക് എന്നുപറയുന്നത് കൈയിൽ കൊണ്ടുനടക്കാം. അങ്ങനെ ഒരു സാഹചര്യത്തിലാണ് മണ്ണെണ്ണയുടെയും പാചകവാതകത്തിന്റെയും ഡീസലിന്റെയും വിലവർദ്ധനവ്. ഇത് കേരളത്തിൽ ഇടത്തരക്കാരെ മാത്രമല്ല സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തെ മുഴുവൻ തകർത്തിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ നമുക്ക് എന്നു ചെയ്യാൻ കഴിയും ? നമുക്ക് എന്തുചെയ്യാൻ പറ്റുമെന്നുള്ള കാര്യമുണ്ട്. ഇത് ബി.ജെ.പി. ഗവൺമെന്റ് എടുത്ത തീരുമാനമാണ്. ബി.ജെ.പി. ഗവൺമെന്റിന്റെ മുമ്പിൽ ജനങ്ങളില്ല. അവരുടെ മുമ്പിലുള്ളത് അവരുടെ താൽപര്യം സംരക്ഷിക്കുന്ന ചില ആളുകൾ ആണ്. സമ്പന്ന വർഗ്ഗത്തിന്റെ മാത്രം, സമ്പന്നവർഗ്ഗത്തിന്റെ താൽപര്യം മാത്രം സംരക്ഷിച്ചാൽ മതി എന്നുള്ള ഒരു ഗവൺമെന്റിന്റെ സമീപനമാണ്. ഇല്ലെങ്കിൽ ഇത്തരം ജനവിരുദ്ധമായ തീരുമാനം എടുക്കുമോ ? അങ്ങനെ ഓരോ ദിവസംതോറും ഓരോ തീരുമാനത്തിൽ കൂടി നമ്മുടെ രാജ്യത്തെ സാധാരണക്കാരന്റെ ദൈനംദിന ജീവിതത്തിനുമേൽ പുതിയ സമ്മർദ്ദങ്ങളും പുതിയ ഭീഷണികളും പുതിയ ദുരന്തങ്ങളും അടിച്ചേൽപിക്കുന്ന ഗവൺമെന്റിന്റെ ജനവിരുദ്ധ തീരുമാനം വരുമ്പോൾ കേരളാ ഗവൺമെന്റിന് എന്തുചെയ്യാൻ കഴിയും എന്ന് നമ്മൾ ആലോചിക്കണ്ടേ ? ഉണ്ടല്ലോ, ഈ ഗവൺമെന്റ് ഏർപ്പെടുത്തിയ നികുതികൾ, അത് ഒഴിവാക്കണം. നിർദ്ദേശം അതാണ്. ചില നികുതികൾ ഉണ്ടല്ലോ നമ്മുടേത്, അത് ഒഴിവാക്കണം. ഇതോടുകൂടി ഏകദേശം 33 രൂപയുടെ സബ്സിഡിയാണ് പാചകവാതകത്തിന് ഇപ്പോൾ കുറയുന്നത്. കേന്ദ്ര ഗവൺമെന്റ് കുറയ്ക്കുന്നത്. അത് മുഴുവനും സംസ്ഥാന ഗവൺമെന്റ് കൊടുക്കണം എന്നൊന്നും പറയുന്നില്ല. പക്ഷെ നമ്മുടെ സംസ്ഥാനവുമായി ബന്ധപ്പെട്ട് ചില നികൃതികളുണ്ട്. നമ്മൾ കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ തീരുമാനത്തിനെതിരെ ശക്തമായ വികാര വിചാരങ്ങൾ പ്രകടിപ്പിക്കുമ്പോൾ ഈ സംസ്ഥാന ഗവൺമെന്റ് എന്തുചെയ്തു എന്ന് നമ്മുടെ നാട്ടിലെ ആളുകൾ തിരക്കുകയില്ലേ? നടപ്പു സാമ്പത്തിക ബാദ്ധ്യതകൾ ഈ സംസ്ഥാന ഗവൺമെന്റിനുണ്ട്. ഈ സംസ്ഥാനം പുകയുന്ന ഒരു അഗ്നിപർവ്വതത്തിന്റെ മുകളിലാണെന്നും എനിക്കറിയാം. ധനകാര്യ മന്ത്രി എന്തു പറഞ്ഞാലും സാമ്പത്തികമായി സംസ്ഥാനം തകർന്നിരിക്കുന്നു. ബുദ്ധിമുട്ടാണെങ്കിലും നികുതികൾ ഒഴിവാക്കാൻ ആലോചിച്ചുകൂടേ ? ശക്തമായ പ്രതിഷേധം എന്നുപറഞ്ഞല്ലോ, എങ്ങനെയാണ് പ്രതിഷേധം രേഖപ്പെടുത്തേണ്ടത് ? നമ്മൾ സ്ഥിരമായി നിവേദനം നൽകണമെന്നൊന്നും ഞാൻ പറയുന്നില്ല. റേഷൻ സബ്സിഡിയുമായി ബന്ധപ്പെട്ട കാര്യത്തിനുപോലും ഒരു കൂട്ടായ്മ ഇല്ല. കൂട്ടായ്മ എന്നുള്ള വാക്ക് തന്നെ സ്ഥിരമായി കമ്മ്യൂണിസ്റ്റുകാർ ഉപയോഗിക്കുന്ന വാക്കാണ്. ആ ഒരു കൂട്ടായ്മ ബോദ്ധ്യപ്പെടുത്തുവാൻ റേഷൻ സബ്സിഡിയുടെ കാര്യത്തിൽ നിങ്ങൾ തയ്യാറായില്ല. അതുകൊണ്ട് വീണ്ടും, വീണ്ടും ഇതുമായി ബന്ധപ്പെട്ട് ഒരു കൂട്ടായ നിവേദനം വേണമെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ കത്തയയ്ക്കുക, ഫാക്സ് സന്ദേശം വഴി വിവരം അറിയിക്കുക, പത്ര പ്രസ്ഥാനങ്ങളിലൂടെയും അല്ലെങ്കിൽ കത്തുകളിലൂടെയും കേന്ദ്ര മന്ത്രിസഭയെ

LIBRARY ARCHIVES Kerala Legislative Assembly

അറിയിക്കുക എന്നതിനെക്കാൾ കൂടുതലായി ഈ സംസ്ഥാനത്തിലെ ഗവൺമെന്റ് ജനങ്ങളുടെ പൂർണ്ണമായ, അതിശക്തമായ ദു:ഖവും പ്രതിഷേധവും രേഖപ്പെടുത്തുന്നതിനു വേണ്ടിയുള്ള ശക്തമായ മാർഗ്ഗങ്ങൾ സ്വീകരിക്കണം. ആ മാർഗ്ഗങ്ങൾ സ്വീകരിക്കണമെങ്കിൽ, എത്രത്തോളം ഗുരുതരമായി ഈ സംസ്ഥാനവും ഇവിടത്തെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഈ പ്രശ്നത്തെ കാണുന്നു എന്ന് കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തണമെങ്കിൽ, സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണം. അപ്പോഴേ ഗൗരവം വരികയുള്ളൂ. അടിയന്തിര പ്രമേയത്തിന്റെ ചർച്ചയിലൂന്നി സഭ നിർത്തിവച്ച് ചർച്ചചെയ്യുന്ന കീഴ്വഴക്കം ഇല്ലെങ്കിൽ വേണ്ട. പക്ഷെ ഇത്തരം ഒരു കാര്യത്തിൽ ആ കീഴ്വഴക്കം ലംഘിക്കുമ്പോൾ കേരളത്തിലെ ഭരണകക്ഷിയും പ്രതിപക്ഷവും കേരളത്തിലെ മൂന്നു കോടിയിലധികമുള്ള ജനങ്ങളും ഈ പ്രശ്നത്തിൽ കാണുന്ന അതിന്റെ തീവ്രമായ വികാരങ്ങളെ മനസ്സിലാക്കണം. അതുകൊണ്ട് സഭ നിർത്തിവച്ച് ഗുരുതരമായ ഈ വിഷം ചർച്ചചെയ്യണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻനായർ) : സർ, അദ്ദേഹം ഇപ്പോഴത്തെ നമ്മുടെ സഭയുടെ കറണ്ടായ വികാരം പ്രകടിപ്പിക്കുന്നതിന്റെ കൂട്ടത്തിൽ ചില കുത്തും കൊളുത്തും ഒക്കെ കൊടുത്തുനോക്കി. ഒരു കാര്യം ശ്രീ. കാർത്തികേയൻ മനസ്സിലാക്കണം ഈ പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമാണ് ഇതെല്ലാം. ആ പുത്തൻ സാമ്പത്തിക നയത്തിന്റെ ഉപജ്ഞാതാക്കൾ നിങ്ങളാണ്, അത് വിസ്മരിക്കരുത്. (ബഹളം) ശ്രീ. ഉമ്മൻ ചാണ്ടിക്കറിയില്ലെങ്കിൽ പറഞ്ഞുതരാം. ബഹളമുണ്ടാക്കിയതുകൊണ്ട് കാര്യമില്ല. ഇന്ന് അത് തെറ്റാണെന്ന് തോന്നുന്നുണ്ടെങ്കിൽ സ്വാഗതാർഹം, ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷെ ഈ കമ്പോളവൽക്കരണം, ആഗോളവൽക്കരണം, ഉദാരവൽക്കരണം ഈ മൂന്നു വൽക്കരണങ്ങളും കൊണ്ടുവന്നത് അങ്ങയുടെ പാർട്ടിയാണ്. ഇപ്പോൾ ആ നയം മാറ്റുന്നുണ്ടെങ്കിൽ, അടുത്ത കാലത്ത് ഞാൻ കേട്ടു Left of സെന്റർ ആകാൻ പോകുന്നു എന്ന്. സ്വാഗതം ചെയ്യുന്നു. എന്നാൽ ഇത് കൊണ്ടുവന്നതിന്റെ പാപഭാരം ഞങ്ങളുടെ ആരുടെയും തലയിൽ വച്ചുകെട്ടരുത്. എന്നും, ഏതുകാലത്തും സത്യങ്ങൾ സത്യങ്ങളായി അവശേഷിക്കുന്നു. ഏതുകാലത്തും ഈ ഉദാരവൽക്കരണത്തെ, ഡബ്ല്യൂ. ടി. ഒ., ആഗോളവൽക്കരണത്തെ, സ്വകാര്യവൽക്കരണത്തെ, ഈ വൽക്കരണങ്ങളെ മുഴുവൻ ശക്തിയായി എതിർത്തവരാണ് ഇടതുപക്ഷ പാർട്ടികൾ. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുപോലും റേഷൻ സമ്പ്രദായത്തിന്റെ കാര്യത്തിൽ മറ്റുപാർട്ടികൾ കോൺഗ്രസിന്റെ നയംതന്നെ കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ ഞങ്ങൾ ശക്തിയായി എതിർത്തതുകൊണ്ടാണ് ആ ഗവൺമെന്റിനും ഈ റേഷൻ സമ്പ്രദായത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കായി ഇത് ചുരുക്കുകയല്ലാതെ സബ്സിഡി അവസാനിപ്പിക്കാൻ സാധിക്കാത്തത്. അന്നും ഇന്നും ഞങ്ങൾ വിശ്വസിക്കുന്നത് ഈ സബ്സിഡികൾ തുടരണമെന്നാണ്. ഇന്ത്യയിലെ കോടാനുകോടി സാധാരണ ജനങ്ങൾക്ക് പ്രയോജനമുള്ള ഈ കാര്യത്തിൽ, നിങ്ങളും അതിനോട് യോജിക്കുന്നുണ്ട് എങ്കിൽ തർക്കമില്ല, ഇനിയും വർദ്ധനവ് വരും. ഇത് ഒരു പ്രാവശ്യംകൊണ്ട് തിരാൻ പോകുന്നില്ല. ബി.ജെ.പി. ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഫസ്റ്റ് സ്റ്റെപ്പാണിത്, ഇത് ക്രമേണ കമ്പോളവിലയിലേക്ക് കൊണ്ടുവരും, ഡീസലിന്റെ വിലയും കൊണ്ടുവരും. എന്നിട്ട് അദ്ദേഹം പറഞ്ഞത് എന്താണെന്നു വച്ചാൽ ഡീസലിന്റേത് കൂട്ടുമ്പോൾ അതിനൊപ്പിച്ച് മണ്ണെണ്ണയുടേതും കൂട്ടണം എന്നാണ്.

സർ, അദ്ദേഹം പറഞ്ഞ ഒരു കാര്യം ഇവിടെയുണ്ട്. ഈ വിലകൂട്ടുന്നത് ഇന്റർനാഷണൽ പ്രൈസ് ഇൻക്രീസ് മാത്രമല്ല ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ടാക്സ് ഉണ്ട്. ആ ടാക്സ് കുറയ്ക്കാമെങ്കിൽ വില കൂട്ടുന്നത് ഒഴിവാക്കാം എന്ന് പെട്രോളിയം മിനിസ്റ്റർ തന്നെ പറഞ്ഞതാണ്. ആ ടാക്സ് ഒഴുവാക്കുന്നില്ല. ആ ടാക്സ് കൊടുക്കുന്നതുകൊണ്ടാണ് ഈ പ്രൈസ് ഇൻക്രീസ് ഇത്രയും വരുന്നത്. ധനകാര്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻചാണ്ടി പറയുന്നതെന്താണെന്നുവച്ചാൽ നല്ല ഐഡിയൽ സ്റ്റേറ്റ് ഓഫ് അഫയേഴ്സാണ്, ഈ രാജ്യത്തെ ടാക്സുകൾ മുഴുവൻ ഒഴിവാക്കുക, ഈ എല്ലാ ടാക്സുകളും ഇളവു ചെയ്തേക്കാം എങ്കിൽ ടാക്സില്ലാത്ത വളരെ ഐഡിയൽ ആയ ഒരു സ്റ്റേറ്റ് ഉണ്ടാക്കാൻ സാധിക്കും. ഇവിടെ എന്താണെന്നുവച്ചാൽ കേന്ദ്ര ഗവൺമെന്റിന്റെ നയത്തിൽ കുഴപ്പമില്ല. ഇവിടെ ടാക്സ് ഇളവുചെയ്യാത്തതാണ് കുഴപ്പം. പ്രതിപക്ഷമാകുമ്പോൾ എന്തെങ്കിലും പറയണമല്ലോ അതുകൊണ്ടാണ് ഈ കാര്യത്തിൽപോലും നിങ്ങൾ ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തിയാൽ, ഇന്നലെ രാത്രിയിൽ കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കിയ വില വർദ്ധനവിനെ കുറ്റപ്പെടുത്താൻ ഇങ്ങോട്ടേയ്ക്ക് ചായരുത്. എന്നേ ഞാൻ പറയുന്നുള്ളൂ. ഏതായാലും ഏകകണ്ഠമായി ഒരു പ്രതിഷേധം പ്രകടിപ്പിക്കുന്നതിനോട് ഞങ്ങൾക്ക് യോജിപ്പാണ്. അതിന്റെ മാർഗ്ഗമെന്താണ് ? ഇതിന്റെ ചർച്ചയുടെ പ്രൊസീഡ്യൂയർ സ്പീക്കർക്ക് അറിയാം. നിങ്ങൾക്കും അറിയാമല്ലോ, ഇതിന്റെ ചർച്ചയുടെ സ്വഭാവം എങ്ങനെയാണ്, പന്ത്രണ്ടര മണി, എഴുതിവച്ചിരിക്കുന്നതാണ്. ഇത് വേണമോ വേണ്ടയോ എന്ന് ചർച്ച ചെയ്യാം. രണ്ടര മണിക്കൂർ ഞാൻ കഴിഞ്ഞ തവണ പറഞ്ഞതുപോലെ എല്ലാപേരും ഓരോ അഭിപ്രായം പറഞ്ഞ് പ്രമേയം പാസ്സാക്കുന്നതിന് വല്ല മാർഗ്ഗവും ഉണ്ടെന്നുണ്ടെങ്കിൽ ഞങ്ങൾക്കാർക്കും ഒരു വിരോധവുമില്ല. ഇത് അടിയന്തിര പ്രമേയത്തിന്റെ രീതിയിൽ പോയാൽ ചർച്ച തീരില്ല.

മി. സ്പീക്കർ : അടിയന്തിര പ്രമേയത്തിന്റെ രീതിയിലല്ല വന്നിരിക്കുന്നത്. ഇത് പരസ്പരം പറഞ്ഞ് അവസാനിപ്പിക്കാതെ ശക്തിയായി പ്രതിഷേധിക്കുകയും പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്ന രൂപത്തിലാണ്. എന്താണ് വേണ്ടത് എന്ന് ആലോചിക്കുക.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, അസാധാരണമായ സാഹചര്യങ്ങളിൽ നമ്മൾ അസാധാരണമായ തീരുമാനമെടുക്കണം. ഇന്നിപ്പോൾ അടിയന്തിര പ്രമേയമായി ഈ പ്രശ്നം കൊണ്ടുവന്നത് ഈ പ്രശ്നത്തിന്റെ ഗൗരവം കണ്ടുകൊണ്ടാണ്. നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യൂവർ അനുസരിച്ച് സ്പീക്കർക്ക് ഏത് റൂളും വേവ് ചെയ്യാനുള്ള അധികാരമുണ്ട്. ഈ സഭയ്ക്കുണ്ട്. ഈ അസാധാരണമായ സ്ഥിതിവിശേഷത്തിൽ എല്ലാ കക്ഷികൾക്കും പ്രധാനപ്പെട്ടവർക്ക് അഭിപ്രായം പറയാൻ അവസരം കൊടുത്തതിനുശേഷം യോജിച്ച് ഒരു പ്രമേയം പാസ്സാക്കാം. അതുകൊണ്ട് ഇപ്പോൾ തന്നെ മറ്റു നടപടികളിലേക്ക് പ്രവേശിക്കാതെ സ്പീക്കർക്കുള്ള പ്രത്യേക അധികാരം

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിച്ചുകൊണ്ട് ചർച്ച തുടങ്ങട്ടെ. ചർച്ചയുടെ അവസാനത്തിൽ നമുക്കെല്ലാപേർക്കും കൂടി ഏകകണ്ഠമായി നമ്മുടെ കേളത്തിന്റെ പൊതുവികാരം പ്രകടിപ്പിക്കുന്ന ഒരു പ്രമേയം പാസ്സാക്കി പിരിയാം.

മി. സ്പീക്കർ : ഇത് ഭക്ഷ്യവകുപ്പുമന്ത്രി പറഞ്ഞു. ഇതിനോട് പൂർണ്ണമായി യോജിച്ചുകൊണ്ട് എങ്ങനെയാണ് നടപടിക്രമമനുസരിച്ച് ചെയ്യാൻ കഴിയുക എന്ന് അദ്ദേഹം ചോദിച്ചു. അതാണ് പറയുന്നത് നമ്മുടെ സഭയുടെ കീഴ്വഴക്കമനുസരിച്ച് അടിയന്തിര പ്രമേയത്തിന്റെ ചട്ടപ്രകാരമുള്ള നടപടികൾ പരിശോധിച്ചുകൊണ്ട് നമുക്ക് ഇതിൽ വേണ്ടത് ഒരു തീരുമാനമെടുക്കലാണ്. ഒരു പ്രമേയം അംഗീകരിക്കലാണ്. അതുവേണം. അല്ലാതെ ചർച്ച മാത്രമല്ലല്ലോ. അതുകൊണ്ടു ഇതുവേണമെങ്കിൽ റൂൾ 130 അനുസരിച്ച് ചർച്ച നടത്തി നമുക്ക് ഒരു റെസല്യൂഷൻ പാസ്സാക്കാം. എന്തെങ്കിലും ഒരു മാനദണ്ഡം ഉണ്ടാകണം. ഇപ്പോൾ കക്ഷിനേതാക്കന്മാരെന്നുള്ള നിലയിലുള്ള സംസാരമല്ല. പ്രതിപക്ഷനേതാവ് പറഞ്ഞല്ലോ കക്ഷിനേതാക്കൻമാരെന്ന് ഒരു മണിക്കൂർ സമയം അനുവദിച്ചുകൊണ്ടുള്ള ഒരു ചർച്ച നടത്തിയാൽ നമുക്ക് ഒരു തീരുമാനമെടുക്കാം. അതിന്റെ അടിസ്ഥാനത്തിൽ അല്ല, അതിനെ സംബന്ധിച്ച് എന്താണെന്നുള്ളതാണ്.

ശ്രീ. എ. കെ. ആന്റണി : സർ, മുഖ്യമന്ത്രി പറയുന്നതിന് മുമ്പ് എനിക്ക് പറയാനുണ്ട്. നേരത്തെ ഇവിടെ റേഷൻ വിലവർദ്ധനവുണ്ടായി. അതുകഴിഞ്ഞ് നമ്മൾ ഒരു പ്രമേയം പാസ്സാക്കി അവസാനിപ്പിച്ചു. ഈ സ്റ്റേറ്റിന്റെ പ്രൊട്ടസ്റ്റ് അറിയണമെങ്കിൽ ഈ സഭ നിറുത്തി വച്ച് ചർച്ച ചെയ്തു പ്രമേയം പാസ്സാക്കിയാലേ അതിന്റെ ഗൗരവമുണ്ടാകുകയുള്ളൂ. അല്ലെങ്കിൽ നമ്മുടെ നിയമസഭയുടെ റൂൾസ് ഓഫ് പ്രൊസീഡ്യൂവറിൽ അടിയന്തിര പ്രമേയമെന്ന പ്രൊവിഷൻ വേണ്ടല്ലോ. അടിയന്തിരമായ കാര്യമായതുകൊണ്ട് സഭ നിറുത്തിവച്ച് ചർച്ചചെയ്ത് ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയാലേ ഈ പ്രശ്നത്തിന് അർഹിക്കുന്ന ഗൗരവം ഉണ്ടാകുകയുള്ളൂ. അതാണ് എന്റെ അഭിപ്രായം, എല്ലാപേർക്കും പൂർണ്ണ യോജിപ്പുള്ള വിഷയമാണ്. അതിനുശേഷം ഒരു പ്രമേയം പാസ്സാക്കാവുന്നതാണ്.

മി. സ്പീക്കർ : അടിയന്തിരപ്രമേയം അങ്ങ് പറഞ്ഞതനുസരിച്ചാണെങ്കിൽ പോലും ഉള്ള നടപടിക്രമങ്ങളുണ്ട്. നടപടിക്രമമുണ്ടെന്നു പറയുന്നത് ഇപ്പോഴല്ല. 12.30-നെ ഇത് ആരംഭിക്കൂ, അതൊന്നും നമ്മൾ നോക്കേണ്ട കാര്യമില്ല. അതൊക്കെയുണ്ട്, എല്ലാം നോക്കിയിട്ടാണ് പറയുന്നത്. ഇപ്പോൾ ഡിബേറ്റിനൊന്നും പോകേണ്ട കാര്യമില്ല, നമുക്ക് എങ്ങനെയാണ് ഇത് ചെയ്യാൻ കഴിയുക എന്ന് മുഖ്യമന്ത്രിയോട് ചെയർ ചോദിച്ചിരിക്കുകയാണ്, അദ്ദേഹം പറയട്ടെ.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, യോജിച്ച് പാസ്സാക്കുന്നതിന് സ്പീക്കർക്ക് ഉചിതമായ തീരുമാനമെടുക്കുന്നതിന് അധികാരമുണ്ട്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ചർച്ചയ്ക്ക് തയ്യാറാണ് എന്നുപറഞ്ഞു. അതിന്റെ നടപടിക്രമം തീരുമാനിക്കാൻ അങ്ങാണ് അധികാരിയെന്നും പറഞ്ഞുകഴിഞ്ഞു. ഇതിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച നടക്കണം, ഒരു പ്രമേയം പാസ്സാക്കണം, യോജിച്ചു പാസ്സാക്കണം. അതിന് ഇന്നുതന്നെ ഒരു കൃത്യസമയം വച്ച് ഒരു സബ്സ്റ്റാന്റീവ് മോഷനായി ചർച്ച ചെയ്യുകയാണ് നല്ലത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇപ്പോൾ തന്നെ ഓരോരുത്തർ സംസാരിച്ച് ഒരു പ്രമേയം പാസ്സാക്കുന്നതിനോട് എനിക്ക് യോജിപ്പാണ്.

ശ്രീ. ടി. ശിവദാസമേനോൻ : ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി അത് ചെയ്യാം.

മി. സ്പീക്കർ : സഭാനേതാവായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെ സഭയുടെ വികാരം ഇവിടെ പ്രകടിപ്പിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഒരു ചർച്ചയെന്നുപറയുന്നത് ഒരു തീരുമാനമെടുക്കാൻ വേണ്ടി, ഒരു പ്രമേയം അംഗീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു ചർച്ചയാണ്. അത് നിയമസഭ ഇപ്പോൾ വേണമെന്നു തീരുമാനിച്ചു, ഇപ്പോൾ വേണമെന്നു തീരുമാനിച്ചത് തന്നെ അതിന്റെ ഗൗരവം വച്ചുകൊണ്ടാണ്. അല്ലെങ്കിൽ ഇപ്പോഴല്ല, അതിന്റെ നടപടികൾ നമുക്ക് സാവകാശം മതിയാകും. ഇന്ന് എപ്പോഴെങ്കിലും ഒരു സമയം നിശ്ചയിച്ചാൽ മതിയാകും. അങ്ങനെയാണ്. കഴിഞ്ഞ കാലങ്ങളിൽ ചെയ്തിട്ടുള്ളത്. പക്ഷെ അതിന്റെ ഗൗരവം കുറഞ്ഞുപോകാൻ പാടില്ല. അതുകൊണ്ട് ആ ഗൗരവം അൽപംപോലും ചെയർ കുറയ്ക്കാൻ ആഗ്രഹിക്കുന്നില്ല, നമുക്ക് അതിലേയ്ക്ക് കടക്കാം. പക്ഷെ അതും ഒരു ചട്ടപ്രകാരം ആയിരിക്കണമല്ലോ, അതുകൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ ഒരു റെസലൂഷൻ അംഗീകരിക്കണം, സ്റ്റാറ്റ്യൂട്ടറി റെസലൂഷനാണ് നമുക്ക് എടുക്കേണ്ടത്. 275 അനുസരിച്ചുള്ള റെസലൂഷൻ ആണ് നാം അംഗീകരിക്കേണ്ടത്. പിന്നെ ഒരു കാര്യം, റൂളൊക്കെ സസ്പെൻഡ് ചെയ്യുക. ഒരു റൂളും ഇവിടെയില്ല. അപ്പോൾ റൂളൊക്കെ മടക്കി വയ്ക്കുക, റൂൾ ബുക്ക് തൽക്കാലത്തേയ്ക്ക് മടക്കി വയ്ക്കുക, ജനങ്ങളെയൊക്കെ ബാധിക്കുന്ന ഈ ആപത്തിനെതിരായിട്ട് എല്ലാ റൂളുകളും തൽക്കാലത്തേയ്ക്ക് മടക്കിവച്ചുകൊണ്ട് ചർച്ച നമുക്ക് ആരംഭിക്കാം. Rule 275 അനുസരിച്ചുള്ള റെസലൂഷനാണ് നമുക്ക് എടുക്കേണ്ടത്. ഇനി ടൈം എങ്ങനെയാണ്, ഒരു സമയം വേണമല്ലോ, അങ്ങനെ നീണ്ടുപോകാൻ പറ്റില്ലല്ലോ. സാധാരണ ഒരു മണിക്കൂറാണ് എടുക്കുക, നമുക്ക് ഇപ്പോൾ ആരംഭിക്കാം.

10 A.M.] ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഒരു മണിക്കൂർ ഡിസ്ക്ഷനാകാം.

മി. സ്പീക്കർ : അതിനെ സംബന്ധിച്ച് സാധാരണ ഒരു ലിസ്റ്റ് ഉണ്ടാക്കുകയാണ് പതിവ്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഒരു നിർദ്ദേശമുണ്ട്. എല്ലാ കക്ഷി നേതാക്കൾക്കും സംസാരിക്കാൻ അവസരം നൽകുക.

മി. സ്പീക്കർ : എന്തെങ്കിലുമൊരു മാനദണ്ഡം വേണം അല്ലാതെ ഒക്കുകയില്ല. കക്ഷി നേതാക്കൾ സംസാരിക്കട്ടെ. പെട്ടെന്ന് ഒരു

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമെടുക്കാൻവേണ്ടി പറഞ്ഞതാണ്. ഒരു മണിക്കൂറെ ചർച്ചയ്ക്കു കാണുകയുള്ളൂ. അതു വച്ചുകൊണ്ട് നമുക്ക് ചർച്ച ആരംഭിക്കാം. ഒരു റെസല്യൂഷനെടുക്കാം. റെസല്യൂഷൻ മന്ത്രി തയ്യാറാക്കട്ടെ. പ്രതിപക്ഷത്തുനിന്നും പ്രതിപക്ഷ നേതാവ് സംസാരിക്കുകയാണെങ്കിൽ അവസാനം മതി. സമയത്തിന്റെ കാര്യത്തിൽ ചെയർ സൂചിപ്പിക്കാം.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഇതു ഭംഗിയായി നടത്തണം. സ്റ്റാറ്റ്യൂട്ടറി മോഷൻ പ്രിപ്പയർ ചെയ്യുന്നത് ഭക്ഷ്യമന്ത്രിയാണ്. ഭക്ഷ്യമന്ത്രി ആദ്യം പ്രസംഗിക്കും. അവസാനം പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിയും സംസാരിക്കട്ടെ.

മി. സ്പീക്കർ : ആയിക്കോട്ടെ.

ശ്രീ. ടി. ശിവദാസമേനോൻ : സർ, മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഒടുവിൽ സംസാരിച്ചാൽ മതി.

മി. സ്പീക്കർ : സി.പി.ഐ.(എം.) നു 15 മിനിട്ട്, കോൺഗ്രസിനു 13 മിനിട്ട്, സി.പി.ഐ-ക്ക് 7 മിനിട്ട്. അങ്ങനെ എല്ലാ പാർട്ടികൾക്കും പ്രാതിനിധ്യമുള്ള ചർച്ചയാണ്. ബാക്കിയുള്ളത് മൂന്നു മിനിട്ട് രണ്ടു മിനിട്ട് അങ്ങനെയാണ്. ചർച്ച ഞാൻ നിയന്ത്രിച്ചുകൊള്ളാം.

ശ്രീ. എ. കണാരൻ : സർ, ഈ രാജ്യത്തെ ജനങ്ങളോട് അങ്ങേയറ്റത്തെ തെറ്റാണ് കേന്ദ്ര ഗവൺമെന്റ് അനുവർത്തിച്ചിട്ടുള്ളത്. അതിനെപ്പറ്റി അധികം പ്രസംഗിക്കേണ്ട ആവശ്യമില്ല. 5330 കോടി രൂപയുടെ ബാദ്ധ്യതയാണ് ഇപ്പോൾ രാജ്യത്തെ പാവപ്പെട്ട ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ചത്. റേഷൻ മണ്ണെണ്ണയുടെ വില ആറു രൂപയാകുമെന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. ഇന്നലെ വർദ്ധിപ്പിച്ചത് രണ്ടര രൂപയാണ്. രണ്ടു രൂപ 50 നയാപൈസ പാചക വാതക സിലിണ്ടറിനു വർദ്ധിപ്പിച്ചത് 30 രൂപയാണ്. ഇതു ഗൗരവതരമായ അവസ്ഥയാണ്. ഇതിനെപ്പറ്റിയുള്ള കേന്ദ്രത്തിന്റെ തിരുമാനം ശുദ്ധ തെമ്മാടിത്തരമാണ്. കേന്ദ്ര മന്ത്രിക്ക് എന്തോ സംഭവിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നത് സിനിമ ടിക്കറ്റ് എടുക്കുന്നതുപോലെയാണ് എന്നാണ്. ഈ രാജ്യത്തെ ജനങ്ങളെല്ലാം ദിവസേന പൗഡർ ഇടുന്നുണ്ട് സിനിമ കാണുന്നുണ്ട്. അതുപോലെ വളരെ ലാഘവത്തോടു കൂടിയാണ് ജനങ്ങൾ ഇതിനെ കാണുന്നതെന്ന് കേന്ദ്ര മന്ത്രി എല്ലാ സ്ഥലത്തും പോയി പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും വലിയ അവഹേളനമാണ് നമ്മളോട് കാണിച്ചുകൊണ്ടിരിക്കുന്നത്. ഏറ്റവും വലിയ തെറ്റാണിത്. ഇതു വേഗം പിൻവലിക്കപ്പെടേണ്ടതാണ്. ഓരോന്നോരോന്നായി ഇന്നലെ നമ്മൾ ഇതെല്ലാം സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. കോൺഗ്രസ് പാർട്ടിക്കു ഇതിൽ ഉത്തരവാദിത്വമില്ലെന്നു പറയാൻ പാടില്ല. കോൺഗ്രസ് പാർട്ടിക്ക് ഉത്തരവാദിത്വമുണ്ട്.

മി. സ്പീക്കർ : സംസാരിക്കുന്ന മറ്റു കക്ഷി നേതാക്കൾ ആരൊക്കെ എന്നുള്ളത് പേര് കുറിച്ചു തന്നാൽകൊള്ളാം.

ശ്രീ. എ. കണാരൻ : സർ, വല്ലാത്ത ഒരവസ്ഥയാണ്. നേരത്തെ കാർത്തികേയൻ സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് കോൺഗ്രസ് പാർട്ടിക്ക് ഉത്തരവാദിത്വമുണ്ട് എന്നാണ്. ആ ഉത്തരവാദിത്വത്തിൽ നിന്ന് നിങ്ങൾ പിൻമാറരുത്. ഈ അവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരാൻവേണ്ടി ആഗോളവൽക്കരണം, ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം ഇതിനെല്ലാം പിൻതുണ നൽകിയത് നിങ്ങളാണ്. നിങ്ങൾ അതെല്ലാം മറച്ചു വയ്ക്കാൻ വേണ്ടിയാണ് ഈ രാജ്യത്തിലെ ജനങ്ങളെ കബളിപ്പിക്കാൻ വേണ്ടി ശ്രമിക്കുന്നത്. അത് തെറ്റാണ്. അതിൽ നിന്നും പിൻമാറണം. ഈ നാടിനെ നരകതുല്യമാക്കിത്തീർക്കാവുന്ന കൊള്ളരുതായ്മകൾ കാട്ടാൻവേണ്ടി എല്ലാവിധ പിൻതുണകളും നൽകിയത് നിങ്ങളാണ്. ഇവിടത്തെ അവസ്ഥ ഇതാണ്. ഇപ്പോൾ ഓരോന്നോരോന്ന് കൊണ്ടുവന്നിരിക്കുന്നു. റേഷൻ സബ്സിഡി 1200 കോടി രൂപയാണ്. സബ്സിഡി കൊടുക്കേണ്ട എന്നുപറയുന്നത് ആയിരത്തിൽ ചിലാനം കോടി രൂപയ്ക്കാണ്. 250 കോടി രൂപ പഞ്ചസാര സബ്സിഡി എടുത്തുകളഞ്ഞു. ഇങ്ങനെ നരകതുല്യമായിത്തീർക്കുകയാണ്. ഈ നരകതുല്യമായിത്തീരാവുന്ന അവസ്ഥയിൽ നിന്ന് നിങ്ങൾ പിൻമാറരുത്. നിങ്ങൾ വരുത്തിവച്ചിട്ടുള്ള അവസ്ഥ, ഈ ഗുരുതരമായ അവസ്ഥ 13-ാം ലോകസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യെ ജയിപ്പിക്കാൻ വേണ്ടി നിങ്ങൾ എടുത്ത തണ്ട്, ധിക്കാരപരമായ നിലപാടാണ് ഈ അവസ്ഥയ്ക്ക് കാരണമാക്കിയത്. അതിൽ നിന്ന് നിങ്ങൾ പിൻമാറണം. പറഞ്ഞതുകൊണ്ട് ഗുണമില്ല. അന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി (സി.പി.എം.) പറഞ്ഞത് നിങ്ങൾ ബി.ജെ.പി. വിരുദ്ധ നിലപാട് സ്വീകരിക്കണമെന്നാണ്. അന്ന് നിങ്ങൾ സ്വീകരിച്ചില്ല. നിങ്ങൾ തണ്ട് പ്രകടിപ്പിച്ചു. ഇന്ത്യയിലെ ജനങ്ങൾ ബി.ജെ.പി.ക്ക് എതിരാണ്. ഇതിൽ യാതൊരു തർക്കവുമില്ല. ഇതിൽ യാതൊരു സംശയവുമില്ല. അതിന്റെ ഫലമായിട്ടാണ് ബി.ജെ.പി. ഇവിടെ ഭരിച്ചുകൊണ്ടിരുന്നപ്പോൾ നടന്ന നാലു സംസ്ഥാനങ്ങളിലെ നാല് ഉപതെരഞ്ഞെടുപ്പുകളിലും ബി.ജെ.പി. തോറ്റത്. കോൺഗ്രസ് അവിടെ ജയിച്ചു. കോൺഗ്രസ് ജയിച്ചപ്പോൾ നിങ്ങൾ വിചാരിച്ചു കോൺഗ്രസ്സ് ഇവിടെ ജയിക്കും, ഒറ്റയ്ക്ക് ഇവിടെ ഭരിക്കാമെന്ന്. ഒറ്റയ്ക്ക് ഭരിക്കുമെന്ന ആ തണ്ട് നിങ്ങളുടെ മനസ്സിലുണ്ടായതിന്റെ ഫലമായിട്ടാണ് ഇവിടത്തെ ഇടതുപക്ഷ പാർട്ടി, ജനാധിപത്യ പാർട്ടി നിങ്ങളോട് പറഞ്ഞത്. അതു നിങ്ങൾ കേട്ടില്ല. ജയലളിതയുടെ പാർട്ടി ബി.ജെ.പി.ക്ക് പിൻതുണ പിൻവലിച്ചു പാർലമെന്റിൽ ബി.ജെ.പി. ക്ക് എതിരായി. പിന്നീട് വന്ന ആ ചിത്രം നിങ്ങൾ മനസ്സിലാക്കിയില്ല. അതു മനസ്സിലാക്കാതെ നിങ്ങൾ ഈ നിലപാട് എടുത്തതിന്റെ ഫലമായി 13-ാം ലോകസഭാ തെരഞ്ഞെടുപ്പിൽ ഈ രാജ്യത്തെ ഇടതുപക്ഷ മതേതര പാർട്ടികളെല്ലാം പറഞ്ഞത് നമുക്ക് ഒന്നായി ചേർന്ന് ബി.ജെ.പി. വിരുദ്ധ ഗവൺമെന്റുണ്ടാക്കണമെന്നാണ്. ഈ രാജ്യത്തെ ജനങ്ങളുടെ താല്പര്യം സംരക്ഷിക്കണമെന്ന് നിങ്ങളോടു പറഞ്ഞപ്പോൾ നിങ്ങൾ അതിനോട് വൈമുഖ്യം പ്രകടിപ്പിച്ചു. നിങ്ങളുടെ ചുവരെഴുത്ത് നിങ്ങൾ വായിച്ചില്ല. നിങ്ങൾ ധിക്കാരപരമായ നിലപാടെടുത്ത് മുന്നോട്ടു പോയി. അതിന്റെ കടുത്ത യാതനകളാണ് ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഉത്തരം പറയണം ഇവിടെ.

ശ്രീ. രാജഗോപാൽ അല്ല ഉത്തരം പറയേണ്ടത് കാർത്തികേയാ.....

രാജഗോപാൽ അല്ല ഉത്തരം പറയേണ്ടത്. രാജഗോപാലിനെക്കൊണ്ട് ഇവിടെ വന്ന് ഈ * * * * * പ്രസംഗിപ്പിക്കാൻ വേണ്ടി ഇട നൽകിയത് നിങ്ങളാണ്. യാതൊരു തർക്കവുമില്ല. ഈ രാജ്യത്തിലെ ജനങ്ങളുടെ വികാരം ഞാൻ പറയുകയാണ്.

* * * * * സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ആ വാക്ക് രേഖയിൽ നിന്ന് നീക്കും. * * * * * എന്ന വാക്ക് വേണ്ട.

ശ്രീ. എ. കണാരൻ : ഈ അവസ്ഥ ഉണ്ടാക്കിയത് നിങ്ങളാണ്. അദ്ദേഹം പറയുകയാണ് പൗഡർ വാങ്ങുന്നതുപോലെ, സിനിമാ ടിക്കറ്റ് എടുക്കുന്നതുപോലെയാണെന്ന്. ഇവിടത്തെ പ്രശ്നം എന്താണെന്ന് മനസ്സിലാകുന്നില്ല. ഇവിടെ മണ്ണെണ്ണയ്ക്ക് വില വർദ്ധിച്ചു കഴിഞ്ഞാൽ കർഷകത്തൊഴിലാളികളും മത്സ്യത്തൊഴിലാളികളും കയർത്തൊഴിലാളികളും കശുവണ്ടി തൊഴിലാളികളും നെയ്ത്തു തൊഴിലാളികളും തുടങ്ങി ഈ രാജ്യത്തെ പാവപ്പെട്ട പതിനായിരക്കണക്കായ ജനവിഭാഗങ്ങൾക്ക് ലൈറ്റില്ല, അവർക്ക് കറണ്ട് കണക്ഷനില്ല. അവർക്ക് ചിമ്മിനി വിളക്കിന്റെ മുമ്പിലിരുന്ന് ഭക്ഷണം പാകം ചെയ്യാനോ ചിമ്മിനിവിളക്കിന്റെ മുമ്പിൽപ്പോലും ഇരിക്കാൻ പറ്റാത്ത കടുത്ത ദുരിതത്തിലേയ്ക്ക് അവരെ വലിച്ചെറിയുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ നമുക്ക് ശക്തമായി പ്രതിഷേധിക്കാൻ കഴിയണം. പ്രസംഗിക്കുന്നതിനേക്കാൾ വലുത് ഇതാണ്. ഇനി ഓരോന്നോരോന്നായി കൊണ്ടുവന്നുകൊണ്ടിരിക്കും. ഞാൻ ഇതു മെനിഞ്ഞാന്ന് സംസാരിച്ചു. ആദ്യം ഈസ്റ്റ് ഇന്ത്യാ കമ്പനിക്കാരൻ കുറെ മുതലാളിമാരുമായി ഇവിടെ വന്നിട്ട് ഇവിടെ കച്ചവടം ചെയ്തു. അവസാനം ബ്രിട്ടീഷുകാരുടെ ഭരണം ഇവിടെയുണ്ടാക്കി. ഇപ്പോൾ അമേരിക്കൻ പ്രസിഡന്റ് ക്ലിന്റൺ പത്ത് മുന്നൂറ് മുതലാളിമാരെയുംകൂട്ടിയാണ് ഇവിടെ വന്നത്. മൂന്ന് പട്ടണം അദ്ദേഹത്തിന്റെ കൈയിലാണ്. ഹൈദ്രബാദ്, ഡൽഹി തുടങ്ങിയ പട്ടണങ്ങൾ ക്ലിന്റൺ കൈയടക്കിയിട്ട് അദ്ദേഹം കച്ചവട സ്ഥാപനങ്ങൾ സ്ഥാപിക്കാൻവേണ്ടി വന്നുകൊണ്ടിരിക്കുന്നു. അമേരിക്കയുമായി ബന്ധപ്പെട്ടുകൊണ്ട് ആയിരത്തിൽ ചില്ലാനം സാധനങ്ങൾ ഇവിടെ ഇറക്കുമതി ചെയ്യാനുള്ള സംവിധാനങ്ങൾ ഇവിടെയുണ്ടാക്കിയിരിക്കുന്നു. ഇതിന്റെ ചൂണ്ടുപലകയാണിത്. ഓരോന്നോരോന്നായി ഈ രാജ്യത്തെ നശിപ്പിക്കാൻവേണ്ടിയുള്ള അവസ്ഥയിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് പാചക വാതകത്തിന് എതിരായി നമ്മൾ പ്രസംഗിച്ചാൽ മാത്രം പോര. നമ്മുടെ സംസ്ഥാനത്ത് അരി, പഞ്ചസാര, മണ്ണെണ്ണ മുതലായ സാധനങ്ങളുടെ വില വർദ്ധനവ് തടയാൻവേണ്ടി, ഈ രാജ്യത്തിലെ പാവപ്പെട്ടവന്റെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടാവുന്ന ഒരു ഗവൺമെന്റായതുകൊണ്ട്, കമ്മ്യൂണിസ്റ്റുകാരും ഇടതുപക്ഷങ്ങളും കൂടി ചേർന്ന ഒരു ഗവൺമെന്റ് ആയതുകൊണ്ട്, യാതൊരു മടിയും കൂടാതെ ഈ രാജ്യത്തിലെ ജനങ്ങളുടെ താൽപര്യം സംരക്ഷിക്കാൻവേണ്ടി ഇവിടെ വില വർദ്ധിപ്പിക്കാതിരിക്കാൻവേണ്ട എല്ലാ നടപടിയുമെടുക്കുമെന്ന് പറഞ്ഞിട്ടുള്ള ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഈ ഗവൺമെന്റിന് നിങ്ങൾ പിന്തുണ നൽകണം. കേന്ദ്ര ഗവൺമെന്റ് ഈ രാജ്യത്തിലെ സാധാരണ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കാൻ വേണ്ടി പരിശ്രമിക്കുമ്പോൾ, എന്ത് കടുത്ത ദുരിതങ്ങൾ അടിച്ചേൽപ്പിച്ചുകഴിഞ്ഞാലും ഈ രാജ്യത്തിലെ പാവപ്പെട്ട ജനങ്ങളുടെ താൽപര്യം സംരക്ഷിക്കാൻവേണ്ടി റേഷൻ വിതരണത്തിൽ മാറ്റം വരുത്താതെ കൊടുക്കുമെന്ന് എൽ.ഡി. എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. എല്ലാം

* * * * * സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ നടപ്പിൽ വരുത്തുമെന്ന് പറഞ്ഞിട്ടുണ്ട്. പത്തു കിലോ അരി പകുതി വിലയ്ക്ക് കൊടുക്കാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ ഒരു കിലോ അരിക്ക് ഒരു രൂപ വില കുറച്ചുകൊണ്ട് കൊടുക്കാമെന്ന് ഇന്നലെ പ്രഖ്യാപിച്ചിട്ടുണ്ട്. വിശേഷ ദിവസങ്ങളായ ഓണം, പെരുന്നാൾ, ക്രിസ്മസ് തുടങ്ങിയ ദിവസങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 5 കിലോ അരി കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ 27 ശതമാനം എന്നാണ് കണക്കാക്കിയതെങ്കിൽ ഈ ഗവൺമെന്റ് 42 ശതമാനം കണക്കാക്കിയിട്ട് ആ ജനവിഭാഗങ്ങളുടെ കണ്ണീർ ഒപ്പാൻ അവർക്ക് ആശ്വാസം നൽകാമെന്നുള്ള തീരുമാനമെടുത്തുകഴിഞ്ഞിട്ടുണ്ട്. നമുക്ക് കേന്ദ്രത്തോട് ഒന്നിച്ച് പറയണം. കേന്ദ്ര ഗവൺമെന്റിനുവേണ്ടി ഇഷ്ടംപോലെ നാണ്യ വിളകൾ ഉൽപാദിപ്പിക്കുന്ന നാടാണ് നമ്മുടേത്. അതിന്റെ ഫലമായിട്ടാണ് പത്ത് പതിനാല് വർഷം മുമ്പ് ഒരു പൊതു വിതരണ സമ്പ്രദായം ഇവിടെയുണ്ടാക്കി കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യ കമ്മി പരിഹരിക്കാൻ വേണ്ടി അരി നൽകാമെന്നുള്ള വാഗ്ദാനം നൽകിയത്. നമ്മുടെ ശക്തമായ പ്രതിഷേധം, അമർഷം, നമ്മുടെ തീരാത്ത പക ഈ രാജ്യത്തിലെ ജനങ്ങളോട് കാണിച്ച കടുത്ത അനീതിക്കെതിരായി ഒരു പ്രതികാര വാഞ്ഛയോടുകൂടിയ ഒരു വലിയ ബഹുജന പ്രസ്ഥാനം കെട്ടിപ്പടുക്കാൻ മുൻകൈയെടുക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

<u>ശ്രീ. നാലകത്ത് സൂപ്പി</u>: സർ, ഈ രാജ്യത്ത് ബി.ജെ.പി. ഗവൺമെന്റിന് എന്തും ചെയ്യാമെന്നുള്ള ഒരവസ്ഥയുടെ ഏറ്റവും അവസാനത്തെ ഉദാഹരണമാണിത്. കഴിഞ്ഞ ദിവസമാണ് റേഷൻ സബ്സിഡി ഒഴിവാക്കിക്കൊണ്ടും അതിന്റെ നയത്തിൽ മാറ്റംവരുത്തിക്കൊണ്ടും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും തീരുമാനമുണ്ടായത്. അത് നമ്മുടെ സംസ്ഥാനത്തെയാണ് ഏറ്റവും കൂടുതൽ ബാധിച്ചത്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായത്തെപ്പോലും അപകടപ്പെടുത്തത്തക്കരീതിയിൽ അത് ബാധിച്ചു. ഇന്നലെ അർദ്ധരാത്രിയിൽ നടപ്പാക്കിയ ഒരു കാര്യമാണ് മണ്ണെണ്ണയ്ക്കും പാചക വാതകത്തിനുമൊക്കെ ഇത്ര ഇരട്ടി വിലവർദ്ധനവുണ്ടാക്കിയത്. ഇത് രാജ്യം ഭരിക്കുന്ന പാർട്ടി, അതിന്റെ മുന്നണി ചർച്ച ചെയ്തിട്ടുണ്ടാകും. അതിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരിക്കാം, പക്ഷേ ഈ രാജ്യത്തിലെ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവുമധികം ബാധിക്കുന്ന ഈ കാര്യത്തിൽ ഇങ്ങനെയൊരു തീരുമാനമെടുത്തത് ഏറ്റവുമധികം കൂറ്റകരവും അങ്ങേയറ്റം പ്രതിഷേധാർഹവുമാണ്. കഴിഞ്ഞ ദിവസം കേന്ദ്രമന്ത്രി രാജഗോപാൽ ഇവിടെ വന്ന് ചില കാര്യങ്ങൾ പറഞ്ഞത് ഇവിടെ പലരും സൂചിപ്പിച്ചു. അദ്ദേഹം റേഷൻ വാങ്ങുന്ന ആളുകളെക്കുറിച്ചാണ് പറഞ്ഞത്. ഇതൊക്കെ പറയാൻ ഇത്ര തരംതാണുപോയ ഒരു മന്ത്രി! എനിക്ക് പറയാനുള്ളത്, ബഹുമാനപ്പെട്ട രാജഗോപാൽ കേന്ദ്ര മന്ത്രിയെന്നുള്ള നിലയ്ക്ക് ഈ രീതിയിൽ പ്രസംഗം നടത്തുകയാണെങ്കിൽ അദ്ദേഹത്തിന്റെ പരിപാടികൾ കേരള ജനത ബഹിഷ്ക്കരിക്കണമെന്നാണ്. വളരെ ധിക്കാരപരമാണ് അദ്ദേഹത്തിന്റെ പ്രസ്താവന. ഈ സഭയിലെ അപ്പുറത്തുമിപ്പുറത്തുമുള്ള ആളുകൾ കേരളത്തിന്റെ വികാരം

LIBRARY ARCHIVES Kerala Legislative Assembly

ഒന്നിച്ച് പ്രകടിപ്പിക്കാൻ ഈ സമയത്തെങ്കിലും തയ്യാറായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഒറ്റക്കെട്ടായി കേരളത്തിലെ ജനങ്ങളുടെ വികാരം കേന്ദ്രത്തെ അറിയിക്കുന്നു. ഇതുപോലുള്ള പ്രവർത്തനങ്ങൾ ഇനിയും നടപ്പിലാക്കുകയാണെങ്കിൽ ഭാവിയിൽ എന്തുചെയ്യണം, കേന്ദ്ര ഗവൺമെന്റുമായി ഏതൊക്കെ രീതിയിൽ സഹകരിക്കാൻ കഴിയുമോ, ഏതൊക്കെ രീതിയിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്താൻ കഴിയുമോ ഈ രീതി അവലംബിച്ചു കൊണ്ട് കേരളത്തിന്റെ വികാരം പ്രകടിപ്പിക്കണമെന്നാണ് ആ കാര്യത്തെക്കുറിച്ച് പറയാനുള്ളത്. ഇനി ബദൽ സംവിധാനമെന്താണ്? മണ്ണെണ്ണയുടെയും പാചക ഗ്യാസിന്റെയും വില വർദ്ധിപ്പിച്ചു. ഇതുസംബന്ധിച്ച് ഇവിടെ പലരും പറഞ്ഞു. ആളുകൾക്ക് പാചകം ചെയ്യണ്ടേ? അതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും നമ്മൾ ആലോചിക്കണം. സ്റ്റേറ്റ് ഗവൺമെന്റ് സബ്സിഡി കൊടുക്കാൻ തയ്യാറായാൽ നന്നായിരിക്കുമെന്നുള്ള ഒരു അഭിപ്രായംകൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. അതിനാവശ്യമായ അധികച്ചെലവ് ഏറ്റെടുക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. അല്ലാതെ കേരളത്തിലെ സാധാരണക്കാരെ ബാധിക്കുന്ന ഈ പ്രശ്നത്തിന് വേറെ മാർഗ്ഗമില്ല. കേന്ദ്ര മന്ത്രിമാരും മറ്റു ചില സംസ്ഥാനത്തിലെ മുഖ്യമന്ത്രിമാരുമായി ബന്ധപ്പെട്ട് ഈ കാര്യത്തിൽ ശക്തമായ വികാരം പ്രകടിപ്പിച്ച് പാർലമെന്റിൽ ഈ തീരുമാനം മാറ്റുന്നതിനാവശ്യമായ തീരുമാനങ്ങളുണ്ടാകണം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുകയും മുൻകൈയെടുക്കുകയും ചെയ്യണമെന്നുമാത്രമാണ് ആ കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്. അതുപോലെ കേന്ദ്ര ഗവൺമെന്റ് തെറ്റായി പോകുന്ന കാര്യങ്ങളിൽ ഈ സഭയിൽ കണ്ട ഐക്യം പ്രകടിപ്പിക്കാനുള്ള സൗമനസ്യം എല്ലാ ഭാഗത്തുനിന്നുമുണ്ടായതിൽ സന്തോഷം രേഖപ്പെടുത്തുന്നു. ആരുടെ കുറ്റം കൊണ്ടായാലും ഈ പ്രശ്നത്തിന്റെ യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. നമ്മൾ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും അന്യോന്യം ആക്ഷേപിച്ചിട്ട് കാര്യമില്ല. ആ ഗവൺമെന്റിനെ താഴെയിറക്കാതെ, ആ ഗവൺമെന്റിന്റെ നടപടികളിൽ മാറ്റമുണ്ടാകാതെ, ആഗോളവൽക്കരണത്തെക്കുറിച്ചും ഉദാരവൽക്കരണത്തെക്കുറിച്ചും പറഞ്ഞല്ലോ അതിനെ നിയന്ത്രണത്തിന് വിധേയമാക്കാതെ കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിന് രക്ഷപ്പെടാൻ കഴിയുന്നില്ല. നമ്മുടെ വികസനങ്ങളേയും ജനങ്ങളേയും മുഴുവൻ ബാധിക്കുന്ന ഇതുപോലുള്ള തെറ്റായ നടപടികൾ ആലോചനപോലും നടത്താതെ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്നു. അതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. ഈ സഭ അതിനനുസരിച്ച് നീങ്ങാൻ തയ്യാറായതിൽ സന്തോഷം രേഖപ്പെടുത്തിക്കൊള്ളുന്നു. എന്റെയും എന്റെ പാർട്ടിയുടേയും എല്ലാവിധ പിന്തുണയും ആ കാര്യത്തിലുണ്ട്. ഏത് രീതിയിലുള്ള സമരത്തിന് പോകാനും ഞങ്ങൾ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഇവിടെ അപ്രതീക്ഷിതമായിട്ടാണെങ്കിലും ഇതുപോലെ ഒരു വിഷയത്തെക്കുറിച്ച് സംസാരിക്കാനും പ്രതിഷേധം രേഖപ്പെടുത്താനും ഒരവസരം കിട്ടിയതെന്നുള്ളതിൽ എനിക്ക് സന്തോഷമുണ്ട്. ഇവിടെ സഭയുടെ എല്ലാ നടപടികളും നിറുത്തിവച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയുടെയും കേരളത്തിന്റെയും വികാരം ഇന്ത്യാ രാജ്യത്തെയും ഭരണാധികാരികളെയും ബോദ്ധ്യപ്പെടുത്തണമെന്നുള്ള നിലയിൽ ഒരു തീരുമാനമെടുത്തതിനെ ഞാൻ ആദ്യമായി സ്വാഗതം ചെയ്യുകയാണ്. ഇന്നലെ കേന്ദ്ര ഗവൺമെന്റ് എടുത്ത ഈ നിലപാട് ഇരുട്ടടിയായിട്ടാണ് കേരള ജനത ഏറ്റെടുക്കേണ്ടിവന്നത്. ഭക്ഷ്യ വകുപ്പുമന്ത്രി ആ കാര്യങ്ങൾ ഇവിടെ വിശദീകരിച്ചു. വളരെ പെട്ടെന്ന് ഇത്ര വലിയ ഒരു വർദ്ധനവ്, മണ്ണെണ്ണക്ക് ലിറ്ററിന് 2.50 പൈസയുടെ വർദ്ധനവും അതുപോലെ പാചക വാതകത്തിന് 45.50 രൂപയുടെ വർദ്ധനവും ഒറ്റയടിക്ക് വരികയെന്നുള്ള നിലവന്നാൽ കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്തിന് അതിന്റെ ഭാഗമായി നേരിടേണ്ടി വരുന്നത് വളരെ വലിയ ഭാരമാണ്. പക്ഷേ ഇതൊക്കെ ഇന്ന് അല്ലെങ്കിൽ നാളെ വരുമെന്ന് പ്രതീക്ഷിച്ച് ഇരിക്കുന്നവരാണ് നമ്മളെല്ലാവരും. കാരണം, അവർക്കുവേണ്ടി പരവതാനി വിരിച്ച് കൊടുത്ത് അവരെ ഈ രംഗത്ത് കൈ പിടിച്ച് ഉയർത്തിയതിൽ പലർക്കും പങ്കുണ്ട്. അത് പറയുമ്പോൾ ചിലർക്ക് ഇഷ്ടപ്പെടുന്നില്ല. ഇന്നലെ ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോഴും കഴിഞ്ഞ ദിവസങ്ങളിലെ ചർച്ചയിലുമൊക്കെ തന്നെ നമ്മുടെ നാട് നേരിടേണ്ടിവന്ന ദുരിതങ്ങൾക്ക് മുഴുവൻ ഉത്തരവാദികളായ ആളുകളെ മാറ്റി നിർത്തിക്കൊണ്ട് സംസ്ഥാന ഗവൺമെന്റിനെ കുറ്റപ്പെടുത്താനാണ് പ്രതിപക്ഷത്തു നിന്നും ശ്രമവും വ്യഗ്രതയും കണ്ടത്. പലപ്പോഴും ഞങ്ങൾക്ക് അസഹ്യമായി തോന്നിയിരുന്നു അത്തരമൊരു നിലപാട്. കേന്ദ്ര ഗവൺമെന്റ് തുടരുന്ന സാമ്പത്തിക നയങ്ങളും നടപടികളുമൊക്കെ പലതും ഞങ്ങളുടെ സന്തതികളാണെന്നും ഞങ്ങളാണ് അതിന്റെ യഥാർത്ഥ അവകാശികളെന്നും അഭിമാനം കൊള്ളുന്നവരാണ് പ്രതിപക്ഷത്തിരിക്കുന്ന പലരും. തങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ച സാമ്പത്തികനയമാണ് ഇപ്പോൾ ബി. ജെ.പി. ഗവൺമെൻറ് നടപ്പിലാക്കുന്നതെന്ന് അഭിമാനം കൊള്ളുന്നവരാണ് അവർ. അതുകൊണ്ടുതന്നെയാണ് കേന്ദ്രം എടുക്കുന്ന ഓരോ നടപടിയെയും അവർക്ക് അംഗീകരിക്കേണ്ടി വരുന്നത്, പരസ്യമായി എതിർക്കാൻ തയ്യാറാകാതെ വരുന്നത്. അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്ന സമീപനമാണ് അവർ സ്വീകരിച്ചിരിക്കുന്നത്. കേന്ദ്രഗവൺമെന്റ് വില വർദ്ധിപ്പിച്ചാൽ, സബ്സിഡി നിർത്തുമെന്ന് പ്രഖ്യാപിച്ചാൽ അതിനെല്ലാം എതിരായ സമരം കേരള ഗവൺമെന്റിന് എതിരായിട്ടാണ്. അപ്പോൾ യഥാർത്ഥത്തിൽ പ്രതി ആരാണെന്ന് മനസ്സിലായിട്ടും അവരെ ഒളിപ്പിച്ചിരുത്തി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയുള്ള ശ്രമമാണ് നടക്കുന്നത്. അതുകൊണ്ട് ഇനി മേലിലെങ്കിലും വൈകിയാണെങ്കിലും ബുദ്ധി ഉദിച്ച് ഒന്നിച്ചു നിന്നുകൊണ്ട് കേരളീയരുടെ വികാരം പ്രകടിപ്പിക്കാൻ പ്രതിപക്ഷത്തു നിന്നും ശ്രമമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇനി ഒരു നിമിഷംപോലും അനുവദിക്കാൻ പാടില്ല. ബി.ജെ.പി. ഗവൺമെന്റിന്റെ ആരംഭം മുതലുള്ള നടപടികൾ ഞാൻ വിശദീകരിക്കുന്നില്ല. ജനാധിപത്യപരമായ മുദ്രാവാക്യങ്ങളും പ്രചരണങ്ങളും നടത്തി ജനാധിപത്യപരമായ രീതിയിൽ അധികാരത്തിൽ വന്നശേഷം അവർ തുടരുന്ന ഓരോ നടപടിയും പരിശോധിച്ചാൽ നമുക്ക് അറിയാം ഇന്ത്യാ രാജ്യത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നതെന്ന്. ഇന്ത്യ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽ തന്നെ തുടർന്നു

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുന്ന ചേരിചേരാനയം പൊളിച്ചെഴുതൽ ഏറെകുറെ കഴിഞ്ഞു എന്നതാണ് ഇന്നലെ ബിൽക്ലിന്റന്റെ വരവോടുകൂടി കേന്ദ്രഗവൺമെന്റും ബിൽക്ലിന്റണും തമ്മിൽ ഒപ്പുവച്ച കരാറിലൂടെ ബോദ്ധ്യപ്പെടുന്നത്. ഇന്ന് മതേതര ജനാധിപത്യ രാജ്യമെന്ന സങ്കൽപത്തിന്റെ അടിത്തറ ഇളകുന്ന നിലപാടാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെയൊക്കെ ഫലമായി ഇന്ത്യാ രാജ്യം എത്രയോ കൊല്ലമായി സംരക്ഷിച്ചുപോന്ന നമ്മുടെ സാംസ്ക്കാരിക പൈതൃകം തകർക്കുന്ന ഒരു നിലപാട് ഒരിടത്ത് നടക്കുമ്പോൾ സാമ്പത്തിക നടപടിയിലൂടെ ഈ രാജ്യത്തെ മനുഷ്യരെ ശ്വാസം മുട്ടിക്കുന്ന പ്രവർത്തനങ്ങൾ വളരെ ധൃതഗതിയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ കേരളത്തിന്റെ പ്രതിനിധിയാണെന്ന് അഭിമാനിക്കുന്ന ബി.ജെ.പി. മന്ത്രി ശ്രീ. ഒ. രാജഗോപാൽ തിരുവനന്തപുരത്തു വച്ചു നടത്തിയ പ്രസ്താവന കേരളത്തിൽ മൂന്നുകോടി വരുന്ന ജനങ്ങളെയും അപമാനിക്കുന്നതാണ്. അതിനെതിരെ അതിന്റെ ഗൗരവത്തോടുകൂടി പ്രതികരിക്കാൻ കേരളത്തിലെ മുഴുവൻ ജനങ്ങളും തയ്യാറാകുന്നില്ലെങ്കിൽ ഇതിലേറെ വലിയ ദുരന്തങ്ങൾ നാം നേരിടേണ്ടി വരും. അദ്ദേഹം പറഞ്ഞത് ക്ഷാമകാലത്താണ് സബ്സിഡിയും മറ്റും കൊടുത്ത് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതെന്നാണ്. ഇപ്പോൾ ധാരാളം ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്ന സാഹചര്യത്തിൽ അതിന് പ്രസക്തിയില്ല. ധാന്യങ്ങൾ ശേഖരിച്ചു വയ്ക്കാൻ രാജ്യത്തെ ഗോഡൗണുകൾ മതിയാകാത്ത സ്ഥിതിയാണ്. ഈ സാഹചര്യത്തിൽ റേഷൻ വേണമെന്നും ക്യൂ നിൽക്കണമെന്നും പറയുന്നത് കാലഹരണപ്പെട്ട ചിന്താഗതിയാണ്. അങ്ങനെ റേഷൻ സംവിധാനം പൂർണ്ണമായി നിർത്താൻ പോകുന്നുവെന്ന ബി.ജെ.പി. ഗവൺമെന്റിന്റെ നയത്തിന്റെ പ്രഖ്യാപനമാണ്. ഒ. രാജഗോപാൽ ബി.ജെ.പി ഗവൺമെന്റിന്റെ പ്രതിനിധിയായി ഇവിടെ വന്നു പറഞ്ഞത്. നാളെ വരാൻ പോകുന്ന ദുരന്തം വളരെ വലുതാണ്. റേഷൻ സബ്സിഡി നിർത്തുകയും അതിനെ തുടർന്ന് റേഷൻ തന്നെ നിർത്തുകയും ചെയ്യുന്ന ഒരവസ്ഥ വരുന്നത് വലിയ അപകടത്തിലേയ്ക്കു പോകും. കേരളത്തിൽ കക്ഷിപരിഗണനയില്ലാതെ എല്ലാ വിഭാഗം ജനങ്ങളും ഒറ്റക്കെട്ടായി ശബ്ദം ഉയർത്തിയതിനെ തുടർന്നാണ് ഇവിടെ റേഷൻ സംവിധാനം ഏർപ്പെടുത്തിയത്. ദക്ഷിണ ഭക്ഷ്യമേഖല എടുത്തുകളയുകയും ഏകമേഖല രൂപപ്പെടുകയും ചെയ്ത പശ്ചാത്തലത്തിൽ പ്രതിപക്ഷ-ഭരണകക്ഷി വ്യത്യാസമില്ലാതെ ശബ്ദം ഉയർത്തിയാണ് റേഷൻ സംവിധാനം ഉണ്ടായത്. അന്ന് മുതൽ തുടങ്ങിയ കേരളത്തിലെ റേഷൻ സംവിധാനം ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത്രയും കാര്യക്ഷമമല്ല. റേഷൻ സംവിധാനം ഇതുപോലെ സാർവത്രികമായി മറ്റൊരു സ്ഥലത്തുമില്ല. ഒരു കാരണവുമില്ലാതെ ആ റേഷൻ സംവിധാനത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്നത് പ്രതികാര ബുദ്ധിയോടുകൂടിയാണ്. പാവപ്പെട്ട മനുഷ്യരോടുള്ള ബി.ജെ.പി.യുടെ സമീപനം എന്താണെന്ന് വിളിച്ചോതുന്നതാണ്. ഇത്തരം നടപടികളിൽ ശക്തമായി പ്രതിഷേധിക്കാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ ഇതിനെക്കാൾ വലിയ അപകടം നാളെ വരാൻ പോകുകയാണ്. ഇങ്ങനെ മതേതരത്വവും ചേരിചേരാ നയവുമെല്ലാം തകർത്തുകൊണ്ട്, ഈ പാവപ്പെട്ട മനുഷ്യരെ, പിന്നോക്ക വിഭാഗക്കാരെ, അടിച്ചമർത്തപ്പെട്ട വിഭാഗക്കാരെ ഈ അവസ്ഥയിലേക്കു കൊണ്ടുപോയി

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തെ ഫാസിസത്തിലേയ്ക്കു കൊണ്ടുപോകാൻ ശ്രമിക്കുകയാണ്. അതുകൊണ്ട് ഇഞ്ചിഞ്ച് സമരം ചെയ്യുന്നതിന് കക്ഷി പരിഗണന കൂടാതെ ഒരു നിലപാട് എടുക്കാൻ ഇനിയെങ്കിലും നമുക്ക് സാധിക്കണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. കാരണം കുറെ നാളുകളായി എനിക്ക് ദു:ഖം തോന്നിയിട്ടുണ്ട്. ഈ ബി.ജെ.പി. ഗവൺമെന്റ് എടുത്ത നിലപാടുകളെ, നടപടികളെ, ഏതെങ്കിലും സന്ദർഭത്തിൽ രൂക്ഷമായി വിമർശിക്കാൻ, പ്രതിഷേധിക്കാൻ, ഈ പ്രതിപക്ഷ ഭാഗത്തു നിന്ന് ഒരു നീക്കവും ചലനവുമുണ്ടായില്ലായെന്നുള്ളത് ദു:ഖകരമായ ഒരു വസ്തുതയാണ്. ഈ സന്ദർഭത്തിലെങ്കിലും ഈ വിഷയത്തിന്റെ പേരിലെങ്കിലും മുൻകൈ എടുക്കുകയും അതിനൊപ്പം നിൽക്കുകയും ഈ പ്രതിഷേധം രേഖപ്പെടുത്താൻ തങ്ങൾ സന്നദ്ധമാണെന്ന് പറയുകയും ചെയ്ത പ്രതിപക്ഷത്തെ ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുകാണ്. അതുപോലെ തുടർന്നും ജനങ്ങൾക്ക് എതിരായി നീക്കം ഉണ്ടാകുമ്പോൾ പ്രതികരിക്കാൻ സാധിക്കണം. ഈ രാജ്യത്ത് നമ്മൾ ആർജ്ജിച്ച നേട്ടങ്ങളെ തകർക്കാൻ വേണ്ടിയുള്ള നിലപാടുകൾ ഉണ്ടാകുമ്പോൾ അതിൽ പ്രതിഷേധിക്കാൻ കഴിയണം. യോജിച്ച പ്രതിഷേധ പ്രവർത്തനങ്ങളുമായിട്ട് മുന്നോട്ടുപോയാൽ മാത്രമേ ഏറെക്കാലം കൊണ്ട് ഇടതുപക്ഷപ്രസ്ഥാനങ്ങളും ജനാധിപത്യ പ്രസ്ഥാനങ്ങളും എല്ലാം ചേർന്ന് നേടിയ നമ്മുടെ രാജ്യത്തിന്റെ നേട്ടങ്ങളെ നമുക്ക് സംരക്ഷിക്കാൻ കഴിയൂ. അതിന്റെ തുടക്കമാകട്ടെ ജനങ്ങൾക്കെതിരായി വന്ന ഈ നടപടികൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിന്റെ വികാരം പ്രതിഫലിപ്പിക്കാൻ ഇങ്ങനെ യോജിച്ച ഒരു പ്രമേയം കൊണ്ടുവന്നത്. ഇത് ഈ സഭയിൽ അംഗീകരിക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്.

ശ്രീ. കെ. എം. മാണി: സർ, ഇന്നലെ അർദ്ധരാത്രി നടപ്പിലാക്കിയ കേന്ദ്രഗവൺമെന്റിന്റെ നയം വാസ്തവത്തിൽ കേരളത്തിന് വമ്പിച്ച കെടുതികളാണ് വരുത്തി വച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് നമ്മുടെ സഭയിലെ എല്ലാ രാഷ്ട്രീയ കക്ഷികൾക്കും ഒരുമിച്ച് നമ്മുടെ വികാരങ്ങൾ പ്രകടിപ്പിക്കാൻ കിട്ടിയ അവസരം വളരെ വിലപ്പെട്ടതാണ്. വാസ്തവത്തിൽ പാചക വാതക സിലിണ്ടറിന് 151.60 രൂപയായിരുന്നത് 196.35 രൂപയായി ഉയർത്തിയപ്പോൾ കേരളത്തിൽ ഈ പാചക വാതക സിലിണ്ടറിന് വില ഇരട്ടി തന്നെയാണ്. ഇത് വളരെ ദുർവഹമാണ്. സബ്സിഡിയിൽ 30 രൂപയുടെ കുറവ് വന്നിട്ടുണ്ട്. മണ്ണെണ്ണയ്ക്കാണെങ്കിൽ ലിറ്ററിന് 2.67 രൂപയായിരുന്ന സ്ഥാനത്ത് ഇനി 5.80 രൂപയായിട്ട് ഉയരും. അതാണ് 6 രൂപവരെയാകുമെന്ന് ഇവിടെ പറഞ്ഞത്. മണ്ണെണ്ണ ലിറ്ററിന് 3.13 പൈസ വർദ്ധനവ് തന്നെയാണ് ഉണ്ടായിരിക്കുന്നത്. ഇത് ആരെക്കൊണ്ട് താങ്ങാൻ കഴിയും. പാവപ്പെട്ട ചെറ്റ കുടിലുകളിലൊക്കെ പഴയകാലത്തെ പാട്ടവിളക്കുകളാണ്. അവിടെ ഇലക്ട്രിക് ബൾബില്ല. അപ്പോൾ ഈ വർദ്ധനവ് പാവപ്പെട്ട ആളുകൾക്ക് വളരെയധികം പ്രയാസമുണ്ടാക്കുന്നതാണ്. അവർക്ക് വളരെയധികം കെടുതികൾ വരുത്തി വയ്ക്കുന്ന നടപടിയെന്നുള്ള നിലയിൽ സർവ്വശക്തിയും പയോഗിച്ചുകൊണ്ട് ഇതിനെ എതിർക്കേണ്ടിയിരിക്കുന്നു. കേന്ദ്രമന്ത്രി ശ്രീ. രാജഗോപാൽ വന്നപ്പോൾ പറഞ്ഞു സബ്സിഡി എന്നു പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

പഴഞ്ചൻ നയമാണെന്ന്. സബ്സിഡി മുഴുവൻ പിൻവലിക്കണമെന്നു പറയുന്നത് പിൻതിരിപ്പൻ നയമാണ്. യാതൊരു സംശയവുമില്ല. ചില മേഖലയിൽ സബ്സിഡി വേണ്ടി വരും. ചില മേഖലയിൽ അനാവശ്യമായിട്ടുള്ളത് പിൻവലിക്കേണ്ടി വരും. ആവശ്യമുള്ളത് നിലനിർത്തേണ്ടി വരും. വികസിത രാജ്യങ്ങളിൽ അവർ ഉൽപാദന മേഖലയിലും സേവന മേഖലയിലും പലപ്പോഴും സബ്സിഡികൾ കൊടുത്തുകൊണ്ടാണ് സാമ്പത്തിക വികസനം നേടിയെടുത്തിട്ടുള്ളത്. സാമ്പത്തിക വികസനം നേടിയെടുത്തശേഷം വികസ്വരരാജ്യങ്ങളോട് അവർ പറയുന്നു നിങ്ങൾ സബ്സിഡി കൊടുക്കരുത്. ഇത് നമുക്കൊരിക്കലും അനുകരണീയമായിട്ടുള്ള കാര്യമല്ല. ഞാൻ സിദ്ധാന്തപരമായി അക്കാര്യത്തിലേയ്ക്കു കടക്കുന്നില്ല. ഒരു കാര്യം ഞാൻ പറയട്ടെ, ഇവിടെ റേഷൻ അരിയുടെ സബ്സിഡി കേന്ദ്ര ഗവൺമെന്റ് എടുത്തു കളഞ്ഞു. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ സംബന്ധിച്ചിടത്തോളം റേഷൻ അരിയുടെ സബ്സിഡി പരിമിതപ്പെടുത്തി, 42 ശതമാനം വരുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കായി പരിമിതപ്പെടുത്തി. കേന്ദ്ര ഗവൺമെന്റിന്റെ കണക്കനുസരിച്ച് 25 ശതമാനം ആണ്. ബാക്കി 17 ശതമാനത്തിന് നമ്മൾ തന്നെ സബ്സിഡി കൊടുക്കേണ്ടി വന്നിരിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടായിരിക്കുകയാണ്. റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചു. ഇപ്പോൾ മണ്ണെണ്ണയ്ക്കും പാചകവാതകത്തിനും വില വർദ്ധിപ്പിച്ചു. ഞാൻ ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രിയോടും മുഖ്യമന്ത്രിയോടും ഒരു കാര്യം അഭ്യർത്ഥിക്കുകയാണ്. നമ്മൾ ഇത് ലഘുവായിട്ട് കാണരുത്. നമ്മുടെ ഈ പ്രമേയം മാത്രം പോര. കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചപ്പോൾ റേഷൻ അരിയുടെ സബ്സിഡി പരിമിതപ്പെടുത്തി കേരളത്തെ സംബന്ധിച്ചിടത്തോളം മുഖ്യമന്ത്രി ആകട്ടെ ഭക്ഷ്യമന്ത്രിയാകട്ടെ കേന്ദ്രത്തിൽ പോയി പ്രധാനമന്ത്രിയെ കണ്ട് ഇക്കാര്യം ധരിപ്പിക്കാൻ കഴിഞ്ഞില്ല എന്നുള്ളത് നിർഭാഗ്യകരമാണ്. അത് നിൽക്കട്ടെ. എന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറഞ്ഞു മുഖ്യമന്ത്രി ഡൽഹിയിൽ ചെന്നപ്പോൾ പ്രധാനമന്ത്രി ഇല്ലായിരുന്നു. അതുകൊണ്ട് മുഖ്യമന്ത്രി ഒരു കത്തെഴുതി വച്ചിട്ട് പോന്നുവെന്ന്. എന്റെ അഭിപ്രായത്തിൽ അത് കഴിഞ്ഞ് ആദ്യത്തെ അവസരത്തിൽ തന്നെ വീണ്ടും ഡൽഹിയിൽ പോകേണ്ടിയിരുന്നു. ഇതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ള കാര്യം ഇവിടെ ഈ പ്രമേയം കൊണ്ട് തൃപ്തിപ്പെട്ടിരിക്കാൻ പാടില്ല. മുഖ്യമന്ത്രിയാകട്ടെ ഭക്ഷ്യമന്ത്രിയാകട്ടെ അല്ലെങ്കിൽ ആൾ പാർട്ടി ഡെലിഗേഷൻ ആകട്ടെ ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഡൽഹിയിൽ പോയി പ്രധാനമന്ത്രിക്കു മുന്നിൽ കേരളത്തിന്റെ ആവശ്യം നിരത്തി വയ്ക്കാൻ, ഈ നിലപാട് പിൻവലിക്കാൻ ഒരു സന്നദ്ധ നീക്കം കേരളാ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ഘടകകക്ഷിയായ ടി.ഡി.പി. ശക്തിയായി പ്രതിഷേധിച്ച് വാക്കൗട്ട് നടത്തിയിട്ടുപോലും ബി.ജെ.പി. സർക്കാർ മണ്ണെണ്ണയ്ക്കു വില കൂട്ടിയ സാഹചര്യത്തിൽ വെറുതെ, ഞങ്ങൾ പോയി കണ്ടാൽ എന്നു പറയുന്നത് .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : പെസിമിസം എന്നുള്ളതാണെങ്കിൽ എന്തിനാണ് ഈ ചർച്ച ? എന്തിന് ഈ പ്രമേയം പാസ്സാക്കുന്നു? അങ്ങേയ്ക്കു തന്നെ ഇത് യൂസ്‌ലെസ്സായി തോന്നുന്നുവെങ്കിൽ ഈ സഭയുടെ സമയം കളയുന്നത് എന്തിനാണ് ? എന്റെ അഭിപ്രായം ശുഭാപ്തി വിശ്വാസത്തോടെ, ധീരമായി കേരളത്തിന്റെ അവകാശം കേന്ദ്രത്തിന്റെ മുമ്പിൽ പ്രകടിപ്പിക്കുവാൻ തയ്യാറാകണം. ഫലമുണ്ടാകട്ടെ. ഒഴിഞ്ഞു മാറാൻ തയ്യാറാകരുത്. സപ്പോസ് കേന്ദ്രം അതിന് തയ്യാറാകുന്നില്ലായെങ്കിൽ പാവപ്പെട്ടവരുടെ സബ്‌സിഡി എടുത്തു കളയണമെന്നാണോ ഭക്ഷ്യവകുപ്പുമന്ത്രി പറയുന്നത്. റേഷൻ അരിയുടെ സബ്‌സിഡി അവർ കുറച്ചപ്പോൾ സംസ്ഥാന ഗവൺമെന്റ് ബാക്കിയുള്ള 17 ശതമാനം ആളുകൾക്ക് കൂടി സബ്‌സിഡി നിറുത്തലാക്കാൻ തയ്യാറായി. സംസ്ഥാന ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ട്. ഒന്നുകിൽ പിൻവലിപ്പിക്കണം. അല്ലെങ്കിൽ മണ്ണെണ്ണയ്ക്കും പാചകവാതകത്തിനും സബ്‌സിഡി തുടർന്ന് നൽകണം. ഒന്നുകിൽ ഡൽഹിയിൽ പോയി ഇത് പിൻവലിക്കണം. അല്ലെങ്കിൽ പഴയപടി മണ്ണെണ്ണയ്ക്കു സബ്‌സിഡി നൽകണം. പഴയ പോലെ പാചകവാതകത്തിന് സബ്‌സിഡി തുടരണം. അതിനാവശ്യമായ സാമ്പത്തിക സഹായം സംസ്ഥാന ഗവൺമെന്റ് നൽകണം. അതിൽ നിന്നും ഒഴിഞ്ഞുമാറുവാൻ കേന്ദ്രത്തെ മാത്രം പഴി പറഞ്ഞ് ഒഴിഞ്ഞുമാറുവാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകരുത്. യോജിച്ച് ഒരു പ്രമേയം പാസ്സാക്കി ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഡൽഹിയിൽ സമ്മർദ്ദം ചെലുത്തി ഇത് പിൻവലിപ്പിക്കുവാൻ ആദ്യമായി ശ്രമിക്കുക, അല്ലെങ്കിൽ ഇതിന്റെ ദുരന്തം, ഈ ഭാരം പാവപ്പെട്ടവരെ അടിച്ച് ഏൽപിക്കുവാൻ പറ്റുകയില്ല. പിൻവലിച്ചില്ലെങ്കിൽ അവസരത്തിനൊത്ത് ഉണർന്ന് പ്രവർത്തിക്കുകയും പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് മണ്ണെണ്ണയുടെയും പാചക വാതകത്തിന്റെയും കാര്യത്തിൽ സബ്‌സിഡി തുടർന്ന് കിട്ടത്തക്കവണ്ണമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, മണ്ണെണ്ണയുടെയും ഗ്യാസിന്റെയും വില വർദ്ധിപ്പിച്ച നടപടി ഈ രാജ്യത്ത് കഴിഞ്ഞ കുറെ വർഷങ്ങളായി പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായി കൊണ്ടുവന്ന നീക്കങ്ങളുടെ തുടർച്ചയാണ്. ഗാട്ട് കരാറുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളിൽ ഇന്ത്യ പോലുള്ള അവികസിത രാജ്യങ്ങളിൽ കാർഷിക മേഖലയ്ക്കുള്ള സബ്‌സിഡി, ഭക്ഷ്യ സബ്‌സിഡി, ദുർബല ജനവിഭാഗങ്ങൾക്കുമുള്ള സബ്‌സിഡി ഇതെല്ലാം പിൻവലിക്കണമെന്ന് സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന രാജ്യങ്ങളാണ് നിർദ്ദേശം മുന്നോട്ട് വച്ചത്. ഏതായാലും ഗാട്ട് കരാറിനെത്തുടർന്ന് വേൾഡ് ട്രേഡ് ഓർഗനൈസേഷൻ നിലവിൽ വന്നു. വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെ സുപ്രധാനമായ യോഗം ഏതാനും മാസങ്ങൾക്കു മുമ്പ് സിയാറ്റിനിൽ കൂടി. ആ വേൾഡ് ട്രേഡ് ഓർഗനൈസേഷനോടുള്ള പ്രതികരണം ഇവിടെ പ്രകടമായി. വികസിത രാജ്യങ്ങളായ അമേരിക്കയിൽ നിന്നും യൂറോപ്പിൽ നിന്നും ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഏഷ്യൻ രാജ്യങ്ങളിൽ നിന്നും അവിടെ എത്തിയിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആയിരക്കണക്കിന് ധീരയോദ്ധാക്കൾ വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെ ഒരു യോഗം പോലും നടത്തിച്ചിട്ടില്ല. ഉദ്ഘാടന സമ്മേളനത്തിനുവേണ്ടി ഹോട്ടലിൽനിന്നും ഇറങ്ങി തിരിച്ചവർക്ക് ഒരടി മുന്നോട്ടു പോകാൻ കഴിഞ്ഞില്ല. സമ്മേളന ഉദ്ഘാടനയോഗം നടത്തിയില്ല. അവരെയെല്ലാം അവിടെനിന്നും നീക്കം ചെയ്യാൻ ശ്രമിച്ചു. നീക്കം ചെയ്ത് പഴയതുപോലെ മടങ്ങിവന്നു. മൂന്നു ദിവസത്തെ കോൺഫറൻസിൽ ഒറ്റ യോഗം പോലും നടത്താതെ വേൾഡ് ട്രേഡ് ഓർഗനൈസേഷന് അവിടെ നിന്നും പിരിഞ്ഞു പോകേണ്ടതായി വന്നു. എന്തിനാണ് ഇതുപോലെ പ്രതികരണമുണ്ടായത്. ഈ പുത്തൻ സാമ്പത്തിക നയത്തിന്റെ അടിസ്ഥാനത്തിലുണ്ടായിട്ടുള്ള വേൾഡ് ട്രേഡ് ഓർഗനൈസേഷൻ, ദരിദ്ര രാജ്യങ്ങളെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുമെന്ന് ഉത്തമബോദ്ധ്യമുള്ള പതിനായിരക്കണക്കിന് ചെറുപ്പക്കാരാണ് അവിടെ കൂടിയത്. അതിനോടുള്ള ഇന്ത്യാ ഗവൺമെന്റിന്റെ പ്രതികരണം ശരിയല്ല. ആ വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെ യോഗം കൂടാതെ പോയത് സങ്കടകരമായി പോയി. നമ്മുടെ പ്രധാനമന്ത്രി പറഞ്ഞത് എന്താണ് ? ആ നയത്തിന്റെ തുടക്കത്തിൽ അന്ന് ആ നീക്കങ്ങളോട് ചെറുത്തുനിന്ന രാജ്യങ്ങളുണ്ട്. ചൈന ചെറുത്തു നിന്നു. അവർക്ക് അനുകൂലമായ ഘടകങ്ങൾ ഉണ്ടാകുമ്പോൾ എഗ്രിമെന്റ് ഒപ്പിടുമെന്ന് പറഞ്ഞു. അന്ന് കേന്ദ്രത്തിൽ അധികാരത്തിൽ വന്ന നരസിംഹറാവു ഗവൺമെന്റ് എല്ലാ ഭാഗത്തുനിന്നും എതിർപ്പുകൾ ഉണ്ടായിട്ടും ഇന്ത്യയ്ക്ക് ഗുണം ചെയ്യുമെന്ന് പറഞ്ഞുകൊണ്ട് ആ ഗാട്ട് കരാറിൽ ഒപ്പിടുകയല്ലേ ചെയ്തത്. അതിന്റെ തുടർച്ച അല്ലേ ഇത്. 1991-ൽ അധികാരത്തിൽ വന്ന നരസിംഹറാവു ഗവൺമെന്റ് യാതൊരു സംശയവുമില്ലാതെ എല്ലാ എതിർപ്പുകളേയും അവഗണിച്ചുകൊണ്ട് ശ്രീ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിൽ ഗാട്ട് കരാറിനോട് പരിപൂർണ്ണമായി സഹകരിച്ചു. ഇന്ത്യയെ സാമ്പത്തികമായി തകർക്കുന്ന യൂറോപ്യൻ രാജ്യങ്ങൾ മുഴുവൻ സബ്സിഡികൾക്ക് വേണ്ടി പോരാടുകയാണ്. കാർഷിക മേഖലയിൽ സബ്സിഡികൾ കൊണ്ടല്ലേ അവർ മുന്നേറിയത്. യൂറോപ്യൻ രാജ്യങ്ങൾക്ക് മുഴുവൻ സബ്സിഡികൾ വേണം. ആ സബ്സിഡികൾ വെട്ടി കുറയ്ക്കണമെന്നാണ് അമേരിക്ക പറയുന്നത്. ഇങ്ങനെയാണെങ്കിൽ സാമ്പത്തിക നില തകരുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിനുശേഷം ജപ്പാൻ ഉൾപ്പെടെ സൗത്ത്-ഈസ്റ്റ്-ഏഷ്യൻ രാജ്യങ്ങളിലെ മുഴുവൻ സമ്പദ്ഘടനയും തകർത്തില്ലേ, അത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ആ നില ഉണ്ടാക്കിയെടുത്തശേഷം ഇന്ന് അധികാരത്തിൽ ഇരിക്കുന്ന കേന്ദ്രഗവൺമെന്റ് കോൺഗ്രസ് ഗവൺമെന്റിനേക്കാൾ ആവേശകരമായി ഇത് നടപ്പാക്കി. അതിനേക്കാൾ ആവേശകരമായി ഈ കാര്യത്തിൽ അവർ തമ്മിൽ യോജിപ്പാണ്. ഈ കാര്യത്തിൽ കോൺഗ്രസ്സും ബി.ജെ.പി.യും യോജിപ്പല്ലേ ? ഈ സാമ്പത്തിക നയത്തിന്റെ കാര്യത്തിൽ യോജിപ്പാണ്. തെറ്റ് പറ്റിയാൽ തെറ്റാണെന്ന് പറയണ്ടേ ? ശ്രീ. എ. കെ.ആന്റണി, അദ്ദേഹം മറുപടി പറയേണ്ടതാണ്. ഈ സാമ്പത്തിക നയങ്ങൾ ലോക വ്യാപാര കരാർ ഒപ്പിടുവിച്ച പല വ്യവസ്ഥകളും തിരുത്തേണ്ടതാണ്. അവരുടെ പാർട്ടിയിൽ അഭിപ്രായമുണ്ടായിയെന്ന് പത്രത്തിൽ വായിച്ചു. അതിൽ ഉറച്ചു നിൽക്കുന്നുണ്ടോ ? അവർ എടുത്ത നയങ്ങൾ പലതും തിരുത്തേണ്ടതാണെന്നുള്ള അഭിപ്രായം അവരുടെ സമ്മേളനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പൊന്തിവന്നുവെന്ന് പത്രങ്ങളിൽ വന്നു. തെറ്റ് തെറ്റാണെന്ന് അംഗീകരിച്ചു കൊണ്ട് ഇതിനെതിരെ ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളിലെയും പ്രതിനിധികൾ പ്രതിഷേധിക്കുമ്പോൾ ഇനി അവർക്ക് അങ്ങനെ മുന്നോട്ടു പോകാൻ കഴിയുകയില്ല. അന്ന് സ്വീകരിച്ച പലതും തിരുത്തേണ്ടതായിട്ട് വരും. പാവപ്പെട്ട ആളുകൾക്ക് ആനുകൂല്യം കൊടുത്ത്, ദുർബല വിഭാഗങ്ങൾക്ക് കൈത്താങ്ങ് കൊടുത്തുകൊണ്ട് കാർഷികമേഖല ഉൾപ്പെടെയുള്ള മേഖലകൾക്കു ആവശ്യമായ സബ്സിഡി നൽകികൊണ്ട് മാത്രമേ അവികസിത രാജ്യങ്ങൾക്കു ഉയർന്നുവരാൻ കഴിയുകയുള്ളൂ. ഒപ്പം മൽസരിക്കാൻ കഴിയുകയില്ല. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന കാര്യങ്ങൾ, നിങ്ങൾ സ്വയം പര്യാപ്തമാകുക, കോമ്പറ്റിറ്റീവ് ആകുക, മൽസര രംഗത്ത് മുന്നേറുക, കയറ്റുമതി രംഗത്ത് ഏറ്റവും മിച്ചമുണ്ടാക്കുക, എവിടെയാണ് മിച്ചം ? എങ്ങോട്ടാണ് കയറ്റുമതി ചെയ്യാൻ കഴിയുന്നത് ? അമേരിക്ക തുടങ്ങിയിട്ടുള്ള രാജ്യങ്ങളോട് മൽസരിക്കാൻ കഴിയുമോ ? അമേരിക്ക, ചൈന, ജപ്പാൻ തുടങ്ങിയവർ ഇപ്പോൾ മുന്നിലാണ്. യൂറോപ്യൻ എക്ക്ണോമിക് കമ്മ്യൂണിറ്റി ഉണ്ടായതോടുകൂടി അവിടെ ഒരു യോജിപ്പുണ്ടോ ? ഈ രണ്ടുമൂന്നു ശക്തികൾക്ക് ഇതിന്റെ പ്രയോജനമുണ്ടാകും. അവർ ചെറുത്തുനിൽക്കും അവർ തമ്മിൽ ചില ധാരണയുണ്ടാകും. ഇന്ത്യ പോലെയുള്ള രാജ്യങ്ങൾ ഈ കാര്യത്തിൽ പിന്നോക്കം തള്ളപ്പെടും. ലോകവ്യാപാര കരാർ പൊളിച്ചെഴുതുന്നതിനുവേണ്ടി അതി ശക്തമായ നീക്കം നടത്തണം. ഈ കേരള നിയമസഭയും ഈ നയത്തിനെതിരെ പോരാടണം. അതുകൊണ്ട് സബ്സിഡികൾ നിലനിറുത്തണം. പാചകവാതകത്തിന്റെയും മണ്ണെണ്ണയുടെയും വില കുറയ്ക്കണം. റേഷൻ സബ്സിഡി കുറയ്ക്കുന്ന ഭീഷണി നമ്മുടെ മുമ്പിൽ നില്ക്കുന്നു. അതിനെതിരെ കുറച്ചു കക്ഷികൾ ചെറുത്തു നിൽക്കുന്നു. അവരുടെ ചെറുത്തുനിൽപ്പ് ശക്തമാകട്ടെയെന്നാണ് നമ്മുടെ ആശംസ. അതുപോലെ പെട്രോളിന്റെയും ഡീസലിന്റെയും വില കൂടുമെന്ന് കേൾക്കുന്നു. അതുകൊണ്ട് കേരളം ഒറ്റക്കെട്ടായി ഈ കാര്യത്തിൽ പ്രതിഷേധിക്കണം. അതിന് മുഖ്യമന്ത്രി അവിടെ പോയോ, അവിടെ ഫുഡ് മിനിസ്റ്റർ പോയോ എന്നുള്ളതാണോ ഇവിടെ വിഷയം, ബഹുമാനപ്പെട്ട കെ.. എം. മാണി അത് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് എടുത്ത തീരുമാനങ്ങൾ അല്ലേ തിരുത്തേണ്ടത്. അതിനെതിരെ നമുക്ക് ഒറ്റക്കെട്ടായി നിൽക്കണം. ശ്രീ. എ. കെ. ആന്റണിയുടെ പാർട്ടിക്കകത്ത് നടത്തിയ ചർച്ചകൾ പത്രത്തിൽ വായിച്ചു, ശരിയാണ്, ഈ നയങ്ങൾ തിരുത്തണമെന്ന അഭിപ്രായമുള്ള ഒട്ടധികം ആളുകൾ ഇതിനകത്തുണ്ട്. അതനുസരിച്ച് കോൺഗ്രസിന്റെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള നീക്കമുണ്ടായാൽ കേരളത്തിനും രാജ്യത്തിനും അത് രക്ഷയാകും. ഈ കാര്യത്തിൽ ഒറ്റക്കെട്ടായി പ്രതിഷേധിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റ് ഈ തീരുമാനത്തിൽ നിന്നും പിന്നോക്കം പോകണം. സാധാരണ ജനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നിലനിറുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി. എം. ജേക്കബ് : സർ, നമ്മുടെ സഭയിൽ ഇപ്പോൾ ചർച്ച ചെയ്യുന്ന വിഷയം നമുക്കെല്ലാവർക്കും ആലോചിക്കാൻ കഴിയുന്ന ഒന്നാണ്. അതുകൊണ്ടുതന്നെ യോജിച്ച് റൂൾ 275 അനുസരിച്ച് ഇവിടെ പ്രമേയം

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കുകയും ചെയ്യുന്നു. ഇങ്ങനെ ഒരു പ്രമേയം ഇവിടെ പാസ്സാക്കുമ്പോൾ ആ പ്രമേയം നടപ്പിലാക്കിയെടുക്കുക എന്നുള്ള ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനാണ്. ഇത്ര അസ്വസ്ഥർ ആയാൽ എങ്ങനെയാണ് ? ഞാൻ ഇത് പറയുന്നതിന്റെ അർത്ഥം നിങ്ങൾ മനസ്സിലാക്കുക. ഇവിടെ സ്റ്റാറ്റ്യൂട്ടറി റെസല്യൂഷൻ പാസ്സാക്കിയാൽ, സ്റ്റാറ്റ്യൂട്ടറി റെസല്യൂഷൻ യോജിച്ച് പാസ്സാക്കിയാൽ അതിന്റെ ഫോളോ അപ് ആക്ഷൻ നടത്തേണ്ടതിനും നമ്മുടെ സഭയുടെ വികാരം മാനിച്ചുകൊണ്ട് ഇത് നടപ്പിലാക്കിയെടുക്കേണ്ടതിനുമുള്ള ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനാണ്. അല്ലാതെ നമുക്കാണോ ? അല്ല. ഞങ്ങളുടെ സപ്പോർട്ടും ഈ കാര്യത്തിൽ ഉണ്ടാകും. ഇവിടെ നമ്മുടെ നിയമസഭയുടെ ചരിത്രം പരിശോധിച്ചാൽ നമ്മൾ ഇവിടെ പല സ്റ്റാറ്റ്യൂട്ടറി റെസല്യൂഷനും പാസ്സാക്കിയിട്ടുണ്ട്. കേന്ദ്രത്തിലേയ്ക്ക് നമ്മൾ അയച്ചുകൊടുത്തിട്ടുണ്ട്. അനൗദ്യോഗിക പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. അയച്ചുകൊടുത്തിട്ടുണ്ട്. അയച്ചുകൊടുക്കുന്ന പ്രമേയങ്ങൾക്ക് എന്തു വില കാലാകാലങ്ങളിൽ കേന്ദ്രഗവൺമെന്റ് കൊടുത്തിട്ടുണ്ട് എന്നുള്ളത് വസ്തുനിഷ്ഠമായ ഒരു വിശകലനത്തിന് വിധേയമാക്കേണ്ട സംഗതിയാണ്. ഇത്രയും ഗൗരവമായ ഒരു വിഷയം ഇവിടെ ചർച്ചയ്ക്കു വന്നതുതന്നെ ഞങ്ങൾ നിർബന്ധപൂർവ്വം ആവശ്യപ്പെട്ടതുകൊണ്ടാണ്. അവിടെ നിന്നും സമ്മതിച്ചു. ഞങ്ങൾ ആവശ്യപ്പെട്ടതു കൊണ്ടല്ലേ ഇവിടെ ഇപ്പോൾ ചർച്ച നടന്നത്. ഇല്ലെങ്കിൽ ചർച്ച നടക്കില്ല. അല്ലെങ്കിൽ വേറെ മാർഗ്ഗത്തിലേയ്ക്ക് നിങ്ങൾ മാറ്റിയേനെ. നിങ്ങൾ എന്തിനാണ് തർക്കിക്കുന്നത് ? ഞങ്ങൾക്ക് ആ കാര്യത്തിൽ അഭിമാനമുണ്ട്. ഞങ്ങളുടെ ജോലി ഞങ്ങൾ ചെയ്തിട്ടുണ്ട്. പ്രതിപക്ഷത്തുനിന്നുമുള്ള ആളുകൾ എന്ന നിലയിൽ ഞങ്ങൾക്ക് ഇതിനകത്ത് ഉത്തരവാദിത്വമുണ്ട്. ഈ സ്റ്റേറ്റിനെ ബാധിക്കുന്ന ഗുരുതരമായ ഒരു വിഷയം എന്നുള്ള നിലയിൽ ഞങ്ങൾ ഈ സഭയിൽ കൊണ്ടുവന്നു. ഞങ്ങൾ അത് പാസ്സാക്കാൻ കൂട്ടു നിൽക്കുന്നു. റൂൾ 275 അനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി റെസല്യൂഷനെ ഞങ്ങൾ പിൻതാങ്ങുകയാണ്. ഞങ്ങളുടെ അവകാശമാണല്ലോ ഞങ്ങൾ ചെയ്തത്. റൂൾ 50 ഞങ്ങളുടെ അവകാശത്തിൽപ്പെട്ട കാര്യമാണ്. അതല്ലേ ഇപ്പോൾ ഇവിടെ ചർച്ച നടക്കുന്നത്? ഒരിക്കലും ഉണ്ടാകാത്ത ഒരു സമീപനം സ്വീകരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട സ്പീക്കർ ഈ ചർച്ചയ്ക്ക് അനുവാദം തന്നിരിക്കുന്നത്.....(ബഹളം)... ഇങ്ങനെ ബഹളമുണ്ടാക്കിയാൽ എങ്ങനെയാണ് ? ഒരു കാര്യം പറയാൻ സമ്മതിക്കൂ. ഇങ്ങനെ ബഹളമുണ്ടാക്കിയാൽ എന്താണ് ചെയ്യുന്നത് ? ആവശ്യമുള്ളതാണോ ആവശ്യമില്ലാത്തതാണോ എന്ന് ഞാൻ തീരുമാനിക്കാം മെഴ്സിക്കുട്ടീ. മെഴ്സിക്കുട്ടി എന്റെ വായ്ക്കകത്തു കയറി വർത്തമാനം പറയണ്ട. എനിക്കറിയാം നിയമസഭയിൽ എങ്ങനെ പറയണമെന്ന്. എന്റെ വായ്ക്കകത്ത് മെഴ്സിക്കുട്ടി കയറിയിരിക്കണ്ട. കേട്ടോ. എങ്ങനെ വർത്തമാനം പറയണമെന്ന് എനിക്കറിയാം. എന്നെ പഠിപ്പിക്കാനൊന്നും പോരണ്ട. ചുമ്മാ അവിടെയിരിക്ക്. എങ്ങനെ വർത്തമാനം പറയണമെന്ന് എനിക്ക് നന്നായിട്ടറിയാം. ഞാൻ സഭയിൽ വന്ന് സംസാരിക്കുന്ന ആളാണ്. ഞാൻ പറഞ്ഞ കാര്യങ്ങളൊന്നും തെറ്റല്ല. ഞാൻ പറഞ്ഞത് ഈ പ്രമേയം പാസ്സാക്കിക്കഴിഞ്ഞാൽ ഇത് നടപ്പിലാക്കിയെടുക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുത്ത് ചെയ്യണമെന്നാണ്. അതിനെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

പറയുമ്പോൾ ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞു, ഇവിടെ റെയിൽവേയുടെ പ്രശ്നം വന്നു. നമ്മൾ യോജിച്ചുനിന്നു. നമ്മുടെ എം.പി. മാർ കേന്ദ്രത്തിൽ യോജിച്ചുനിന്നു. റേഷൻ സബ്സിഡി കുറയ്ക്കാൻ തീരുമാനമെടുത്തു. നമ്മൾ യോജിച്ചുനിന്നു. നമ്മുടെ സ്റ്റേറ്റിനെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമാണ്. ഇതിനകത്തെല്ലാം നമ്മൾ യോജിച്ചുനിന്നു. ഇത് കേന്ദ്രത്തിൽ പോയി ഒന്നിച്ചുനിന്ന് പറയാനുള്ള അവസരം ഉണ്ടാക്കേണ്ടത് ആരാണ്? ഗവൺമെന്റിനു പോകാം, മുഖ്യമന്ത്രിക്കു പോകാം. ഭക്ഷ്യമന്ത്രിക്കു പോകാം. ഭക്ഷ്യമന്ത്രി പോയിരുന്നു. മുഖ്യമന്ത്രി പോയിട്ടു കണ്ടില്ല, ഇനി അദ്ദേഹം പോകുമെന്നു പറഞ്ഞു. നല്ല കാര്യം. മുഖ്യമന്ത്രിക്കും ഭക്ഷ്യമന്ത്രിക്കും ഇനിയും പോകാം. കുഴപ്പമില്ല. ഇതിനകത്ത് എല്ലാവരുടേയുംകൂടി കൂട്ടായ സംരംഭം വേണമെങ്കിൽ നിങ്ങളല്ലേ ഇനിഷ്യേറ്റീവ് എടുക്കേണ്ടത് ? ഞാൻ കഴിഞ്ഞ ദിവസം ഈ സഭയിൽ തന്നെ പറഞ്ഞു, ഇതിനെ സംബന്ധിച്ച ഒരു അഖിലകക്ഷി നിവേദക സംഘം പോകണമെന്ന്. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൻ വേണമെങ്കിൽ പൊയ്ക്കൊള്ളാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞത് ഈ സഭാ രേഖയ്ക്കകത്തുണ്ട്. അദ്ദേഹം ഉപയോഗിച്ച വാക്കാണ് ഞാൻ പറഞ്ഞത്. ഇത്രയും നിരുത്തരവാദപരമായി ഒരു മുഖ്യമന്ത്രി സംസാരിക്കുന്നത് ശരിയാണോ ? ഇത് കൂട്ടായ ഒരു ശ്രമത്തിലൂടെ നടപ്പിലാക്കി എടുക്കേണ്ടതാണ്. റെയിൽവേയുടെ കാര്യത്തിൽ കുറച്ചെങ്കിലും മുന്നോട്ടു പോകാൻ കഴിഞ്ഞുവെങ്കിൽ അത് നമ്മുടെ എം.പി. മാരുടെ കൂട്ടായ ശ്രമമാണ്. കേന്ദ്രത്തിൽ നമ്മളാരും ഭരണത്തിലില്ല. ബി.ജെ.പി. യാണ് ഭരിക്കുന്നത്. മന്ത്രി ഇവിടെ പറഞ്ഞല്ലോ, മുഖ്യമന്ത്രി പറഞ്ഞു റ്റി.ഡി.പി. എതിർത്തിട്ടുപോലും ബി.ജെ.പി. ക്കാർ ഓരേ ലൈൻ സ്വീകരിച്ചു പോകുകയാണെന്ന്. അദ്ദേഹം തന്നെ ഇപ്പോൾ ഇവിടെ പറഞ്ഞു. അവരുടെ ഘടകകക്ഷികളിൽപ്പെടുന്ന ആളുകൾ പോലും എതിർത്തിട്ട്, ഈ വക കാര്യങ്ങളിൽ തങ്ങൾക്ക് ഒരു നിലപാടുണ്ട് എന്നുള്ള സമീപനം ബിജെ.പി. സ്വീകരിച്ചിരിക്കുന്നു. അതിനെതിരെ നമ്മുടെ എം.പി.മാർ യോജിച്ച് പോരാട്ടം നടത്തി. ആ കാര്യത്തിൽ നമുക്ക് അഭിമാനിക്കാം. ആ എം.പി.മാരേയും കൂട്ടി ഇവിടെനിന്നും ഒരു അഖിലകക്ഷി നിവേദക സംഘം അവിടെച്ചെന്ന് കേന്ദ്രം ഭരിക്കുന്ന ആളുകളെ കണ്ട് കാര്യമൊന്നു ബോധ്യപ്പെടുത്തിയാൽ ഒന്നും സംഭവിക്കാൻ പോകുന്നില്ല. നമ്മുടെ സ്റ്റേറ്റിന്റെ അവകാശം നമുക്ക് നേടിയെടുക്കാൻ സാധിക്കും. അതിനെക്കുറിച്ച് നിങ്ങൾ ചിന്തിക്കണമെന്ന് പറയാൻ വേണ്ടിയാണ് ഞാനിതു പറഞ്ഞത്. അതുൾക്കൊള്ളാനുള്ള ഒരു സഹിഷ്ണുത അപ്പുറത്തിരിക്കുന്ന ആളുകൾ കാണിക്കുകയില്ലല്ലോ. കാർഷിക സബ്സിഡിയെ സംബന്ധിച്ചും പാചക വാതക ഗ്യാസിനെ സംബന്ധിച്ചും അതുപോലെ മണ്ണെണ്ണയുടെ വില വർദ്ധനവിനെ സംബന്ധിച്ചും നമ്മൾ ചർച്ച നടത്തുന്നു. കാർഷിക സബ്സിഡി കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ കുറച്ചിരിക്കുന്നു. റബ്ബർ മേഖലയെ ബാധിക്കുന്ന, പ്ലാന്റേഷനെ ബാധിച്ചിരിക്കുന്ന ഗുരുതരമായ വിഷയമാണ്. അപ്പോൾ ഈ സബ്സിഡികൾ എടുത്തുകളയുന്ന സമീപനത്തോട് നമുക്ക് യോജിക്കാൻ, സാധ്യമല്ല. സ്റ്റാറ്റ്യൂട്ടറി റേഷൻ നിലനിൽക്കുന്ന ഈ സ്റ്റേറ്റിൽ റേഷനുള്ള സബ്സിഡി തുടർന്നേ പറ്റൂ. ഉദാരവൽക്കരണം നമ്മുടെ രാജ്യത്തിന് വലിയ ഗുണം ചെയ്യുന്നില്ല എന്ന നിലയിലേയ്ക്ക് വന്നിട്ടുണ്ട്. ശ്രീ. പി.ജെ. ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ് പാർട്ടിയെ ഉപദേശിക്കുന്നതു കേട്ടു. ഞാൻ അദ്ദേഹത്തോട് ചോദിക്കട്ടെ, അദ്ദേഹത്തിന് അത് ഇഷ്ടപ്പെടുമോ എന്ന് എനിക്കറിഞ്ഞുകൂടാ. 1996-ൽ ഇലക്ഷൻ കഴിഞ്ഞതിനുശേഷം കേന്ദ്രത്തിൽ ആദ്യം അധികാരത്തിൽ വന്നത് ദേവഗൗഡയാണ്. അതു കഴിഞ്ഞ് ഐ. കെ. ഗുജറാളാണ് പ്രധാനമന്ത്രിയായി ഇരുന്നത്. ഗാട്ട് കരാറിൽ നമ്മൾ ഒപ്പിട്ടത് തെറ്റാണെന്ന് ബോധ്യമുണ്ടെങ്കിൽ 6 മാസം നോട്ടീസ് കൊടുത്താൽ നമുക്ക് പിന്മാറാം. ദേവഗൗഡ അതു ചെയ്തോ ? ഐ. കെ. ഗുജറാൾ അതു ചെയ്തോ ? രണ്ടുപേരും ചെയ്തില്ല. രണ്ടുപേരും അത് ചെയ്യേണ്ടതല്ലേ ? സി.പി.ഐ.ക്കാർ ആ ഭരണത്തിലുണ്ടായിരുന്നു. സി.പി.എം. കാർ പിന്താങ്ങിയ ഗവൺമെന്റാണ്. ഇവിടെ നടന്ന സംഭവമല്ലേ? 21 മാസം അവർ ഭരിച്ച് ഇറങ്ങിപ്പോയി. ഈ 21 മാസക്കാലത്തിനിടയിൽ ഗാട്ട് കരാറിൽ നിന്നും പിൻമാറാനുള്ള ഒരു സമീപനവും സ്വീകരിച്ചില്ല. അത് ശ്രീ. പി. ജെ. ജോസഫ് മറന്നുപോയോ എന്നറിഞ്ഞു കൂടാ. അദ്ദേഹത്തെ ഞാൻ ഒന്ന് ഓർമ്മിപ്പിക്കാൻവേണ്ടി പറഞ്ഞുവെന്നേയുള്ളൂ. നമ്മുടെ ഭക്ഷ്യമന്ത്രി പറഞ്ഞ കണക്ക് അനുസരിച്ച് 32,348 കിലോ ലിറ്റർ മണ്ണെണ്ണ നമുക്ക് ആവശ്യമുണ്ട് എന്നാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോൾ നിലവിലുള്ള റേറ്റ് 2 രൂപ 90 പൈസയാണ്. അതിന് പ്രൊപ്പോസ് ചെയ്തിരിക്കുന്ന എൻഹാൻസ്മെന്റ് 5 രൂപ 80 പൈസയാണ്. ഏകദേശം ഇരട്ടി. ഇത് നമുക്ക് ഒരിക്കലും താങ്ങാൻ കഴിയുന്ന സംഗതിയല്ല. അതുപോലെ പാചക വാതകം. കേരളത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ എല്ലാ വീട്ടിലെ ആളുകളും ആഗ്രഹിക്കുന്ന സംഗതിയാണ്. അതിന് 51 രൂപ കൂട്ടിയിരിക്കുന്നു. 169.70 ആണ് ഇപ്പോൾ നിലവിലുള്ളത്. അത് 220.70 പൈസയായി വരാൻ പോകുകയാണ്. അതുകൊണ്ട് ഇങ്ങനെയുള്ള നീക്കങ്ങൾ മന്ത്രി തന്നെ ഇവിടെ സൂചിപ്പിച്ചു. പെട്രോളിന്റെയും ഡീസലിന്റെയും വില കൂട്ടാനുള്ള സാധ്യതയും വരുന്നുണ്ടെന്ന്. ഈ തെക്കേയറ്റത്തു കിടക്കുന്ന ഈ കൊച്ചു കേരളം എന്തായിത്തീരുമെന്നതിനെ സംബന്ധിച്ച് ഭയാശങ്കയിൽ കഴിയുകയാണ്. ഇതിനെതിരായിട്ട് യോജിച്ച ഒരു നീക്കം നടത്താൻ ഞങ്ങളാരും എതിരല്ല. അതുകൊണ്ട് വെറുതെ കുറ്റം പറയുകയാണ് എല്ലാ കാര്യത്തിലും. അത് ഞാനിവിടെ ശ്രദ്ധിച്ചു. പലയാളുകളും. കോൺഗ്രസിനെ കുറ്റം പറഞ്ഞാൽ സുഖമുണ്ടോ ? ഇപ്പോൾ കോൺഗ്രസല്ലല്ലോ കേന്ദ്രം ഭരിക്കുന്നത്. ഇപ്പോൾ ബി.ജെ.പി.യാണ് കേന്ദ്രം ഭരിക്കുന്നത്.കോൺഗ്രസ് ഗവൺമെന്റ് പോയിട്ട് തൊട്ടടുത്തുവന്ന ഗവൺമെന്റ് യു.ഡി.എഫ്. ഗവൺമെന്റാണ്. സി.പി.ഐ. കാർ പങ്കാളിയായ ഗവൺമെന്റ്. സി. പി. എം. പിന്താങ്ങിയ ഗവൺമെന്റ്. ജനതാദളിന്റെ പ്രധാനമന്ത്രിമാർ രണ്ടെണ്ണം ഭരിച്ചു. എന്നിട്ടും നിങ്ങൾക്ക് ചെയ്യാൻ കഴിയാത്ത കാര്യത്തിന്റെ പാപഭാരം എല്ലാംകൂടി കോൺഗ്രസുകാർ ഏറ്റുകൊള്ളണമെന്നു പറയുന്നത് ശരിയല്ല. കോൺഗ്രസിന്റെ സാമ്പത്തികനയത്തിൽ തന്നെ അതിന്റെ കമ്മിറ്റിയുടെ ചെയർമാൻ ആയിരുന്ന ആളാണല്ലോ ശ്രീ. എ. കെ. ആന്റണി. അദ്ദേഹം കൊടുത്ത റിപ്പോർട്ടിനകത്ത് പറഞ്ഞിട്ടുണ്ട്. ഇന്നത്തെ സാമ്പത്തികനയം നമുക്ക് അനുകൂലമല്ല. നമുക്ക് അതിനകത്ത് യോജിച്ചു നിൽക്കാം. അങ്ങനെ ഒരു യോജിച്ച സമീപനം സ്വീകരിച്ച് സ്റ്റേറ്റിന്റെ ഉത്തമതാൽപര്യങ്ങളെ പരിരക്ഷിക്കാൻവേണ്ടി നിൽക്കുകയും ഈ പാസ്സാക്കുന്ന പ്രമേയം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കി എടുക്കാനുള്ള ശ്രമം ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗത്തുനിന്നും ഉണ്ടാകുകയും വേണം. ഞങ്ങൾ അതിനോട് പൂർണ്ണമായിട്ടും യോജിക്കാൻ തയ്യാറാണ് എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, കേരളത്തിലെ സാമാന്യ ജനങ്ങൾക്ക് അങ്ങേയറ്റം ബുദ്ധിമുട്ടുണ്ടാക്കുന്നതും അതുപോലെ ഇന്ത്യയിൽ തന്നെ ബി.ജെ.പി.യടക്കമുള്ള കക്ഷികൾക്ക് വോട്ടു ചെയ്ത ബഹുഭൂരിപക്ഷം വരുന്ന പാവങ്ങൾ ആ പാവങ്ങൾക്ക് അങ്ങേയറ്റം ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു നടപടിയാണ് പ്രത്യേകിച്ച് മണ്ണെണ്ണയുടെ വില കൂട്ടുക എന്നത്. 20 ശതമാനം ആളുകൾക്കു പോലും വീട്ടാവശ്യത്തിന് വൈദ്യുതിയില്ലാത്ത നമ്മുടെ നാട്ടിൽ മണ്ണെണ്ണയെ ആശ്രയിക്കുന്ന മൽസ്യത്തൊഴിലാളികളടക്കമുള്ള ആളുകളുടെ അവസ്ഥ, ഒരു പക്ഷേ അടുത്തകാലത്തൊന്നും ഇതുപോലുള്ള ഒരു ഗുരുതരമായ പ്രതിസന്ധി ഉണ്ടായിട്ടുണ്ടാകില്ല. നിശ്ചയമായും കേരളത്തെ പോലെ ഒരു സംസ്ഥാനത്തിന് ഈ പ്രശ്നത്തിൽ ഇന്ത്യയിലെ പാവപ്പെട്ട ആളുകളെ അണിനിരത്തിക്കൊണ്ട് ഈ ജനവിരുദ്ധ നയങ്ങളെ പരാജയപ്പെടുത്താൻ ശ്രമിക്കാൻ സാധിക്കുന്നതാണ്. ഇവിടെ ബഹുമാന്യരായ, പ്രമുഖരായ നേതാക്കൾ സംസാരിച്ച അവസരത്തിൽ, ശ്രീ. കെ. എം. മാണിയാണെന്നു തോന്നുന്നു, കേരളത്തിലെ ഈ വില വർദ്ധനവ്, ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ അതിനെതിരായി നമ്മൾ പ്രകടിപ്പിക്കുന്ന പ്രതിഷേധം, ആ പ്രതിഷേധം ഒറ്റ ശബ്ദത്തിൽ പ്രകടിപ്പിക്കേണ്ട ഈ ഘട്ടത്തിൽ, ഇതുകൊണ്ടുണ്ടായ ബുദ്ധിമുട്ടുകൾ സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്നു തോന്നുന്ന രൂപത്തിലുള്ള ഒരു പരാമർശം നടത്തി കേന്ദ്രത്തിന്റെ ഈ നയത്തിന് എതിരായി നമ്മൾ യോജിച്ച് ഒരു പ്രമേയം പാസ്സാക്കുന്ന അവസരത്തിൽ ഈ അഭിപ്രായപ്രകടനം നടത്തുന്നത് സംസ്ഥാനത്തിന്റെ താൽപര്യത്തിന് എതിരാകാനും അതുപോലെ ഈ ജനവിരുദ്ധനയം കൊണ്ടുവന്ന കേന്ദ്ര ഗവൺമെന്റിനെ ആക്ഷേപിക്കുന്നത് കുറച്ച് ദുർബലമാക്കാനുമേ സാധിക്കൂ. രണ്ടാമത്തെ പ്രശ്നം, ഇവിടെ ശ്രീ. ദേവഗൗഡ ഭരിച്ചു, ശ്രീ. ഐ. കെ. ഗുജറാൾ ഭരിച്ചു. ഇവർ രണ്ടുപേരും പ്രധാനമന്ത്രിമാർ ആയിരുന്ന അവസരത്തിലും നമ്മുടെ രാസവളങ്ങൾക്കു നൽകിയ സബ്സിഡി കുറച്ചു എന്നോ, അരിക്കു നൽകിയ സബ്സിഡി കുറച്ചുവെന്നോ, മണ്ണണ്ണയ്ക്കു നൽകിയ സബ്സിഡി കുറച്ചു എന്നോ, കാർഷിക മേഖലയോട് ദ്രോഹം കാണിച്ചുവെന്നോ ഉള്ള ഒരു ഉദാഹരണം പറഞ്ഞുകൊണ്ട് ബഹുമാന്യനായ റ്റി. എം. ജേക്കബിനു വിമർശിക്കാൻ സാധിച്ചില്ല. എല്ലാവർക്കും അറിയാവുന്നതാണ്, ദേവഗൗഡയും അതുപോലെ ഗുജറാളും ഭരിച്ചത് കോൺഗ്രസ് (ഐ) യുടെ ഭൂരിപക്ഷം കൊണ്ടാണ് എന്ന്, പിന്തുണ കൊണ്ടാണ് എന്ന്. കോൺഗ്രസ് (ഐ) നേതാവ് ശ്രീ. മൻമോഹൻ സിംഗ് സ്വീകരിച്ച സാമ്പത്തിക നയത്തിന് പ്രതികൂലമായ ഒരു നിലപാട് സ്വീകരിച്ചാൽ ദേവഗൗഡ, ഗുജറാൾ ഗവൺമെന്റുകളെ ഞങ്ങൾ പിന്താങ്ങില്ല എന്ന് പലരും പ്രഖ്യാപിച്ചിട്ടുണ്ട്. അപ്പോൾ ഒരു ബി.ജെ.പി. യേതര ഗവൺമെന്റിനെ താൽക്കാലികമായി അധികാരത്തിൽ എത്തിക്കാൻ, നിലനിർത്താൻ.....

ശ്രീ. കെ. എം. മാണി : ഭരണം നിലനിർത്താൻ വേണ്ടി മാത്രമാണോ നിങ്ങൾ വിശ്വാസമനുസരിച്ച് ഗാട്ട് കരാറിൽ നിന്ന് പുറത്തുപോകാൻ കഴിയുമായിരിക്കെ

LIBRARY ARCHIVES Kerala Legislative Assembly

അതു ചെയ്യാതിരുന്നത് ഭരണം നിലനിർത്താനാവാതെ താഴെ പോകുമെന്നുള്ളതുകൊണ്ടാണോ അതിൽ നിന്ന് പിൻതിരിഞ്ഞത്?

ശ്രീ. സി. കെ. നാണു : ലോക രാഷ്ട്രീയ രംഗത്തുനിന്നും സോവിയറ്റ് യൂണിയന്റെ ശക്തികൾ ഇൻഡ്യയ്ക്കും അതുപോലെ അവികസിത രാജ്യങ്ങൾക്കും അനുകൂലമായി ഉപയോഗിക്കാൻ സാധിക്കാത്ത സാഹചര്യം വന്നതിനുശേഷം ചൈനയടക്കമുള്ള രാജ്യങ്ങൾക്ക് പ്രതിസന്ധിയുണ്ടായി. പക്ഷേ സമർത്ഥമായ നേതൃത്വത്തിൽ അമേരിക്കയുടെ ഭീഷണികളെ സാമ്പത്തിക രംഗത്തുള്ള ഭീഷണികളെ അതിജീവിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു. അത് ചൈന സ്വീകരിച്ചതുപോലെ ദേവഗൗഡയും ഗുജറാളും ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ഘട്ടത്തിൽ കോൺഗ്രസ് ഐ. യുടെ പിൻതുണയുണ്ടായിരുന്നിട്ടും അമേരിക്കയുടെ നിർബന്ധമായ ഭീഷണിയുണ്ടായിട്ടും സാമ്പത്തിക രംഗത്ത് ഞാൻ പറഞ്ഞതുപോലെ ലോകസംഘടനകളുമായി നമ്മളുണ്ടാക്കിയ കരാറിന്റെ പേരിൽ ഉണ്ടാകുമായിരുന്ന ബുദ്ധിമുട്ടുകളെ തടുത്തു നിർത്താൻ സാധിച്ചു. അങ്ങനെ സാധിച്ചില്ല എന്നൊരു പ്രശ്നം നിങ്ങൾക്ക് പറയാൻ സാധിക്കുകയില്ല. അതുപോലെതന്നെ സ്വന്തമായ ശക്തികൊണ്ടല്ല ഭരിച്ചത്. കോൺഗ്രസ്-ഐ, ഇടതുപക്ഷകക്ഷികൾ ഇവരുടെ പിൻതുണകൊണ്ടാണ് ഭരിച്ചത്. മൻമോഹൻ സിംഗ് വളരെ വ്യക്തമായി പറഞ്ഞു ഞങ്ങളുടെ സാമ്പത്തിക നയത്തെ എതിർക്കുന്ന നിലപാട് സ്വീകരിച്ചാലും ഞങ്ങൾ കോൺഗ്രസിന് പിന്തുണ നൽകുകയില്ല. അതുകൊണ്ട് എനിക്ക് തോന്നുന്നു ബി.ജെ.പി. ഗവൺമെന്റിനെ പിന്തുണയ്ക്കുന്ന കക്ഷികൾ പോലും, സംഘടനങ്ങളിൽ പ്രാമുഖ്യമുള്ള എല്ലാ കക്ഷികളും തെലുങ്കുദേശം കക്ഷി, ചന്ദ്രബാബുവിന്റെ കക്ഷി, ഹരിയാന വികാസ് പാർട്ടി, ആ കക്ഷികൾക്കൊന്നും ഇന്നുമായി സഹകരിച്ചു നിൽക്കാൻ സാധിക്കുകയില്ല. ബി.ജെ.പി. ഗവൺമെന്റ് അതിന്റെ അവസാനത്തെ കളികളിലേയ്ക്ക് നീങ്ങുകയാണ്. ഇന്ത്യാ രാജ്യത്തിലെ സാമാന്യജനങ്ങളുടെ ശക്തിയെന്താണെന്ന് ബി.ജെ.പി.ക്ക് മനസ്സിലായിട്ടില്ല. ഈ നടപടികൾക്കെതിരായി ഇന്ത്യാരാജ്യത്ത് ഉയർന്നുവന്ന ജനശക്തികളുടെ മുമ്പാകെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കും നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും നേതൃത്വപരമായ പങ്കുവഹിച്ചുകൊണ്ട് ബി. ജെ. പി. ഗവൺമെന്റിന്റെ ജനദ്രോഹപരമായ നടപടികളെ പിൻവലിക്കാൻ സാധിക്കുന്നതാണ്. അതുകൊണ്ട് യോജിച്ചുകൊണ്ടുള്ള ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : മുമ്പ് ആരോ സംസാരിച്ചതുപോലെ ദക്ഷിണ ഭക്ഷ്യ മേഖല അവസാനിപ്പിച്ച് സംസ്ഥാന ഭക്ഷ്യമേഖല 1966-ൽ സ്ഥാപിച്ചപ്പോഴാണ് നമ്മുടെ നാട്ടിൽ റേഷനിംഗ് സമ്പ്രദായം തുടങ്ങിയത്. ആ റേഷനിംഗ് സമ്പ്രദായത്തിൽ 1999-2000 ആയപ്പോൾ അരിക്ക് വിലവർദ്ധിപ്പിച്ചത് പിൻവലിക്കണമെന്ന് പറഞ്ഞുകൊണ്ട് നമ്മളിവിടെ ഒരു പ്രമേയം കൊണ്ടുവന്നു. സബ്സിഡി കൊടുക്കണമെന്ന് പറഞ്ഞു. പക്ഷേ നിയമസഭയിൽ ഈ പാർട്ടികളെല്ലാം പ്രതിഷേധിച്ചിട്ടും ജനങ്ങളുടെ ഇടയിൽ ഒരു ചലനവും ഉണ്ടായിട്ടില്ല. കാരണം റേഷനിംഗ് സമ്പ്രദായം റേഷൻ കടക്കാർക്കുവേണ്ടിയുള്ള വിധത്തിലാകുന്നു എന്നുള്ള ധാരണയാണ് ഈ രാജ്യത്തുവന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ പഞ്ചസാരയുടേയും മണ്ണെണ്ണയുടെയും വില വർദ്ധിച്ചാൽ വരാൻപോകുന്നത് വലിയ ആഘാതമായിരിക്കും. പഴയതിനേക്കാൾ കൂടുതലായിട്ട് ആളുകൾ പ്രതികരിക്കാൻ തുടങ്ങും. വിളക്കിൽ മാത്രമല്ല സാധാരണക്കാരൻ ഉപയോഗിക്കുന്ന സ്റ്റൗവിലും മണ്ണെണ്ണയാണ് ഉപയോഗിക്കുന്നത്. ആഹാരം പ്രിപ്പയർ ചെയ്യാൻ സാധാരണക്കാരൻ സ്റ്റൗവാണ് ഉപയോഗിക്കുന്നത്. വിറകിന് അത്ര ഭയങ്കര വിലയാണ്. ഗ്യാസ് വാങ്ങുന്ന ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ കാണും. അതിനു മുകളിലോട്ടുള്ളവരും കാണും. വില വർദ്ധിക്കുന്നത് നമ്മെപ്പോലുള്ളവർക്ക് വിഷമമാണ്. സാധാരണക്കാരനെ സംബന്ധിച്ച് മണ്ണെണ്ണയുടെ വില കൂട്ടുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അടുക്കള ഉപയോഗം മാത്രമല്ല, കടലിൽ ഒരൊറ്റ വള്ളവും പോവുകയില്ല. ഇന്ന് മണ്ണെണ്ണ ആവശ്യപ്പെടുന്നവർക്ക് കൊടുക്കാൻ കഴിയുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് സാധാരണ ആവശ്യത്തിനും മത്സ്യബന്ധനത്തിനും മണ്ണെണ്ണ ചോദിക്കുന്നത് കൊടുക്കാൻ കഴിയുന്നില്ല. അത്ര വളരെ വിഷമമാണ്. സാധാരണക്കാരനെ ബാധിക്കുന്ന വലിയ ഒരു പ്രശ്നമാണിത്. കുടുംബങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. ജനങ്ങൾ പ്രതികരിക്കാൻ തയ്യാറാകണം. അതു പറയുമ്പോൾ ആരാണ് ഇതിന് ഉത്തരവാദി എന്ന് ഇപ്പുറത്തൊരു കൂട്ടർ അങ്ങോട്ട് നോക്കി പറയും, നിങ്ങളല്ലേ ഉദാരവൽക്കരണം നടത്തിയതെന്ന് പറയും. അപ്പുറത്തു പറയും നിങ്ങൾക്ക് ക്യാൻസൽ ചെയ്യാമെന്ന്. രണ്ടും ശരിയാണ്. എല്ലാവരും ഉത്തരവാദികളാണ്. ആരും പറയേണ്ട. നിങ്ങളും വഴക്കിടേണ്ട. ആറു മാസത്തിനകം അത് ചെയ്യാമായിരുന്നു. ധൈര്യമായിട്ട് ചെയ്യണ്ടേ? പക്ഷേ ഇന്നാവശ്യം യോജിച്ച വിധത്തിലുള്ള നടപടിക്രമമാണ്. നമ്മുടെ ഷിപ്പ് ബിൽഡിംഗ് യാർഡ് ഒരുകാലത്ത് നമുക്ക് തരുകയാണെങ്കിൽ എന്നുപറഞ്ഞയവസരത്തിൽ കേരളത്തിൽ രാഷ്ട്രീയം മറന്ന് ഒരു സമരം നടത്തി. ഈ സംസ്ഥാനത്ത് നമുക്കത് നേടിയെടുക്കാൻ കഴിഞ്ഞു. രാഷ്ട്രീയം മറന്ന് അങ്ങോട്ടുമിങ്ങോട്ടും പറയാതെ ഈ പ്രശ്നം സാധാരണ ജനങ്ങളുടെ പ്രശ്നമെന്ന നിലയിൽ യോജിച്ച് പ്രമേയം പാസ്സാക്കാൻ മാത്രമല്ല ഇതിനെതിരായ വിധത്തിലുള്ള നീക്കം നടക്കണം. അതിനാവശ്യമായ നടപടികൾ വരണം. ഇതിൽ ഒരൊറ്റ അഭ്യർത്ഥനയേയുള്ളൂ. സെയിൽസ്ടാക്സ് എങ്കിലും ഒഴിച്ചുകളയണം. അത് ഈ ഗവൺമെന്റിന്റെ ആത്മാർത്ഥത മനസ്സിലാക്കാനാണ്. ഈ ഗവൺമെന്റിനു ആത്മാർത്ഥതയുണ്ടെങ്കിൽ ജനങ്ങളുടെ കൂടെ നിന്ന് സെയിൽസ്ടാക്സ് എങ്കിലും ഒഴിച്ചുകൊണ്ട് വർദ്ധിച്ച ഈ വില കൂട്ടാതിരിക്കാൻ നടപടിയുണ്ടാകണം. നമ്മളെല്ലാം പറയും ഡീസൽ വിലയിൽ വർദ്ധനവ് വന്നാൽ കാറോടിക്കുന്നവർക്ക് മാത്രമല്ലേ ബാധകമാവൂ. പെട്രോൾ വില കൂടിയപ്പോൾ ഡീസലിലേക്ക് പോയി. ഡീസൽ കാറുകാർക്ക് വേണമെങ്കിൽ ഏതാണ്ട് പഴയ കാലത്തൊക്കെ ഉപയോഗിക്കുന്നതുപോലെ കരിഎൻജിൻ വയ്ക്കുന്നതു പോലെ വയ്ക്കാം. പക്ഷെ ലോറികളിലും മറ്റും സാധനമിറക്കുന്നതിന് വിലകൂടും. അപ്പോൾ ഇതൊന്നു തടഞ്ഞുനിർത്താൻ ആ വിധത്തിലുള്ള നടപടികൾക്ക് ഗവൺമെന്റ് തയ്യാറാകണം, യോജിച്ചുള്ള പ്രമേയത്തിന് തയ്യാറാകണം. പുറത്തിറങ്ങി യോജിപ്പുള്ള പ്രക്ഷോഭത്തിന് തയ്യാറാകണം. ഒരു ഗവൺമെന്റും യോജിച്ചു നിൽക്കുന്ന ജനങ്ങളുടെ മുമ്പിൽ മുട്ടുമടക്കാതിരിക്കില്ല. യോജിച്ച പ്രക്ഷോഭണം ആരു നടത്തിയാലും അത് നേടിയെടുക്കാൻ തയ്യാറാണെന്നുകണ്ടാൽ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളും ആ പ്രക്ഷോഭണത്തിന് തയ്യാറാകും. അതിനുവേണ്ടിയുള്ള അന്തരീക്ഷമുണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. എന്റെ പാർട്ടിയും എന്നുപറഞ്ഞാൽ തകരാറില്ലല്ലോ, കക്ഷി എന്നു പറയണോ? എല്ലാ വിധ പിന്തുണയും ഉണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ വാക്കുകൾ അവസാനിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : റേഷൻ സാധനങ്ങളുടെ വില കൂട്ടിയതിൽ കേരളത്തിലെ ജനങ്ങൾ അന്തംവിട്ടിരിക്കുകയായിരുന്നു. 'ഇടിവെട്ടിയവനെ പാമ്പുകടിച്ചു' എന്നുപറഞ്ഞതുപോലെയാണ് ഈ ഇരുട്ടടി. പാചകവാതകത്തിന്റെ വിലവർദ്ധനവും മണ്ണെണ്ണയുടെ വില ഇരട്ടി കൂടിയതും യാതൊരു കാരണവശാലും നമുക്ക് അനുകൂലിക്കാൻ കഴിയുകയില്ല. നരസിംഹറാവു ഗവൺമെന്റ് വരുത്തിവച്ച വിനയുടെ ദുരന്തത്തിലാണ് നമ്മൾ ഇപ്പോൾ പെട്ടുകറങ്ങുന്നത്. ലോക മുതലാളിത്തം പാവപ്പെട്ട രാജ്യങ്ങളെ ചൂഷണം ചെയ്യാൻ യൂറോ കറൻസി വരെ ഏർപ്പെടുത്തി. ആ യൂറോ കറൻസിയുടെ വ്യാപാരംകൂടി പൂർത്തിയായാൽ നമ്മുടെ ഗതി അധോഗതിയാകും. ഈ സമയത്ത് പാലക്കാട്ടുകാരൻ കൂടിയായ രാജഗോപാൽ കേരളത്തിൽ നടത്തുന്ന പ്രചരണങ്ങളെ കണ്ടില്ലെന്നു നടിക്കാൻ പറ്റുകയില്ല. രാജഗോപാൽ എന്റെ നാട്ടുകാരൻ കൂടിയാണ്. പക്ഷേ അദ്ദേഹത്തിന് ചിലപ്പോൾ സ്ഥലജലഭ്രമമുണ്ടാകുന്നുണ്ട്. പൗഡറും സോപ്പും മാറ്റി അരി വാങ്ങാൻ അദ്ദേഹം കേരളത്തിലെ ജനങ്ങളെ ഉപദേശിച്ചിരിക്കുകയാണ്. വടക്കേന്ത്യയിൽ പോയിവന്നപ്പോൾ അദ്ദേഹത്തിന് കേരളത്തിന്റെ പ്രകൃതിയും സംസ്ക്കാരവും, കേരളത്തിലെ ജനങ്ങളോടുള്ള പ്രതിബദ്ധതയും നഷ്ടപ്പെട്ടു എന്നാണ് തോന്നുന്നത്. അദ്ദേഹത്തെ ഒന്ന് ഭംഗിയായി ഗവൺമെന്റ് ഉപദേശിക്കണം. അല്ലെങ്കിൽ മറ്റെന്തെങ്കിലും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഞാൻ അഭ്യർത്ഥിക്കുന്നു. താങ്കളിപ്പോൾ ഗാന്ധിയൻ സോഷ്യലിസവും നെഹ്റു സോഷ്യലിസവും തിരിച്ചുവരണമെന്ന് ആഗ്രഹിക്കുന്നുണ്ടല്ലോ. അങ്ങനെയെങ്കിൽ താങ്കളുടെ പാർട്ടി ജനങ്ങളെയെല്ലാം അണിനിരത്തിയാൽ ജനങ്ങളൊക്കെ അതിന്റെകൂടെയുണ്ടാകും. വലിയ ഒരു പോരാട്ടം പ്രതിപക്ഷത്തിന്റെ ചുമതല അനുസരിച്ച് ഏറ്റെടുക്കുന്ന കാര്യത്തിൽ ഇനി ഉറക്കം നടിക്കരുത് എന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. കേരളീയരുടെ മുഖത്ത് കരിതേയ്ക്കാനുള്ള ശ്രീ. രാജഗോപാലിന്റെ നീക്കത്തെ നിയന്ത്രിക്കണം. അതോടൊപ്പം കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും താൽപര്യത്തിനുവേണ്ടിയുള്ള ഏകകണ്ഠമായ പിൻതുണയും എന്റെ പാർട്ടിയുടെ മുഴുവൻ പിൻതുണയും ഈ കാര്യത്തിൽ വാഗ്ദാനം ചെയ്യുന്നു.

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, സംസ്ഥാനത്തെ മൂന്നുകോടി ജനങ്ങളെ ബാധിക്കുന്ന വളരെ ഗുരുതരമായ ഒരു പ്രശ്നം ഇന്ന് സഭാ
11A.M.] നടപടികൾ നിർത്തിവച്ച് ഈ ചട്ടങ്ങൾപോലും മാറ്റിവച്ചുകൊണ്ട് നമ്മുടെ നിയമസഭ ചർച്ച ചെയ്യാൻ തയ്യാറായത് ഞാൻ പൂർണ്ണമായി സ്വാഗതം ചെയ്യുകയാണ്. ഈ സംസ്ഥാനത്തെ മൂന്നുകോടി ജനങ്ങളുടെ ശക്തമായ പ്രതിഷേധം ഈ നടപടിയിലൂടെ കേന്ദ്ര ഗവൺമെന്റിനെ ബോധ്യപ്പെടുത്താൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഇന്ന് കേന്ദ്രത്തിൽ അധികാരത്തിൽ ഇരിക്കുന്ന ബി. ജെ.പി. ഗവൺമെന്റ് നമ്മുടെ രാജ്യത്തെ അടിസ്ഥാനതൊഴിലാളി വർഗ്ഗത്തിന്റെയും സാധാരണക്കാരുടെയും താല്പര്യത്തിനു വിരുദ്ധമായിട്ടാണ് പ്രവർത്തിക്കുന്നത്. റേഷൻ അരിക്ക് വില വർദ്ധിപ്പിച്ച നടപടിയിലൂടെ നമ്മുടെ രാജ്യത്തെ 32 കോടി വരുന്ന ദരിദ്ര നാരായണന്മാരായ ജനങ്ങൾക്ക് എതിരെയാണ് ഇവർ പ്രതികരിച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സർവ്വേയിൽ ഇന്ത്യാ രാജ്യത്ത് 32 കോടി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങൾ ഉണ്ടെന്നാണ് അവകാശപ്പെടുന്നത്. ജീവൻ നിലനിർത്താൻ മതിയായ ആഹാരം കഴിക്കുവാൻ നിവർത്തിയില്ലാത്തവർ, ജോലി ചെയ്യുവാൻ ആവശ്യമായ ഊർജ്ജം സംഭരിക്കുവാൻ മതിയായ ഭക്ഷണം കഴിക്കുവാൻ നിവർത്തിയില്ലാത്തവർ 32 കോടി ജനങ്ങൾ ഇന്ത്യാ രാജ്യത്ത് ഉണ്ടെന്ന് കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സർവ്വേയിൽ പറയുന്നു. ഏതൊരു ഭരണകൂടത്തിന്റെയും പ്രാഥമിക ഉത്തരവാദിത്വം ജീവൻ നിലനിർത്താൻ മതിയായ ആഹാരം കഴിക്കുവാൻ നിവർത്തിയില്ലാത്ത ജനങ്ങൾക്ക് അതിനു ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി കൊടുക്കുക എന്നുള്ളതാണ്. ആ സന്ദർഭത്തിൽ 32 കോടി ദരിദ്ര നാരായണന്മാരുള്ള ഇന്ത്യാ രാജ്യത്ത് കേന്ദ്ര ഗവൺമെന്റ്, റേഷൻ പോലും വാങ്ങിക്കുവാൻ ക്രയശേഷിയില്ലാത്ത ജനങ്ങൾക്ക് ഒരു കിലോ അരിക്ക് 4 രൂപ ആയിരുന്ന റേഷൻ വില 6 രൂപ 50 പൈസയായി വർദ്ധിപ്പിച്ചു. ഞാൻ സൂചിപ്പിക്കുന്നത് ഈ രാജ്യത്തെ സാധാരണക്കാരോടും അടിസ്ഥാന ജനവിഭാഗങ്ങളോടും എന്ത് സമീപനമാണ് ബി.ജെ.പി. ഗവൺമെന്റ് സ്വീകരിച്ചത് ? അതിന്റെ തെളിവാണ് ഇപ്പോൾ വീണ്ടും മണ്ണെണ്ണയ്ക്കും പാചക വാതകത്തിനും വിലവർദ്ധനവ് കൊണ്ടുവന്നിരിക്കുന്നത്. ലിറ്ററിനു 2 രൂപ 67 പൈസ ഉണ്ടായിരുന്ന മണ്ണെണ്ണ ഈ വില വർദ്ധനവിലൂടെ 6 രൂപയായി മാറാൻ പോവുകയാണ്. നേരത്തെ ശ്രീമതി കെ. ആർ. ഗൗരിയമ്മ ഇവിടെ പറഞ്ഞതുപോലെ കേരളത്തിൽ വിളക്ക് കത്തിക്കുവാൻവേണ്ടി മാത്രമല്ല സാധാരണക്കാർ മണ്ണെണ്ണ ഉപയോഗിക്കുന്നത്. ഇന്ന് കേരളത്തിൽ വിറക് കിട്ടാനില്ല. കിട്ടിയാൽത്തന്നെ തീ വിലയാണ്. ഈ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർ പാചകത്തിനുവേണ്ടി പ്രധാനമായും മണ്ണെണ്ണയാണ് ഉപയോഗിക്കുന്നത്. കേരളത്തിൽ ലക്ഷക്കണക്കിനു പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്നത് ഇന്ന് ഔട്ട്ബോഡ് എഞ്ചിനെ ആശ്രയിച്ചുകൊണ്ടാണ്. ആ ഔട്ട്ബോഡ് എഞ്ചിൻ പ്രവർത്തിക്കണമെങ്കിൽ 600 ലിറ്റർ മണ്ണെണ്ണ ഒരു ആഴ്ച വേണ്ടിവരും. മത്സ്യബന്ധന മേഖല പൂർണ്ണമായി സ്തംഭിക്കുവാൻ പോകുകയാണ്. കേരളത്തിലെ മത്സ്യബന്ധന മേഖല മണ്ണെണ്ണയിലുള്ള വില വർദ്ധനവുമൂലം പൂർണ്ണമായി സ്തംഭിക്കുവാൻ പോകുകയാണ്. ഈ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളെ ബാധിക്കുന്ന ഏറ്റവും ഗൗരവമുള്ള പ്രശ്നമാണ് ഇത്. ഈ സംസ്ഥാനത്തെ ഇടത്തരക്കാരും ഗവൺമെന്റ് ജീവനക്കാരും അടക്കമുള്ള കുടുംബങ്ങൾ വിറക് ലഭ്യമല്ലാത്തതുകൊണ്ടും വിറകിന്റെ വില വളരെ കൂടുതൽ ആയതുകൊണ്ടും കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ പാചകവാതകത്തെ ആശ്രയിച്ചാണ് മിക്കവാറും കഴിയുന്നത്. പാചകവാതകത്തിന്റെ ഈ വിലവർദ്ധനവു ഈ സംസ്ഥാനത്തെ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

ഗുരുതരമായി ബാധിക്കുന്നതാണ്. എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞത്, ബി.ജെ.പി.യുടെ മന്ത്രി എന്ന നിലയിൽ ശ്രീ. ഒ. രാജഗോപാൽ ഈ കേരളത്തിൽ വന്ന് ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് വിരുദ്ധമായി പറഞ്ഞു. ഇദ്ദേഹത്തിനു ഇങ്ങനെ പറയുവാൻ എന്താണ് അവകാശം? ഈ സംസ്ഥാനത്തെ മൂന്നുകോടി ജനങ്ങളുടെ താൽപര്യത്തിനു വിരുദ്ധമായി വളരെ മോശമായ നിലപാടാണ് കേന്ദ്രമന്ത്രി എന്ന നിലയിൽ ഈ സംസ്ഥാനത്ത് വന്ന് അദ്ദേഹം അഭിപ്രായ പ്രകടനം നടത്തിയത്. ഈ കാര്യത്തിൽ ഒരു കാര്യം മാത്രമാണ് എനിക്ക് ചൂണ്ടി ക്കാണിക്കുവാനുള്ളത്. ബി.ജെ.പി.യുടെ ഭരണം ഈ നാടിന്, ഈ രാജ്യത്തിനു തന്നെ മഹാ വിപത്താണ്. ഈ വിപത്തിൽനിന്ന് ഈ രാജ്യത്തെ എങ്ങനെ മോചിപ്പിക്കുവാൻ കഴിയുമെന്ന് രാജ്യത്തെ സ്നേഹിക്കുന്ന, രാജ്യത്തോടു കൂറുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളും പുരോഗമന പ്രസ്ഥാനങ്ങളും ചിന്തിക്കേണ്ടതാണ്. ഇന്ന് ബി.ജെ.പി. ഗവൺമെന്റിൽതന്നെ ചില നല്ല ലക്ഷണങ്ങൾ കാണുന്നു. റേഷൻ അരിക്ക് വില വർദ്ധിപ്പിച്ചപ്പോൾ അതുപോലെ പെട്രോളിയത്തിനും മണ്ണെണ്ണയ്ക്കും പാചകവാതകത്തിനും വില വർദ്ധിപ്പിച്ചപ്പോൾ അതിലെ ഘടകകക്ഷികളായ പി.എം.കെ.യും ഡി.എം.കെയും തൃണമൂൽ കോൺഗ്രസും ശക്തമായി പ്രതികരിക്കുവാൻ തയ്യാറായിട്ടുണ്ട്. നമ്മുടെ രാജ്യത്ത് വിപുലമായ തരത്തിലുള്ള ജനകീയ പ്രക്ഷോഭണം ഈ രംഗത്ത് ഉയർത്തിക്കൊണ്ടു വരണം. ഇന്ത്യയിലെ ഇടതുപക്ഷ പാർട്ടികളും കോൺഗ്രസും അതുപോലെ എല്ലാ പാർട്ടികളും ചേർന്നുകൊണ്ട് വിപുലമായ പ്രക്ഷോഭണം വിപുലമായ ഐക്യനിര ഈ രാജ്യത്തെ ബി.ജെ.പി. ഭരണത്തിൽനിന്നും മോചിപ്പിക്കുവാൻ വേണ്ടിയുള്ള തയ്യാറെടുപ്പ് നടത്തണം. ഈ സഭയ്ക്ക് അകത്തും പുറത്തും അത്തരത്തിലുള്ള പ്രക്ഷോഭണം ഈ രാജ്യത്ത് ഉയർത്തി എടുത്തുകൊണ്ട് ഈ രാജ്യത്തെ മോചിപ്പിക്കുവാൻ കഴിയണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഈ ഗവൺമെന്റ് കൊണ്ടുവന്ന പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ടി നാണുമാസ്റ്റർ</u> : സർ, പാചകവാതകത്തിനും മണ്ണെണ്ണയ്ക്കുമുള്ള വിലവർദ്ധനവു ഇന്ന് പ്രഭാതത്തിൽ പത്രം കൈയിലെടുക്കുമ്പോൾ, ആ വാർത്ത വായിക്കുമ്പോൾ കേരളത്തിലെ സാധാരണക്കാരായ ആളുകളെ മുഴുവൻ ഞെട്ടിപ്പിക്കും. കേന്ദ്ര ഗവൺമെന്റിന്റെ ഇപ്പോഴുള്ള ഒരു പുതിയ തുടക്കമാണ് ഇന്നത്തെ ഈ സംഭവം. ഇതെല്ലാം വരുന്നത് പാതിരാവിലാണ്. സാധാരണ നമ്മുടെ നാട്ടിലൊക്കെ ആർ.എസ്.എസ്. ആക്രമം നടക്കുന്നത് പാതിരാവിലാണ്. അതിനെക്കാൾ കൊടും ഭീകരമായ ആക്രമണം ജനങ്ങൾക്കെതിരെ ബി.ജെ.പി. ഗവൺമെന്റ് കേന്ദ്രത്തിൽ അഴിച്ചുവിടുന്നു. പാതിരാപ്രഖ്യാപനം. ഈ നടപടിയെ അതിശക്തമായി എതിർക്കേണ്ടതാണ്. അതിൽ മറ്റൊന്നും മാറ്റിവയ്ക്കേണ്ട കാര്യമില്ല. ജനജീവിതം ദു:സ്സഹമാക്കാതിരിക്കുന്നതിനുവേണ്ടി ഈ നടപടിയെ വളരെ ശക്തമായി എതിർക്കുകതന്നെ വേണം. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുതൊട്ടുമുമ്പ് തെരെഞ്ഞെടുപ്പുഫലം പുറപ്പെടുവിക്കുന്നതിനുമുമ്പ് ഒരു മന്ത്രിസഭ അധികാരം ഏൽക്കുന്നതിനുമുമ്പുതന്നെ ഇന്ത്യയിലെ കുത്തക പെട്രോളിയം മുതലാളിമാരുടെ സൗകര്യത്തിനുവേണ്ടി പാതിരാവിൽ ഡീസലിന്റെ വില വർദ്ധിപ്പിക്കുയുണ്ടായി. നാണംകെട്ട നടപടി ആയിരുന്നു. ചില സാഹചര്യത്തിൽ വില വർദ്ധിപ്പിക്കേണ്ടിവരും ചില സാധനങ്ങൾക്ക് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിസിറ്റിയുടെ ചാർജ് വർദ്ധിപ്പിക്കേണ്ടി വരും. എന്നാൽ അഖിലേന്ത്യാടിസ്ഥാനത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഇലക്ട്രിസിറ്റി കൊടുക്കുന്ന സംസ്ഥാനമാണ് ഇത്. അല്പം വില വർദ്ധിപ്പിക്കേണ്ടിവരും. ജനങ്ങളുടെ സഹകരണത്തോടുകൂടി അവരുടെ പിന്തുണയോടുകൂടി അവരെ കാര്യമായി പങ്കെടുപ്പിച്ചുകൊണ്ട് അതു ചെയ്യേണ്ടിവരും. എന്നാൽ കേന്ദ്രത്തിൽ ഒരു ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്യുന്നതിനുമുമ്പ് പെട്രോളിയം കുത്തക മുതലാളിമാരെ സഹായിക്കുവാൻ വേണ്ടി ഒരു പാതിരാവിലാണ് ഡീസലിനു വില വർദ്ധിപ്പിച്ചത്. ഇപ്പോൾ ഇതിന്റെ തുടർച്ചയായി വന്നിരിക്കുകയാണ്. ഒരു ഗ്യാസ് സിലിണ്ടറിനു 50 രൂപയുടെ വില വർദ്ധനവ്, മണ്ണെണ്ണയുടെ ലിറ്ററിന് വില ഏകദേശം ആറു രൂപയായി വർദ്ധിപ്പിക്കുവാൻ പോവുകയാണ്. Aviation Turbine Fuel നിരക്ക് കൂടാൻ പോകുന്നു. ഡീസലിനു നാലു മാസം കഴിഞ്ഞ് കൂട്ടുന്ന കാര്യം പരിശോധിക്കുമെന്നാണ് യാതൊരു ഉളിപ്പും ഇല്ലാതെ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത്. ഈ അടുത്ത വർഷം ഓയിൽപ്പൂൾ കമ്മി 13,670 കോടി രൂപയാണ്. ഇതു എവിടെപ്പോയി നിൽക്കുന്നു; അതുകൊണ്ട് ഈ ഗവൺമെന്റ് തുടക്കത്തിൽതന്നെ ശക്തിയായി എതിർക്കുവാൻ ജനങ്ങളെ അണിനിരത്തുക എന്നുള്ളതല്ലാതെ എന്താണ് മാർഗ്ഗം? അതുകൊണ്ട് ആ മാർഗ്ഗത്തിലേക്ക് നമ്മൾ തിരിയേണ്ടതുണ്ട്. അതിൽ കക്ഷി വ്യത്യാസം പാടില്ല. കക്ഷി വ്യത്യാസം ഇല്ലാതെ ജനങ്ങളുടെ ജീവിതത്തിനു നമ്മുടെ സമ്പത്ത് തകരുന്ന ഏർപ്പാട് അവസാനിപ്പിക്കുവാൻ ശക്തമായ നടപടി സ്വീകരിക്കണം. ഇവിടെ പലരും സൂചിപ്പിച്ചു ജനങ്ങൾക്കുണ്ടാകുന്ന, പ്രത്യേകിച്ച് തീരദേശ ജീവിതമാകെ തകർക്കുന്ന, മത്സ്യബന്ധനം അടക്കമുള്ള മേഖലകൾ തകർക്കുന്ന ഈ നടപടികൾക്ക് എതിരായി വിരൽ ചൂണ്ടണ്ടേ ? ചൂണ്ടണം.

സർ, അതുകൊണ്ട് വളരെ ശക്തമായ നടപടികളുമായി മുമ്പോട്ടു പോകണം. ഇതിനു എല്ലാവരും കൂടി യോജിച്ചു നിൽക്കണമെന്നു പറയുമ്പോൾ നമ്മൾ ഒന്നു തിരിഞ്ഞുനോക്കണം. തിരിഞ്ഞുനോക്കുമ്പോൾ കേന്ദ്രഗവൺമെന്റ് ഈ നയങ്ങൾ തുടരുന്നതിന്റെ കാരണമെന്താണ് ? അത് 'ഗാട്ട്' കരാറിന്റെ ഫലമാണ്. 'ഗാട്ട്' കരാർ ആരാണ് ഉണ്ടാക്കിയത് ? ആരാണ് ഒപ്പിട്ടത്? അതിന്റെ വളർച്ചയ്ക്കു പിന്തുണ കൊടുത്തത് ആരാണ് ? അതെല്ലാം പരിശോധിക്കണം. ഞാൻ അതിലേക്കു കടക്കുന്നില്ല. അതു സൂചിപ്പിക്കുന്നു എന്നു മാത്രം. ശ്രീ. നരസിംഹറാവുന്റെ കാലത്ത് തുടങ്ങിവച്ചിട്ടുള്ളതാണ് 'ഗാട്ട്' കരാർ. പ്രാദേശികമായി ജനങ്ങളുടെ ജീവിതത്തിലേയ്ക്ക് ഇതു കൂടുതൽ കടന്നാക്രമണം നടത്താൻ പോകുകയാണ്. ഇതിനെതിരായി പ്രവർത്തിക്കണം. സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം ഇതെല്ലാം ആരു കൊണ്ടുവന്നു? അതുകൂടി പരിശോധിച്ചല്ലാതെ നമുക്കു മുന്നോട്ടുപോകാൻ കഴിയുമോ? ആ നയത്തിനുവേണ്ടി പോരാടുന്നവർ ഒരേ തൂവൽ പക്ഷികളാണ്. അങ്ങനെ ഒരേ തൂവൽ പക്ഷികൾ ഇന്ത്യാ രാജ്യത്തുണ്ട്. അവർ പുന:പരിശോധന നടത്തണം. കോൺഗ്രസ്സും ബി.ജെ.പി.യും ഒരേ തൂവൽ പക്ഷികളാണെന്നു മുമ്പ് പറഞ്ഞത് അതുകൊണ്ടാണ്. ഒരു കാര്യം കൂടി സൂചിപ്പിക്കുകയാണ്. ഇപ്പോൾ തുടരുന്ന സാമ്പത്തികനയത്തിൽ ഒരു തിരുത്തൽ വരുത്താൻ ഇനിയെങ്കിലും കോൺഗ്രസ് തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

ബി.ജെ.പി. ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നശേഷം എടുത്ത നിലപാടുകളെന്താണ്? ഇൻഷ്വറൻസ് മേഖല സ്വകാര്യവൽക്കരിക്കാൻ നടപടികൾ കൊണ്ടുവന്നപ്പോൾ 'താമര' ചിഹ്നത്തിൽ ജയിച്ചുപോയിട്ടുള്ള കേരളത്തിലെ എം.പി.-മാരും 'കൈപ്പത്തി' ചിഹ്നത്തിൽ ജയിച്ചുപോയ എം.പി.-മാരും ഒരുമിച്ചല്ലേ ആ ബില്ലിന് അനുകൂലമായി കൈപൊക്കിയത്. കാര്യം പറയുമ്പോൾ, ജനങ്ങളെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് കലവറയില്ലാതെ കാര്യം പറയണം. ഉള്ളു തുറന്നുള്ള സഹായങ്ങളുണ്ടാക്കിക്കൊണ്ട് അതിശക്തമായ സമരങ്ങൾ സംഘടിപ്പിച്ചുകൊണ്ട് ജനങ്ങളെ അണിനിരത്തിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ കടന്നാക്രമണത്തിന് ചുട്ട മറുപടി കൊടുത്തില്ലെങ്കിൽ കേരളത്തിന് ആകെ വൻപിച്ച സാമ്പത്തിക പ്രതിസന്ധിയും സ്തംഭനവുമാണ് വരാൻ പോകുന്നത്. അതുകൊണ്ട് അതിനുവേണ്ടിയുള്ള സമൂർത്തമായ നടപടികൾക്ക് രൂപം നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, കേരളത്തിലെ മൂന്നു കോടി ജനങ്ങളുടെയും ദൈനംദിന ജീവിതം നരകതുല്യമാക്കാൻ വഴി തെളിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ ജനദ്രോഹ നടപടിക്കതിരായി കേരളത്തിലെ ജനങ്ങളുടെ പൊതുവായ കടുത്ത അമർഷം രേഖപ്പെടുത്തുന്നതിനുവേണ്ടി യോജിച്ച ഒരു പ്രമേയം കൊണ്ടുവരുന്നതിന് സഹായകരമായ ഒരു തീരുമാനത്തിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട സ്പീക്കറെ ആദ്യമേ ഞാൻ അഭിനന്ദിക്കുന്നു. കഴിഞ്ഞ ഏതാനും ആഴ്ചകൾ കൊണ്ട്, കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് ഇന്ത്യയിലെ പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ദൈനംദിന ജീവിതം അസാധ്യമാക്കിയിരിക്കുകയാണ്. വിശപ്പടക്കാൻ, അൽപമെങ്കിലും ആഹാരം കഴിക്കാനുള്ള അവസരത്തിനുപോലും ഗവൺമെന്റ് തീരുമാനത്തിലൂടെ പ്രയാസം സൃഷ്ടിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ കക്ഷിമൽസരത്തിന്റെ ഒരു വേദിയാക്കി ഇതു മാറ്റാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഭരണകക്ഷിക്കും പ്രതിപക്ഷത്തിനും തമ്മിൽ പരസ്പരം ആക്രമിക്കാനും പരിക്കേൽപിക്കാനും ധാരാളം അവസരങ്ങൾ പാർലമെന്ററി ഡെമോക്രസിയിലുണ്ട്. ഇത് അതിനു പറ്റിയ ഒരവസരമല്ല. ചർച്ച തുടങ്ങിവച്ച ബഹുമാനപ്പെട്ട കണാരൻ മാസ്റ്റർ മുതൽ ഏറ്റവുമൊടുവിൽ....

ശ്രീ. സി. പി. ബാലൻ വൈദ്യർ : മാസ്റ്ററല്ല. സ്കൂളിൽ പോയിട്ടില്ല.

ശ്രീ. എ. കെ. ആന്റണി : ഞാൻ ബഹുമാനം കൊണ്ട് വിളിക്കുകയാണ്.

മി. സ്പീക്കർ : ഒരു കുഴപ്പവുമില്ല.

ശ്രീ. എ. കെ. ആന്റണി : സ്കൂളിൽ പോയ പലരെക്കാളും പ്രായോഗികമായ അനുഭവങ്ങൾ അദ്ദേഹത്തിനുണ്ട്. അതുകൊണ്ടാണ് അദ്ദേഹത്തെ ഞാൻ അങ്ങനെ വിളിച്ചത്. അദ്ദേഹത്തിന് കൂടുതൽ ജീവിതാനുഭവങ്ങളുണ്ട്. ഭരണകക്ഷിയിൽ നിന്നും പ്രസംഗിച്ച പലരും കോൺഗ്രസിനു നേരെ ഒരുപാട് കുത്തുവാക്കുകൾ പ്രയോഗിക്കുകയുണ്ടായി. ഞാനതിന് മറുപടിയൊന്നും പറയുന്നില്ല. ഇന്ന് ഞാനതിനു തയ്യാറാകുന്നില്ല. മണ്ണെണ്ണയുടെയും പാചകവാതകത്തിന്റെയും വില കൂട്ടാൻ കാരണം, കോൺഗ്രസ് തുടങ്ങി വച്ച

LIBRARY ARCHIVES Kerala Legislative Assembly

നയങ്ങളുടെ ഫലമാണെന്നാണ് പറയുന്നത്. ഇതിനൊക്കെ ശരിയായ മറുപടി പറയാൻ സാധിക്കുന്നതാണ്. പത്തുവർഷം മുമ്പ് ആണ് ഇന്ത്യയിൽ ഉദാരവൽക്കരണ നടപടി ആരംഭിച്ചത്. അത് കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്താണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോക സാഹചര്യത്തിനനുസരണമായി ഇന്ത്യയിലെ മാർക്കറ്റിലും മറ്റു മേഖലയിലും നിലനിന്നിരുന്ന ഒരുപാട് നിയന്ത്രണങ്ങൾ, ലൈസൻസ് രാജ്, ക്വാട്ടാ രാജ് തുടങ്ങി മറ്റു നിയന്ത്രണങ്ങളൊക്കെ എടുത്തുകളയേണ്ടതാവശ്യമായിരുന്നു. അങ്ങനെയാണ് കാലത്തിനാവശ്യമായ പല പരിഷ്ക്കാരങ്ങളും അന്നു തുടങ്ങിവച്ചത്. നിങ്ങളിപ്പോൾ 1957-ലെ കമ്മ്യൂണിസ്റ്റുകാരാണോ? അല്ലല്ലോ ? 1967-ലെ കമ്മ്യൂണിസ്റ്റുകാരാണോ ? അല്ല. ഇന്നു രാവിലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്താണു പറഞ്ഞത്? എന്തു പ്രയാസം സഹിച്ചും 50,000 കമ്പ്യൂട്ടറുകൾ അടിയന്തിരമായി കൊണ്ടുവരുമെന്നാണ്. ഇന്നലെ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞതെന്താണ് ? കേരളത്തിൽ അതിവേഗത്തിൽ കൊയ്ത്തുയന്ത്രം കൊണ്ടുവരുമെന്നല്ലേ ? ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി പറഞ്ഞത്, തൊണ്ടുതല്ല് മെഷീൻ വ്യാപിപ്പിക്കുന്നതിനെക്കുറിച്ചാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ, ബി.ഒ.ടി. പരിപാടികൾ വ്യാപകമാക്കും, ബിൽഡ് ഓൺ ട്രാൻസ്ഫർ കൂടുതൽ മേഖലകളിലേയ്ക്ക് കൊണ്ടു വരുമെന്നാണ്. കൂടാതെ കമ്പ്യൂട്ടറുകൾ വ്യാപകമാക്കും, ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽ നിന്ന് ഞങ്ങൾ കൂടുതൽ സഹായം വാങ്ങും എന്നൊക്കെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. മൈക്രോ സോഫ്റ്റിന്റെ പ്രതിനിധികളെ സെക്രട്ടേറിയറ്റിൽ വിളിച്ചുവരുത്തി അവരുമായി കേരളത്തിൽ ഐ.ടി രംഗത്ത് പുരോഗതിയുണ്ടാക്കുന്ന കാര്യത്തിൽ ചർച്ച നടത്തുകയും കരാറിൽ ഒപ്പിടാനും പോകുന്നു. ഇതൊക്കെ പഴയ നിലപാടിൽ നിന്നു വ്യത്യസ്തമാണ്. കാലോചിതമായ മാറ്റങ്ങളാണ്. നിങ്ങളും കാലത്തിന്റെ ചുവരെഴുത്തു മനസ്സിലാക്കുന്നതിന്റെ ലക്ഷണങ്ങളാണ് ഈ സ്റ്റേറ്റിൽ വന്നിരിക്കുന്ന മാറ്റങ്ങൾ. നിങ്ങൾ 1957-ലെയും 1967-ലെയും കമ്മ്യൂണിസ്റ്റു ശൈലിയിലെ ചില കാര്യങ്ങളിൽ ഇന്നു വിശ്വസിക്കുന്നില്ല. മാറ്റങ്ങളുണ്ടായിട്ടുണ്ട്. സ്വാഗതാർഹമാണ്. കാലോചിതമായ മാറ്റങ്ങളില്ലാതെ ഒരു കുറ്റിയിലടിച്ചുകൊണ്ടു മാത്രം ഒരു രാജ്യത്തിനോ ഒരു സമൂഹത്തിനോ ഒരു വ്യക്തിക്കോ മുന്നോറാൻ സാധ്യമല്ല. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഇന്ത്യയിൽ ലിബറലൈസേഷൻ കൊണ്ടുവന്നു. ലിബറലൈസേഷൻ വന്നിട്ട് പത്തു വർഷമായി. പത്തു വർഷം നീണ്ട പിരീഡാണ്. പത്തു വർഷം കഴിഞ്ഞപ്പോൾ വിവേകമതികളായ ഭരണാധികാരികൾ ഒരു കാര്യം ചെയ്യണമായിരുന്നു. പത്തു വർഷത്തെ അനുഭവത്തിനു ശേഷം. ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്ന ലിബറലൈസേഷനെക്കുറിച്ച് ഒരു റിവ്യൂ ആവശ്യമാണ്. കഴിഞ്ഞ പത്തു വർഷക്കാലത്തെ ഇതിന്റെ ഫലമായിട്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും പരിശോധിക്കാൻ ഒരു പഠനം ആവശ്യമാണ്. സത്യസന്ധമായ ഒരു റിവ്യൂ നടത്തേണ്ടതിന്റെ കാലമായിരിക്കുന്നു. അതാണു ഞങ്ങളുടെ അഭിപ്രായം. ആ റിവ്യൂവിനുശേഷം എവിടെയെങ്കിലുമൊക്കെ അഡ്ജസ്റ്റുമെന്റ് വേണമെങ്കിൽ, മാറ്റങ്ങൾ വേണമെങ്കിൽ മാറ്റമുണ്ടാകണം. അതാണ് ജീവിതയാഥാർത്ഥ്യം, ഞങ്ങൾ ആ അഭിപ്രായക്കാരാണ്.. പക്ഷേ ഇന്ന് ബി.ജെ.പി. തുടരുന്ന ലിബറലൈസേഷൻ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസിന്റെ ലിബറലൈസേഷനല്ല. ബി.ജെ.പി.യിലെ പലരുടേയും ധാരണ ഉദാരവൽക്കരണമെന്നു പറഞ്ഞാൽ സമ്പൂർണ്ണ പ്രൈവറ്റൈസേഷനെന്നാണ്. ഞങ്ങൾ അതനനുകൂലമല്ല. ലിബറലൈസേഷനെന്നുപറഞ്ഞാൽ സമ്പൂർണ്ണമായ പ്രൈവറ്റൈസേഷനേ അല്ല. അപ്പോൾ ലിബറലൈസേഷന്റെ അർത്ഥംപോലും അവർക്കറിയില്ല. ലിബറലൈസേഷന്റെ അർത്ഥം ടോട്ടൽ പ്രൈവറ്റൈസേഷനല്ല, ലിബറലൈസേഷന്റെ അർത്ഥം ഇന്ത്യയിൽ കഴിഞ്ഞ 50 വർഷം കൊണ്ട് വളർത്തിയെടുത്ത, രണ്ടുലക്ഷം കോടി രൂപ മുതൽമുടക്കുള്ള ഇന്ത്യയിലെ പബ്ലിക് സെക്ടറിന്റെ ലിക്വിഡേഷനല്ല. ഞങ്ങളതിനെ അനുകൂലിക്കുന്നില്ല. ഞങ്ങൾ നാഷണലൈസ്ഡ് ബാങ്കുകൾ സ്വകാര്യവൽക്കരിക്കുന്നതിനെതിരാണ്, ഞങ്ങൾ ഇന്ത്യയിലെ പോർട്ടുകൾ സ്വകാര്യവൽക്കരിക്കുന്നതിനെതിരാണ്, ഞങ്ങൾ എയർപോർട്ടുകൾ സ്വകാര്യവൽക്കരിക്കുന്നതിനെതിരാണ്, ഞങ്ങൾ വിശാഖപട്ടണം സ്റ്റീൽ പ്ലാന്റ്, സേലം സ്റ്റീൽ പ്ലാന്റ് ഇതുപോലെയുള്ള സ്റ്റീൽ പ്ലാന്റുകൾ സ്വകാര്യവൽക്കരിക്കുന്നതിനെതിരാണ്. ഞങ്ങളുടെ സങ്കല്പത്തിലുള്ള ലിബറലൈസേഷൻ ടോട്ടൽ പ്രൈവറ്റൈസേഷനല്ല, ഞങ്ങളുടെ സങ്കൽപത്തിലുള്ള ലിബറലൈസേഷൻ ടോട്ടലായിട്ടുള്ള നാഷണലൈസേഷനുമല്ല. ഞങ്ങൾ ടോട്ടലായിട്ടുള്ള നാഷണലൈസേഷന് അനുകൂലമല്ല. ഈ രാജ്യത്തെ ഉൽപാദനമേഖല മുഴുവൻ നാഷണലൈസ് ചെയ്യുന്നതിന് ഞങ്ങൾ അനുകൂലമല്ല. ടോട്ടൽ നാഷണലൈസേഷന് ഞങ്ങളില്ല, ടോട്ടൽ ലിബറലൈസേഷന് ഞങ്ങളില്ല. ഞങ്ങൾ വിശ്വസിക്കുന്നത് Mixed Economy-യിലാണ്, സമ്മിശ്ര സമ്പദ്ഘടന. സ്വകാര്യമേഖല, പബ്ലിക് സെക്ടർ, കോ-ഓപ്പറേറ്റീവ് സെക്ടർ, Joint Venture എല്ലാമുള്ള ഒരു സമ്മിശ്ര സമ്പദ്ഘടനയിൽക്കൂടി മാത്രമേ ഇന്ത്യൻ സമ്പദ്ഘടന ഉടച്ചുവാർക്കുവാനും ഇന്ത്യയുടെ സമ്പദ്ഘടനയ്ക്ക് വേഗത വർദ്ധിപ്പിക്കുവാനും കഴിയുകയുള്ളൂ. ഇതാണ് നമ്മുടെ വിശ്വാസം. ഞങ്ങളുടെ നയം അതാണ്, അതല്ലാതെ ബി.ജെ.പി.യുടെ ടോട്ടൽ പ്രൈവറ്റൈസേഷനെ ഞങ്ങൾ അനുകൂലിക്കുന്നില്ല. ഫുഡ് സബ്സിഡി ഇവിടെയാരംഭിച്ചത് കോൺഗ്രസ്സാണ്, ഇന്ത്യയിൽ ഫുഡ് സബ്സിഡി ഏർപ്പെടുത്തിയത് കോൺഗ്രസ്സാണ്. കാലാകാലങ്ങളിൽ വന്ന ഓരോ കോൺഗ്രസ് ഗവൺമെന്റുകളും..... (ബഹളം) ഇവിടെ റേഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തിയത് കോൺഗ്രസ്സാണ്. ഏറ്റവും ഒടുവിൽ ഭരിച്ച നരസിംഹറാവു ഗവൺമെന്റ് പോകുന്നവരെയും വർഷംതോറും ഫുഡ് സബ്സിഡി കൂട്ടിക്കൊണ്ടേയിരുന്നിട്ടുള്ളൂ, അതാണ് യാഥാർത്ഥ്യം. ഞങ്ങൾ ഫുഡ് സബ്സിഡി കുറച്ചിട്ടില്ല. ഇന്ന് ബി.ജെ.പി.യുടെ ഗവൺമെന്റാണ് കുത്തനെ ഫുഡ് സബ്സിഡി കുറച്ചത്. അതിന് ഞങ്ങൾ അനുകൂലമല്ല. പാർലമെന്റിന്റെ അവധികഴിഞ്ഞ് വീണ്ടും പാർലമെന്റ് സമ്മേളനം കൂടുമ്പോൾ കോൺഗ്രസിന്റെ മെമ്പർമാർ ഫുഡ് സബ്സിഡി വെട്ടിക്കുറച്ചതിനെതിരെയും യൂറിയ സബ്സിഡി വെട്ടിക്കുറച്ചതിനെതിരെയും ലോകസഭയിൽ നോട്ടീസ് കൊടുത്തിരിക്കുകയാണ്, കട്ട് മോഷൻ കൊടുത്തിരിക്കുകയാണ്. കേരളത്തിലെ നയം മാത്രമല്ല, ഞങ്ങളുടെ ദേശീയ നയം അതാണ്. ഞങ്ങൾ ഫുഡ് സബ്സിഡി വെട്ടിക്കുറച്ചതിനെതിരാണ്. യൂറിയയുടെ സബ്സിഡി വെട്ടിക്കുറച്ചതിനെതിരാണ്. അതിനെല്ലാം ഞങ്ങളവിടെ കട്ട്മോഷൻ കൊടുത്തിരിക്കുകയാണ്. അല്ലാതെ ഞങ്ങൾ രണ്ടിടത്ത് രണ്ടുനയമല്ല. ഇവിടെ റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചു. റേഷൻ ഗോതമ്പിന്റെ വില വർദ്ധിപ്പിച്ചു. പഞ്ചസാരയുടെ വില വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ എതിർത്തു, എന്നിട്ട് അവർ അതിൽനിന്നും പുറകോട്ടുപോയിട്ടില്ല. എനിക്കുതോന്നുന്നത് ഒരു പക്ഷേ ഇന്ത്യയിലെ മറ്റുകക്ഷികളുടെ നിർബന്ധത്തിനുവഴങ്ങി എന്തെങ്കിലും ചെറിയൊരു അഡ്ജസ്റ്റുമെന്റ് ചെയ്യുമായിരിക്കും. റേഷൻ അരിയുടേയും ഗോതമ്പിന്റെയും പഞ്ചസാരയുടെയും വില വർദ്ധനവുതന്നെ നമ്മുടെ കേരളത്തിലെ സാധാരണക്കാരന്റെ ജീവിതം ഏതാണ്ട് താറുമാറാക്കിക്കഴിഞ്ഞിരിക്കുകയാണ്. അതിന്റെകൂടെയാണ് ഇപ്പോൾ മണ്ണെണ്ണയുടെയും പാചകഗ്യാസിന്റെയും വില കൂട്ടിയിരിക്കുന്നത്. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന അവസരത്തിൽ ബംഗ്ലാദേശ് യുദ്ധം കഴിഞ്ഞപ്പോൾ അന്നുണ്ടായ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടാൻവേണ്ടി മണ്ണെണ്ണയുടെ വില വർദ്ധിപ്പിക്കണമെന്ന ഒരു നിർദ്ദേശവുമായി ചെന്ന ഉദ്യോഗസ്ഥൻമാരുടെ മുഖത്തേയ്ക്ക് ഇന്ദിരാഗാന്ധി ആ ഫയൽ വലിച്ചെറിഞ്ഞു. അവർ പറഞ്ഞു, നിങ്ങൾക്ക് ഈ രാജ്യത്തെ പാവപ്പെട്ടവന്റെ ജീവിതമറിയില്ല, ഇന്ത്യയിലെ മഹാഭൂരിപക്ഷം ഗ്രാമീണരും മണ്ണെണ്ണ വിളക്കിനെ ആശ്രയിച്ചു കഴിയുന്നവരാണ്; ഒരു വീട്ടിൽ ഒരു മണ്ണെണ്ണ വിളക്കായിരിക്കും പലപ്പോഴുമുള്ളത്. അങ്ങനെ മണ്ണെണ്ണ വിളക്കിനെ ആശ്രയിച്ചു കഴിയുന്ന ഗ്രാമീണരുള്ള ഇന്ത്യയിൽ മണ്ണെണ്ണയ്ക്ക് വില കൂട്ടാൻ സാധ്യമല്ല, അത് രാജ്യ ദ്രോഹമാണെന്നാണ് ഇന്ദിരാഗാന്ധി ബംഗ്ലാദേശ് യുദ്ധകാലത്ത് കടുത്ത പ്രതിസന്ധിയുണ്ടായപ്പോൾ പറഞ്ഞത്. ഇന്ത്യയിൽ ഇതുവരെ ഭരിച്ച ഒരു ഭരണാധികാരിയും മണ്ണെണ്ണയുടെ വില വർദ്ധിപ്പിക്കാൻ ധൈര്യം കാണിച്ചിട്ടില്ല. ഇപ്പോൾ മണ്ണെണ്ണയുടെ വില ഇരട്ടിയാക്കിയിരിക്കുന്നു. ഇതാരെക്കൊണ്ട് സാധിക്കും ? ബഡ്ജറ്റ് തയ്യാറാക്കിയ പ്രമാണിമാർ മണ്ണെണ്ണ ഉപയോഗിക്കുന്നവരല്ല. മണ്ണെണ്ണയ്ക്ക് വില കൂടിയപ്പോൾ ഇന്ത്യയിലെ മഹാഭൂരിപക്ഷം ഗ്രാമീണരും ഇരുട്ടിലാകുകയാണ്, ഇത് ക്രൂരമായ നടപടിയാണ്. കേരളത്തെ സംബന്ധിച്ചാണെങ്കിൽ പ്രൊഫ. എ. വി. താമരാക്ഷൻ പറഞ്ഞതുപോലെ നമ്മുടെ മത്സ്യത്തൊഴിലാളികൾ വള്ളമുപയോഗിക്കുന്നവരും ബോട്ടുപയോഗിക്കുന്നവരുമുണ്ട്. യന്ത്രം ഓടുന്നത് ഇപ്പോൾ മണ്ണെണ്ണയെ ആശ്രയിച്ചാണ്. മണ്ണെണ്ണയുടെ വില ഇരട്ടിയായാൽ കേരളത്തിലെ മത്സ്യബന്ധനം അസാധ്യമാകും. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ പട്ടിണികൊണ്ട് മരിക്കും. നമുക്കിതിനോട് യോജിക്കാൻ സാധ്യമല്ല. അതുപോലെ പാചകവാതകത്തിന്റെ വില 51 രൂപ കേരളത്തിൽ കൂടാൻ പോവുകയാണ്. 51 രൂപ കൂട്ടി 215 രൂപ ഗ്യാസ് കുറ്റിക്കായിക്കഴിഞ്ഞാൽ ഇതാരെക്കൊണ്ട് വാങ്ങാൻ പറ്റും ? ഗ്യാസ് കുറ്റി വാങ്ങി അതിൽ പാചകം ചെയ്യാൻ ഭക്ഷണസാധനം വേണ്ടേ ? ആ ഭക്ഷണസാധനം വാങ്ങാനുള്ള കാശല്ലേ ഗ്യാസ് കുറ്റിക്കുവേണ്ടി കൊടുക്കേണ്ടിവരുന്നത്? അപ്പോൾ കേരളത്തിൽ സാധാരണക്കാരന്റെ ജീവിതം നരകതുല്യമാകും. ഇന്ത്യയിലെ സാധാരണക്കാരന്റെ ജീവിതം നരകതുല്യമാകും. അതുകൊണ്ട് ഈ രാജ്യത്തെ ജനങ്ങൾക്ക് എത്ര വിചാരിച്ചാലും താങ്ങാൻ വയ്യാത്ത ഈ ദുഃസ്സഹമായിട്ടുള്ള ഭാരമാണ്. മണ്ണെണ്ണയുടേയും പാചക വാതകത്തിന്റെയും വിലകൂട്ടാനുള്ള തീരുമാനം. ഇനി നാലുമാസം കൂടിക്കഴിഞ്ഞാൽ പെട്രോളിനും ഡീസലിനും വിലകൂട്ടാൻ പോവുകയാണ്. ഒന്നിനുപുറകേ ഒന്നായിട്ട് അടി വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ തീരുമാനം പിൻവലിച്ചാലേ പറ്റൂ. ഈ തീരുമാനം നമുക്ക് അംഗീകരിക്കാൻ സാധ്യമല്ല. ഇത്

LIBRARY ARCHIVES Kerala Legislative Assembly

പിൻവലിക്കുന്നതിനുവേണ്ടി ഈ സഭ യോജിച്ച് ഇന്ന് പ്രമേയം പാസ്സാക്കുന്നു, സന്തോഷമുള്ള കാര്യമാണ്. എന്നാൽ ഒരു പ്രമേയം കൊണ്ട് ഇതവസാനിപ്പിക്കാൻ പറ്റില്ല. ഞാൻ പ്രത്യേകം നിർദ്ദേശം വയ്ക്കുന്നില്ല. കാരണം ഞാൻ നിർദ്ദേശം വച്ചു. നിങ്ങൾക്കത് സ്വീകാര്യമല്ല എന്നുള്ള തർക്കം വേണ്ട. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാർട്ടി നേതാക്കന്മാരെ വിളിക്കണം. മുഖ്യമന്ത്രി ഒരു ആൾ പാർട്ടി മീറ്റിംഗ് വിളിക്കണം. ഈ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ പൊതുവായ വികാരം കേന്ദ്രത്തെ അറിയിക്കുക, ഈ തീരുമാനം പിൻവലിപ്പിക്കുന്നതിനുവേണ്ടി കേരളത്തിന്റെ കൂട്ടായ പരിശ്രമത്തിനുവേണ്ടി എന്തൊക്കെ ചെയ്യണമെന്ന് ആലോചിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി ഒരു ആൾ പാർട്ടി മീറ്റിംഗ് വിളിക്കണം. ആ യോഗത്തിൽ ഒരു തീരുമാനമെടുക്കണം. ഏതായാലും ഇതൊരു പ്രമേയം പാസ്സാക്കി അവസാനിപ്പിച്ചാൽ പോരാ. പ്രമേയത്തിന്റെ അടുത്ത നടപടിയുണ്ടാകണം. കേരളത്തിൽ വ്യാപകമായ പ്രതിഷേധമുണ്ടാകണം, ഡൽഹിവരെ കേൾക്കുന്ന കേരളത്തിലെ ജനങ്ങളുടെ ശക്തമായ പ്രതിഷേധം കേരളത്തിൽനിന്നുമുണ്ടാകണം. അങ്ങനെ ആ പ്രതിഷേധത്തിൽക്കൂടി ഈ രാജ്യത്തെ ജനങ്ങൾ ഒന്നടങ്കം കക്ഷിമറന്ന് രാഷ്ട്രീയം മറന്ന് കേന്ദ്രത്തിനെതിരെ പോരാടണം. അങ്ങനെ ഒറ്റക്കെട്ടായുള്ള കേരളത്തിലെ ജനങ്ങളുടെ പ്രതിഷേധത്തിന്റെ ഇരമ്പൽ ഡൽഹിയിൽ കേൾക്കണം. അതിന് നമ്മൾ എന്തുചെയ്യണമെന്നതിനെക്കുറിച്ചാലോചിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാർട്ടി നേതാക്കന്മാരെ വിളിക്കണം, ഒരു ആൾ പാർട്ടി മീറ്റിംഗ് വിളിക്കണം. വിളിച്ച് ഈ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിക്കണമെന്ന് ആലോചിക്കണം. അങ്ങനെ ചെയ്തുകൊണ്ട് ഇത്തവണയെങ്കിലും കേന്ദ്രത്തിന്റെ ഈ നിലപാടിനെതിരായി ശക്തമായ ഒരു ചെറുത്തുനിൽപ് നാം നടത്തണം, ഇല്ലെങ്കിൽ ഇതും ഒരു പ്രമേയത്തിലൂടെ അവസാനിപ്പിച്ചാൽ അടുത്തഘട്ടം വരാൻ പോകുന്നത് പെട്രോൾ, ഡീസൽ വിലവർദ്ധനയിലൂടെയാണ്. അതുകൂടി കഴിഞ്ഞാൽ കച്ചവടം തീർന്നു. ഈ രാജ്യം തകർച്ചയിലേക്ക് നീങ്ങും. കേരളത്തിൽ പട്ടിണി മരണങ്ങളുണ്ടാകും. അതുകൊണ്ട് ഈ പ്രശ്നം നാം ഗൗരവമായിട്ടുതന്നെ കാണണം. ഇതിന്റെ ഗൗരവം മനസ്സിലാക്കണമെങ്കിൽ അസാധാരണമായ നടപടി അസംബ്ലിയിൽ എടുത്തുവെന്ന് തോന്നണം. ഒരു പ്രമേയമോ അല്ലെങ്കിൽ പ്രതിപക്ഷ വാക്കൗട്ടോ, അതൊക്കെ സാധാരണ സംഭവിക്കുന്നതാണ്, അതിനുപകരം ഈ സഭയുടെ ചരിത്രത്തിൽ വളരെ കാലങ്ങൾക്കുശേഷം സഭാതലം നിർത്തിവച്ചുകൊണ്ട് ഒരു ചർച്ച വന്നപ്പോൾ അത് ഗൗരവമായി. ഏറ്റവും ഗൗരവമുള്ള കാര്യം നാം ഗൗരവമായി കൈകാര്യം ചെയ്തു. ഈ പ്രശ്നത്തിൽ നമ്മുടെ പ്രതിഷേധം അറിയിക്കാൻ നമ്മൾ പ്രമേയം കൊണ്ടുവരുന്നു, ആ പ്രമേയത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു, അതുകഴിഞ്ഞാൽ അനന്തരഘട്ടം ആലോചിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാർട്ടി നേതാക്കന്മാരുടെ യോഗം വിളിച്ചുകൂട്ടണം. അവിടെവച്ച് നമുക്ക് കൂട്ടായി എന്തു ചെയ്യണമെന്ന് ആലോചിക്കാം. ഞാൻ ഗവൺമെന്റിന്റെ ഈ പ്രമേയത്തെ പൂർണ്ണമായി പിന്താങ്ങുന്നു. കേന്ദ്രമെടുത്ത ഈ ജനദ്രോഹ നടപടി പിൻവലിച്ചേ പറ്റൂ. പിൻവലിക്കുന്നതിനുവേണ്ടി നമുക്ക് ഒറ്റക്കെട്ടായി ഒരു മിച്ചു നീങ്ങാമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഇന്ത്യാ ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിൽ മാറ്റം വരുത്താനാവശ്യമായിട്ടുള്ള പ്രക്ഷോഭ പരിപാടി, പ്രവർത്തനങ്ങൾ ശക്തിയായി നടത്തുന്നതിന് ഞങ്ങളും ഞങ്ങളുടെ പാർട്ടിയും തയ്യാറാണ്. എല്ലാ കക്ഷികളും യോജിച്ചു നിന്നു പോരാടണം. അതിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല. അഖില കക്ഷിയോഗവും വിളിക്കാം. അതിലും കുഴപ്പമില്ല. തീർച്ചയായും ഈ നയം ഇവിടെ നിൽക്കില്ല. അവിടെയാണ് എന്റെ പ്രശ്നം. ശ്രീ. ആന്റണി വിചാരിച്ചതുപോലെ കേരളത്തിൽ പ്രക്ഷോഭം കൂട്ടാം. യാതൊരു കുഴപ്പവുമില്ല. നമുക്ക് യോജിച്ച് നടത്താം. പക്ഷേ സാമ്പത്തിക നയം എവിടെ കൊണ്ടുചെന്ന് എത്തിക്കും. ആ സാമ്പത്തിക നയം എത്തിച്ചതിനെക്കുറിച്ച് പറഞ്ഞല്ലോ? 215 രൂപയോളം വാതക സിലിണ്ടറിനും ആറു രൂപയിലധികം മണ്ണെണ്ണയ്ക്കും വില വരും. പെട്രോളിനും ഡീസലിനുമൊക്കെ വില കൂടും. എന്തുകൊണ്ട് ? അവിടെയാണ് ശ്രീ. ആന്റണിയും ഞാനും തമ്മിൽ അഭിപ്രായ വ്യത്യാസംവരുന്നത്. ശ്രീ. ആന്റണി ഇപ്പോൾ പ്രസംഗിച്ചതാണോ കോൺഗ്രസിന്റെ നയം ? ഇവിടെ പേറ്റന്റ് ബില്ല് വന്നപ്പോൾ എന്തിനാണ് രാജ്യസഭയിൽ സപ്പോർട്ട് ചെയ്തത്. രാജ്യസഭയിൽ എല്ലാ എം.പി.മാരും സപ്പോർട്ട് ചെയ്തില്ലേ ? ബി.ജെ.പി.യുടെ സാമ്പത്തിക നയത്തിൽ എല്ലാവരും സപ്പോർട്ടു ചെയ്തില്ലേ ? രാജ്യസഭയിൽ ഭൂരിപക്ഷമില്ലാതെ ഒരു നിയമവും പാസ്സാകില്ല. ഒരു ശരിയായ നയം, കോൺഗ്രസും എല്ലാ പ്രതിപക്ഷങ്ങളും കൂടി യോജിച്ച് ഒരു തീരുമാനമെടുത്താൽ ഒന്നും പാസ്സാകില്ല. അവിടെ ബി.ജെ.പി.യുടെ കൂടെ പാസ്സാക്കാൻ നിങ്ങൾ കൈ പൊക്കിയില്ലേ? പേറ്റന്റ് ബില്ല് മാത്രമാണോ പാസ്സാക്കിയത്? ശ്രീ. ആന്റണിയുടെ പ്രസംഗം കേൾക്കുമ്പോൾ രസവും സുഖവുമുണ്ട്. ഇതു കോൺഗ്രസിന്റെ നയമാണോ? അതാണ് എന്റെ ചോദ്യം ? ബാങ്ക് നാഷണലൈസേഷൻ, അതുപോലെ ഇനി വരാൻ പോകുന്ന പ്രൈവറ്റൈസേഷൻ. ഇതിനെതിരായി കോൺഗ്രസിന്റെ പശ്ചിമാഡി റെസല്യൂഷനുണ്ട്. തിരുപ്പതിയിലല്ല. പശ്ചിമാഡി റെസല്യൂഷനുണ്ട്. വർക്കിംഗ് കമ്മിറ്റിയിൽ ശ്രീ. ആന്റണിയുടെ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ ? അംഗീകരിച്ചിട്ടില്ല. അംഗീകരിച്ചിട്ടുമില്ല, തള്ളിയിട്ടുമില്ല. എത്ര റിപ്പോർട്ടുണ്ട്. എല്ലാം ഇവിടെ സൂക്ഷിച്ചിരിക്കുകയാണ്. കോൺഗ്രസിന്റെ ഇക്കണോമിക് പോളിസി ഇതു വർദ്ധിപ്പിക്കുന്നതിനു സഹായകമാണോ ? അതു മാറ്റാനുള്ള സമീപനം എടുക്കണം. ശ്രീ. ആന്റണിയും ശ്രീ. വയലാർ രവിയും രണ്ടു സ്റ്റേറ്റുമെന്റ് കേരളത്തിൽ തന്നെ ഇറക്കിയില്ലേ, ഇക്കണോമിക് പോളിസി മാറുമോ ? ശ്രീ. ആന്റണി പറഞ്ഞതുപോലെ ശ്രീ. വയലാറും പറഞ്ഞിട്ടുണ്ട്. ഈ രാജ്യത്തിലെ ഉദാരവൽക്കരണനയം മാറ്റേണ്ട സമയം കഴിഞ്ഞു. ഉദാരവൽക്കരണവും ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും 1991-ൽ നടപ്പിൽ വന്നുവെങ്കിൽ പത്ത് വർഷം കഴിഞ്ഞു. അതു റിവ്യൂ നടത്തണം. നടത്തിയാൽ എവിടെയാണ് എത്തുക. ശ്രീ. ആന്റണി മന്ത്രിയായിരുന്ന സമയത്താണ്. ആന്റണി കുറച്ചുകാലം ഭക്ഷ്യവകുപ്പു മന്ത്രിയായിരുന്നല്ലോ ? ആന്റണി ഭക്ഷ്യവകുപ്പുമന്ത്രിയായിരുന്ന സമയത്ത് നാല് തവണ റേഷനുവില കൂട്ടിയില്ലേ? അന്ന് കേന്ദ്രത്തിൽ ശ്രീ. നരസിംഹറാവു ആയിരുന്നു ഭരണം നടത്തിയത്. ശ്രീ. ആന്റണിക്ക് തടയാൻ കഴിഞ്ഞോ? ആന്റണിക്ക് നല്ല അഭിപ്രായം ഉണ്ട്. അതു കോൺഗ്രസിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായമാണോ കോൺഗ്രസിന്റെ അഭിപ്രായമായി അംഗീകരിച്ചിട്ടില്ല. ശ്രീ. മൻമോഹൻസിംഗും കോൺഗ്രസ്സും 10 കൊല്ലക്കാലം നടപ്പിലാക്കിയ ആ നയം തന്നെയാണ് ഇപ്പോഴും തുടരുന്നത്. വിലവർദ്ധനവിനെതിരെ രാജ്യസഭയിൽ കോൺഗ്രസ്സ് ഉറച്ചു നിന്നാൽ ഒരു നിയമവും പാസ്സാകുകയില്ല. ലോകസഭയിൽ പാസ്സാകുന്ന എല്ലാ നിയമവും രാജ്യസഭയിൽ പൊളിയും. അതിനു നിങ്ങൾ തയ്യാറുണ്ടോ? അതാണ് എന്റെ ചോദ്യം. നിങ്ങൾ പറയും നമുക്ക് യോജിച്ച് പ്രക്ഷോഭം നടത്താം. ജാഥ നടത്താം, എല്ലാത്തിനും ഞാനും എന്റെ പാർട്ടിയും തയ്യാറാണ്. പക്ഷേ നിങ്ങൾ പറഞ്ഞാൽ അവിടെ കേൾക്കാൻ ആളുണ്ടോ ? രാജ്യസഭയിൽ കോൺഗ്രസ്സ് എം.പി.മാർ ഉറച്ചു നിൽക്കുകയാണെങ്കിൽ ഒരു നിയമവും പാസ്സാകുകയില്ല. ഇതുവരെ നിങ്ങൾ എല്ലാത്തിനും സപ്പോർട്ടു ചെയ്യുകയാണുണ്ടായിട്ടുള്ളത്. ഈ നിമിഷം വരെ അങ്ങനെയാണുണ്ടായത്. രാജ്യസഭയിൽ പ്രതിപക്ഷത്തിനു ഭൂരിപക്ഷമുണ്ട്. ഭരണകക്ഷികൾക്ക് ഭൂരിപക്ഷമില്ല. ഇതു മുഴുവൻ ലോകസഭയിൽ മാത്രമല്ല രാജ്യസഭയിൽ കൊണ്ടു വന്നു പാസ്സാക്കിയെടുക്കുമ്പോൾ നിങ്ങൾ സപ്പോർട്ടു ചെയ്യണം. ബാങ്കു ദേശസാൽക്കരണത്തിന് ഇന്ദിരാഗാന്ധിയെ സപ്പോർട്ട് ചെയ്തില്ലേ ? അന്ന് ഞാനും ലോകസഭയിൽ ഉണ്ടായിരുന്നല്ലോ? ആ ബാങ്ക് ദേശസാൽക്കരണം, സ്വകാര്യവൽക്കരണമാക്കാനല്ലേ ഇപ്പോൾ പോകുന്നത്. ബാങ്കിന് പണം ഇല്ലായിരുന്നോ ? അതുപോലെ ഇൻഷ്വറൻസ് മേഖലയിലും പ്രൈവറ്റൈസേഷന് നിങ്ങൾ സപ്പോർട്ടു ചെയ്തില്ലേ? നിങ്ങൾ എതിർത്തോ? ഒരു പ്രമേയം പാസ്സാക്കണം. ശ്രീ. ആന്റണിക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി ബി.ജെ.പി.യുടെ എല്ലാ സാമ്പത്തിക നയങ്ങളേയും എതിർക്കുമെന്ന് പറയണം. നിങ്ങൾ തയ്യാറുണ്ടോ ? ഇവിടെ പ്രസംഗിച്ചിട്ടു കാര്യമില്ല. നിങ്ങൾ അവിടെ പറയാൻ തയ്യാറുണ്ടോ ? കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി ബി.ജെ.പി. ഇനി കൊണ്ടു വരാൻ പോകുന്ന എല്ലാ സാമ്പത്തിക നയത്തേയും എതിർക്കുമെന്ന് പറയണം. ഉദാരവൽക്കരണനയവും പ്രൈവറ്റൈസേഷനുമെല്ലാം, പ്രതിപക്ഷവുമായി സഹകരിച്ച് എതിർക്കുക. നിങ്ങളുടെ പാർട്ടി തയ്യാറാണോ? അതല്ലാതെ ഇവിടെ വന്നു പ്രസംഗിച്ചിട്ട്, അതു പത്രത്തിലും വന്നു കഴിഞ്ഞാൽ തീർന്നു. അതെന്തു പ്രസംഗമാണ്. നിങ്ങൾ കൈപൊക്കാൻ തയ്യാറുണ്ടെങ്കിൽ ഒന്നും പാസ്സാകാൻ പോകുന്നില്ല. ബി.ജി.പി.യെ തോല്പിക്കാനുള്ള ഭൂരിപക്ഷം രാജ്യസഭയിലുണ്ട്. കോൺഗ്രസ്സും പ്രതിപക്ഷവും കൂടിച്ചേർന്നാൽ ബി.ജെ.പി.യെ തോൽപിക്കാനാകും. പിന്നെ ശ്രീ. ടി. എം. ജേക്കബ് പറയട്ടെ, അയാളുടെ പാർട്ടി അത്രയേയുള്ളൂ, അതുകൊണ്ട് അതിനെപ്പറ്റി ഞാൻ പരാമർശിക്കുന്നില്ല. അതുകൊണ്ടാണ് കോൺഗ്രസ്സിനെപ്പറ്റി പറയുന്നത്. ഇടതുപക്ഷ കക്ഷികളും കോൺഗ്രസ്സും യോജിച്ചാൽ ഒരു നിയമവും രാജ്യസഭയിൽ പാസ്സാകില്ല. ആ നിലയാണ് ഇന്നുള്ളത്. ബി.ജെ.പി. പാസ്സാക്കുന്ന എല്ലാത്തിനും ഇതുവരെ കോൺഗ്രസ്സ് പിന്തുണ നൽകുകയാണ് ചെയ്തിട്ടുള്ളത്. ഉദാരവൽക്കരണം, പ്രൈവറ്റൈസേഷൻ, ബാങ്ക് ദേശസാൽക്കരണം, പാറ്റന്റ് ബിൽ, ഈ തരത്തിലുള്ള നിയമങ്ങൾ കൊണ്ടുവരുന്നതു സംബന്ധിച്ച് പിന്തുണ നൽകൽ ലോകസഭയിൽ ഈ തരത്തിൽ ബിൽ കൊണ്ടു വരുന്നതിനെ എതിർക്കണം. യോജിച്ച് എതിർക്കണം. ശ്രീ. ജേക്കബിന് ഞാൻ എല്ലാവരേയും കൂട്ടിക്കൊണ്ട് ഡൽഹിയിൽ പോകാത്ത കുഴപ്പമാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ പോയാൽ നാളെ തന്നെ ഒപ്പിട്ടുകിട്ടുമെന്നാണ് വിചാരം. പൈസ പോകുമെന്നല്ലാതെ മറ്റെന്താണുള്ളത് ? നാലു തവണ ഭക്ഷ്യമന്ത്രിയായിരുന്നപ്പോൾ, വിലക്കയറ്റം ഉണ്ടായപ്പോൾ അതിനെ എതിർക്കാനുള്ള ചങ്കൂറ്റം ശ്രീ. ആന്റണിക്ക് ഉണ്ടായിരുന്നില്ലല്ലോ ? അന്നേരം മിണ്ടിയിട്ടില്ല. ശ്രീ. മാണിക്ക് പിന്നെ പറയേണ്ട കാര്യമില്ല. അയാൾക്ക് ഒരു എം.പി. ഉണ്ട്. എന്തു കുഴപ്പം വന്നാലും ഒന്നുകിൽ മാണി മന്ത്രിയാകണം അല്ലെങ്കിൽ അയാൾ മന്ത്രിയാകണം, അതുമല്ലെങ്കിൽ രാജി വയ്ക്കണം. മാണിക്ക് അതിലപ്പുറമൊന്നുമില്ല. മാണിക്ക് പ്രസംഗം നടത്താം, അവസാനം വേണ്ടി വന്നാൽ ഒരു റബ്ബർ കുപ്പായവും ഇട്ടുകൊണ്ട് ഒരു നടത്തം നടക്കാം. അതിൽക്കൂടുതലൊന്നുമില്ല. എല്ലാ തവണയും ഞാൻ മന്ത്രിയെ കാണലും കൊടുക്കലും നടത്തുന്നുണ്ട്. പ്രധാനമന്ത്രിയെ മാത്രമല്ലാതെ മൂന്നാംകിട മന്ത്രിയെ കണ്ടിട്ടു കാര്യമില്ല. ഇനിയും ഞാൻ പോകുന്നുണ്ട്. ഇനിയും കാണും, മെമ്മോറാണ്ടം കൊടുക്കുകയും ചെയ്യും. സ്റ്റേറ്റുമെന്റിൽ മാത്രം തീരുമെന്ന വിശ്വാസവും എനിക്കില്ല. മാണി വേണമെന്നില്ല, മാണിയുടെ പാർട്ടി ലോകസഭയിലാണ്. കോൺഗ്രസ്സും ഇടതുപക്ഷവും കൂടി ചേർന്നാൽ രാജ്യസഭയിൽ ഭൂരിപക്ഷമുണ്ട്. അതുകൊണ്ടാണ് ഞാൻ പറയുന്നത്.

ശ്രീ. ടി. എം. ജേക്കബ് : ഈ മൂന്നാം ക്ലാസ്സ് മന്ത്രിമാർ ആരെല്ലാമാണ് ?

ശ്രീ. ഇ. കെ. നായനാർ : പത്ത് എഴുപത്തി രണ്ട് മന്ത്രിമാരുണ്ട്. ഇരിക്കാൻ കസേരയില്ലാത്ത മന്ത്രിമാരില്ലേ ? ഇവിടെ ഇല്ല. യു.പി.യിൽ ഇല്ലേ ? അവിടെ 90 മന്ത്രിമാരുണ്ട്. നമ്മുടെ രാജ്യത്ത് ഇനിയും അവർ വിലവർദ്ധനവ് കൊണ്ടുവരാൻ ശ്രമിക്കുകയാണ്. 8332 കോടി രൂപ നമ്മുടെ തലയ്ക്കു ടാക്സ് ചുമത്തിയ ബഡ്ജറ്റാണ് 25-ാം തിയതി കൊണ്ടുവന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, നരസിംഹറാവു ഗവൺമെന്റിന്റെ കാലത്ത് വില കൂട്ടിയിട്ട് കുറയ്ക്കാൻ സാധിച്ചില്ലെന്ന് അങ്ങ് പറഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അരി, ഗോതമ്പ്, പാചകവാതകം ഇവയ്ക്ക് 1996-ൽ മാർക്സിസ്റ്റ് പാർട്ടിയുടെ കയ്യിൽ റിംഗ് മാസ്റ്ററായി ഭരിച്ചിരുന്ന ആ ഗവൺമെന്റ് കൂട്ടിയിട്ട് അങ്ങയുടെ ഗവൺമെന്റ് എന്തെങ്കിലും ചെയ്തോ?

ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തു സൂപ്പർഫൈൻ അരിയുടെ വില കുറച്ച് അരിവില ഏകീകരിക്കുകയാണ് ചെയ്തത്.

ശ്രീ. ഇ. കെ. നായനാർ : അതിന്റെ മറുപടി ഞാൻ പറയാം. ദേവഗൗഡ മന്ത്രിയായിരുന്നപ്പോൾ ദേവഗൗഡ മന്ത്രിസഭയെ പുറത്താക്കിയത് കോൺഗ്രസ്സ്. നിങ്ങൾ പുറത്താക്കിയില്ലേ ? ഇതുകൊണ്ടാണോ പുറത്താക്കിയത്. ദേവഗൗഡയെ തിവാരി പുറത്താക്കിയില്ലേ ? അതുപോലെ ഗുജറാളിനെ പുറത്താക്കിയില്ലേ, അതാരാ ? കോൺഗ്രസ്സ്. കോൺഗ്രസ്സല്ലാത്ത ഒരു ഗവൺമെന്റ് വന്നിട്ട് കോൺഗ്രസ്സ് പിന്തുണച്ച ഒരു സ്ഥിതിയാണുണ്ടായിരുന്നത്. സാമ്പത്തിക നയത്തെപ്പറ്റി മാർക്സിസ്റ്റ് പാർട്ടിക്കും ഇടതുപക്ഷത്തിനും ഈ ഭരണത്തിനും അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. കോൺഗ്രസ്സല്ലാത്ത ഒരു ഗവൺമെന്റിന്റെ കൂടെ

LIBRARY ARCHIVES Kerala Legislative Assembly

നിന്നുകൊണ്ട് ജനാധിപത്യത്തിനനുകൂലമായ വ്യവസ്ഥയുണ്ടാക്കാനാണ് ഞങ്ങൾ പിൻതുണ നൽകിയത്. അല്ലാതെ സാമ്പത്തിക നയം മുഴുവൻ മാറ്റാമെന്നല്ല. അത് announced ആണ്. പ്രഖ്യാപിച്ചാൽ നമ്മുടെ നയമാണ്. ഇവിടെ കോൺഗ്രസ്സല്ലാത്ത ഗവൺമെന്റ് വന്നല്ലോ ? വി. പി. സിംഗിന്റെ ഗവൺമെന്റ് വന്നല്ലോ, വി. പി. സിംഗിനെ ബി.ജെ.പി.യാണോ ഉണ്ടാക്കിയത്. വി. പി. സിംഗിന്റെ മന്ത്രിസഭയിൽ ഞങ്ങൾ മന്ത്രിയായിട്ടില്ല. ദേവഗൗഡ മന്ത്രിസഭയിൽ ഞങ്ങൾ മന്ത്രിയായിട്ടില്ല, ഗുജറാൾ മന്ത്രിസഭയിൽ ഞങ്ങൾ മന്ത്രിയായിട്ടില്ല. പുറത്തുനിന്ന് പിന്തുണച്ചു. പിന്തുണ നൽകി. എന്തിനുവേണ്ടി, ജനാധിപത്യത്തിനനുകൂലമായ ഒരു സ്ഥിതിയുണ്ടാക്കാൻ അപ്പോൾ എക്കണോമിക് പോളിസിയിൽ മാറ്റം വരുത്തിയിട്ടില്ല. ഞങ്ങളുള്ളതുകൊണ്ട് വിലക്കൂട്ടിയില്ല. ഇത് നിങ്ങൾക്ക് മനസ്സിലാകുകയില്ല. ഞങ്ങൾക്ക് മനസ്സിലാകുകയും ചെയ്യും. അതാണ് ഞങ്ങളും നിങ്ങളും തമ്മിലുള്ള അഭിപ്രായവ്യത്യാസം. ശ്രീ. എ. കെ. ആന്റണി ഇന്ന് ഇവിടെ പ്രസംഗിച്ചത് കോൺഗ്രസ്സിലെ വർക്കിംഗ് കമ്മിറ്റിയിൽ പാസ്സാകുമോ? ഞാൻ ചോദിക്കുകയാണ്. ഇവിടെ പ്രസംഗിച്ച ഏതെങ്കിലും ഒന്ന് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി പാസ്സാക്കുമോ ? പാസ്സാക്കുകയില്ല എന്നു എനിക്കറിയില്ലേ? ഇക്കണോമിക് പോളിസിയാണ്. ഇവിടെ പറഞ്ഞ പോളിസി ഒരു മിക്സഡ് എക്കോണമിയാണ്. നെഹ്റു എത്ര ഭംഗിയായിട്ടാണ് പറഞ്ഞത്. നെഹ്റുവിന്റെ മിക്സഡ് എക്കോണമി കേൾക്കാൻ സുഖമുണ്ട്. ഇല്ലേ? എന്താണ് പറഞ്ഞത് കുത്തകക്കാരുമായി ഞങ്ങൾ ചേരുന്നില്ല. അത് ഉദാരവൽക്കരണം. അതുപോലെ നാഷണലൈസേഷന് ഞങ്ങളില്ല. ഞങ്ങൾ രണ്ടുംകൂടി ചേർന്നതാണ് എന്നാണ്. ഇപ്പോൾ ബി.ജെ.പി. അധികാരത്തിൽ വന്നപ്പോൾ ഉരുക്കുകമ്പനി മുഴുവൻ പ്രൈവറ്റൈസേഷന് പോകുന്നു. അവിടെയാണ് ഇക്കണോമിക് പോളിസി, നിങ്ങളുടെ മർമ്മം. നിങ്ങൾക്കു ഇപ്പോൾ രാഷ്ട്രീയം കളിക്കാൻ കഴിയുകയില്ല. കാരണം ഇപ്പോൾ ഇന്ത്യയിൽ ഇന്ന് ആറ് സംസ്ഥാനമേ നിങ്ങളുടെ കൈയിലുള്ളൂ. ബാക്കി മറ്റവരും ഞങ്ങളും എല്ലാംകൂടി ചേർന്നതാണ്.

ശ്രീ. ടി. എം. ജേക്കബ് : നിങ്ങൾ എത്രയുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ഞങ്ങൾ മൂന്ന് ; അത്രയേയുള്ളൂ. നിങ്ങൾക്ക് ആറ് സ്റ്റേറ്റേയുള്ളൂ. നാല് കൊല്ലംകൊണ്ട് പോണ്ടിച്ചേരി പിടിക്കും പിടിക്കുമെന്ന് പറയുകയാണ്. നാല് കൊല്ലമായി പോണ്ടിച്ചേരി ഇല്ലാതായിട്ട്. അപ്പോൾ ഞാൻ ചോദിക്കുന്നു, ശ്രീ. എ. കെ. ആന്റണി പ്രസംഗിച്ച നല്ല പ്രസംഗം, ഉദാരവൽക്കരണത്തേയും നെഹ്റുവിന്റെ പോളിസിയെയും പറ്റി ശ്രീ. എ. കെ. ആന്റണി ഇവിടെ പ്രസംഗിച്ചത് എന്താണ്? നെഹ്റുവല്ലേ പബ്ലിക് സെക്ടർ കൊണ്ടുവന്നത് ? അതല്ലേ ഇപ്പോൾ പ്രൈവറ്റ് സെക്ടറാക്കാൻ പോകുന്നത്? ഇപ്പോൾ ബാങ്ക് ദേശസാൽക്കരിക്കലല്ലേ? അതിനല്ലേ നിങ്ങൾ പിന്തുണ നൽകിയത്? അത് പ്രൈവറ്റൈസേഷനല്ലേ? ഇത്തരത്തിലുള്ള നിങ്ങളുടെ സാമ്പത്തിക നയം പൊളിച്ചെഴുതാതെ നിങ്ങളുടെ പ്രസംഗത്തിന് ഒരു വിലയുമില്ല. നിങ്ങൾ പ്രസംഗിക്കുന്നത് ഞാൻ കേട്ടു. നിങ്ങളുടെ പഴയ എക്കണോമിക് പോളിസിയാണ് പുതിയ ബി.ജെ.പി. ഗവൺമെന്റിന്റെ പോളിസി. ഇതവസാനിപ്പിക്കാൻ കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി പ്രമേയം പാസ്സാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അല്ലാതെ ശ്രീ. എ. കെ. ആന്റണിയുടെ പ്രസംഗം കൊണ്ടൊന്നും കാര്യമില്ല. ശ്രീ. എ. കെ. ആന്റണി എഴുതിവച്ചതിലുണ്ടാകും. ഇല്ലായെന്ന് ഞാൻ പറയുന്നില്ല. പക്ഷെ എഴുതിവച്ചത് അംഗീകരിച്ചിട്ടുമില്ല. ശ്രീ. എ. കെ. ആന്റണിയുടേത് വർക്കിംഗ് കമ്മിറ്റി അംഗീകരിച്ചോ? ഇല്ല? തള്ളിയിട്ടുമില്ല, അംഗീകരിച്ചിട്ടുമില്ല. ശ്രീ. എ. കെ. ആന്റണി കൊടുത്ത റിപ്പോർട്ടൊക്കെ എനിക്കറിയാം. നിങ്ങൾ പറയുന്നതുപോലെയല്ല. ഇതിനെപ്പറ്റി എനിക്ക് വിവരമുണ്ട്. മനസ്സിലായോ? നിങ്ങൾ എക്കണോമിക് പോളിസിയിൽ മാറ്റം വരുത്തണം. മാറ്റിയാൽ ഗുണമുണ്ടാകും. മാറ്റം വരുത്താൻ കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി തീരുമാനിക്കണം. എതിരായിട്ട് തീരുമാനിക്കുന്ന ആൾ വർക്കിംഗ് കമ്മിറ്റിയിലുമുണ്ട്. അത് എനിക്കറിയാം. ആ ഒരു നിലപാടെടുത്താൽ നമുക്ക് രാജ്യസഭയിൽ മാറ്റം വരുത്താം. ഇത്തരത്തിലുള്ള നിയമങ്ങൾ ലോകസഭ മാത്രം പാസ്സാക്കിയാൽ പോരാ ; രാജ്യസഭയിലും വരണം. ഗുണമുണ്ടാകും. ഇന്നത്തേതിൽ ഗുണം കുറവാണ്. ശ്രീ. എ. കെ. ആന്റണിയുടെ പ്രസംഗം ഗുണകരമായ പ്രസംഗം. പക്ഷെ പ്രക്ഷോഭം നമുക്ക് യോജിച്ച് നടത്താം. അതിന് തയ്യാറാണെങ്കിൽ ഞാനും തയ്യാറാണ്. തീർച്ചയായും ഇത് പാസ്സാക്കാൻ പാടില്ല. കക്ഷിവ്യത്യാസം കൂടാതെ യോജിച്ചു വമ്പിച്ച സമരവും പ്രക്ഷോഭവും നടത്താൻ പോകാം. അതിന് ഞങ്ങൾ പ്രിപ്പയേർഡാണ്. നിങ്ങൾകൂടി പ്രിപ്പയേർഡായാൽ നമുക്ക് യോജിച്ച് സമരം നടത്താം. പ്രമേയം പാസ്സാക്കിയാൽ മാത്രം പോരായെന്ന് ശ്രീ. എ. കെ. ആന്റണി ഇപ്പോൾ ഇവിടെ പ്രസംഗിച്ചു. പ്രക്ഷോഭ പ്രവർത്തനങ്ങളുമായി മുന്നോട്ട് കൊണ്ടുപോകാം. മെമ്മോറാണ്ടം ഞാൻ കൊടുക്കാം. ഇതിലൊന്നും ഒരു കുഴപ്പവുമില്ല. കൊടുക്കാം. ആ തരത്തിലുള്ള ഒരു സമീപനം കൈക്കൊണ്ടുകൊണ്ട് നമുക്ക് അതിനെപ്പറ്റി ചർച്ച ചെയ്തു ഏതുതരത്തിൽ ഇത് മുമ്പോട്ട് കൊണ്ടുപോകണമെന്നതിനെപ്പറ്റി തീരുമാനമെടുക്കാം. അതുകൊണ്ട് അത് പാസ്സാക്കാം.

ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം

മണ്ണെണ്ണയുടെയും പാചകവാതകത്തിന്റെയും വില വർദ്ധനവ്

ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, "കേന്ദ്രസർക്കാർ മണ്ണെണ്ണയുടേയും പാചകവാതകത്തിന്റെയും വില കുത്തനെ കൂട്ടിയതിൽ ഈ സഭ ശക്തമായി പ്രതിഷേധിക്കുന്നു. വർദ്ധിപ്പിച്ച വില ഉടനടി പിൻവലിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെടുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ : പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly